# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഫെബ്രുവരി 2018 വാല്യം 46 ലക്കം 8 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# പെട്രോളിയം വില വർദ്ധന ജനങ്ങളോടുള്ള യുദ്ധപ്രഖ്യാപനം

**ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ നഗരങ്ങളിൽ പെട്രോളിന്റെ വില ലിറ്ററിന് 80 രൂപ കടന്നിരിക്കുന്നു. ഡീസൽ വിലയും പെട്രോൾ വിലയ്ക്ക് ഒപ്പത്തിനൊപ്പം എത്തിക്കാനുള്ള പരിശ്രമത്തിലാണ് സർക്കാർ. കേരളത്തിൽ ഒരു ലിറ്റർ പെട്രോളിന് വില 77 രൂപ പിന്നിട്ടു. 2017 ഡിസംബർ 1 ന് 67 രൂപയായിരുന്നതാണ് ജനുവരി അവസാനിക്കുമ്പോൾ 10 രൂപയോളം വർദ്ധിച്ച് 77ൽ എത്തിയിരിക്കുന്നത്. ദിനം പ്രതി അഞ്ചും പത്തും പൈസയുടെ നേരിയ വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നതുകൊണ്ട് വിലവർദ്ധനവ് ജനങ്ങളുടെ ശ്രദ്ധയിൽ പെടാതെയും പോകുന്നു.**



അന്തർദ്ദേശീയ മാർക്കറ്റിൽ ഒരു ബാരൽ ക്രൂഡ് ഓയിലിന് നടപ്പുവില 70 ഡോളറാണ്. ക്രൂഡ് ഓയിലിന് 147 ഡോളർവരെ വില ഉയർന്ന 2008ൽപ്പോലും ഇന്ത്യയിൽ പെട്രോളിന് 52 രൂപയേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് അതിന്റെ പകുതിവിലയേ ക്രൂഡ് ഓയിലിന് അന്തർദ്ദേശീയ മാർക്കറ്റിൽഉള്ളൂ. എന്നാൽ പെട്രോളിനും ഡീസലിനും മാത്രമല്ല പാചകവാതകമടക്കം പെട്രോളിയം ഉൽപ്പന്നങ്ങൾക്കെല്ലാം വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യ ആഗോളവൽക്കരണനയങ്ങളിലേയ്ക്ക് കടക്കുന്നതിന് മുൻപ് 1990ൽ പെട്രോൾ ലിറ്റർ ഒന്നിന് 10 രൂപയും ഡീസൽ ലിറ്റർ ഒന്നിന് 4 രൂപയും പാചകവാതക സിലിണ്ടറിന് 57 രൂപയും മണ്ണെണ്ണയ്ക്ക് ലിറ്റർ ഒന്നിന് 2.50 രൂപയുമായിരുന്നു. മണ്ണെണ്ണയെക്കുറിച്ച് നാം ഇപ്പോൾ കേൾക്കാറേയില്ല. നിത്യോപയോഗ സാധനങ്ങളുടെ പട്ടികയിൽനിന്ന് മണ്ണെണ്ണ ക്രമേണ ഒഴിവാക്കപ്പെട്ടു.

പെട്രോളിന് ലിറ്ററിന് 80 രൂപയും പിന്നിട്ട സമയത്താണ് കേന്ദ്രബജറ്റ് വന്നിരിക്കുന്നത്. ബജറ്റിലും പക്ഷേ ആശ്വാസത്തിന് വക യാതൊന്നുമില്ല. വിലയേക്കാളേറെ പെട്രോളിനും ഡീസലിനും നികുതി കൊടുക്കുന്ന സാഹചര്യത്തിലും ലിറ്ററിന് 8 രൂപ റോഡ് സെസ് ഏർപ്പെടുത്തിക്കൊണ്ട് വിലവർദ്ധനവിന് കളമൊരുക്കുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്. പെട്രോളിനും ഡീസലിനും രണ്ടുരൂപ എക്സൈസ് നികുതിയും ആറുരൂപയുടെ അധിക നികുതിയും ഒഴിവാക്കി പ്രഖ്യാപനമുണ്ടെങ്കിലും റോഡ് സെസ് 8 രൂപയാക്കിയതോടെ ഫലത്തിൽ വില കുറയുന്നില്ല.

പൊതുമേഖല എണ്ണ കമ്പനിയായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ 2017 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്നുമാസക്കാലയളവിൽ അറ്റാദായം മുൻവർഷത്തെ അപേക്ഷിച്ച് ഇരട്ടിയാക്കിയതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. കുറഞ്ഞ വിലയ്ക്ക് ക്രൂഡ് ഓയിൽ വാങ്ങി സംസ്കരിച്ച് കൂടിയ വിലയ്ക്ക് വിൽക്കാൻ കഴിഞ്ഞതാണ് നേട്ടത്തിന് കാരണം എന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ചെയർമാൻ തന്നെ സമ്മതിച്ചിരിക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സ്ഥിതി ഇതാണെങ്കിൽ ബാക്കി എണ്ണകമ്പനികൾ കൊയ്യുന്ന ലാഭം എത്ര വലുതായിരിക്കും.

റിലയൻസ് പെട്രോളിയം ലിമിറ്റഡ്, എസ്സാർ, ടാറ്റാ പെട്രോളിയം ലിമിറ്റഡ്, അദാനി വെൽസ്പൺ എക്സ്പ്ലോറേഷൻ ലിമിറ്റഡ് തുടങ്ങി മുൻനിരസ്വകാര്യ പെട്രോളിയം വിതരണ കമ്പനികൾ അവരുടെ അറ്റാദായം ദിനം പ്രതി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. റിലയൻസ് പെട്രോളിയം ലിമിറ്റഡ് 2016 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസക്കാലയളവിൽ അറ്റാദായത്തിൽ 39 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. അന്തർദ്ദേശീയ വിപണിയിലെ ക്രൂഡ് ഓയിലിന്റെ വിലയിടിവ് ആണ് കാരണം. (ദി ഹിന്ദു, 2016 സെപ്റ്റംബർ 23) 2016ൽ ക്രൂഡ് ഓയിലിന് വിലയിടഞ്ഞ് 30 ഡോളർ വരെ എത്തിയിരുന്നു.

**നയങ്ങൾ കുത്തകകളുടെ താൽപ്പര്യംമാത്രം മുൻനിർത്തിയുള്ളത്**

ഇന്ത്യയിലെ ശതകോടീശ്വരന്മാർ അതിരറ്റ ആഹ്ലാദത്തിലാണ്. അവർക്കുവേണ്ടി മാത്രം ഭരിക്കുന്ന സർക്കാരുകൾ ജനങ്ങളെ നാനാപ്രകാരത്തിൽ പിഴിഞ്ഞൂറ്റി തങ്ങളുടെ സമ്പത്ത് വർദ്ധിപ്പിച്ചുകൊടുക്കുന്നു എന്നതാണ് ആഹ്ലാദത്തിന് കാരണം. ഇത് ശരിവയ്ക്കുന്ന രണ്ട് പ്രധാന സർവ്വേ റിപ്പോർട്ടുകൾ ഏതാനും നാളുകൾക്കുള്ളിൽ പുറത്തുവന്നു.

ഒന്ന് ലോകസാമ്പത്തിക ഫോറം സർവ്വേയാണ്. ചൈനയ്ക്കും പാകിസ്ഥാനും പിന്നിലായി 62–ാം സ്ഥാനത്താണ് വളർച്ചാ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം എന്ന് സർവ്വേ ചൂണ്ടിക്കാണിക്കുന്നു. 103 രാജ്യങ്ങൾ ഉൾപ്പെട്ട പട്ടികയിൽ ചൈന 23–ാം സ്ഥാനത്തും പാകിസ്ഥാൻ 47–ാം സ്ഥാനത്തുമാണ്. ജീവിത നിലവാരം, ഭക്ഷ്യ സുരക്ഷ, ഭാവിയിൽ കടം വർദ്ധിക്കാനുള്ള സാദ്ധ്യത എന്നിവയെ ആധാരമാക്കിയാണ് രാജ്യങ്ങൾക്ക് റാങ്ക് നിശ്ചയിക്കുന്നത്. സാമ്പത്തികമായി വികസിച്ചുകൊണ്ടിരിക്കുന്ന 70 രാജ്യങ്ങളിൽ കഴിഞ്ഞ വർഷം 60–ാം സ്ഥാനത്തായിരുന്നു ഇന്ത്യ. പാകിസ്ഥാൻ 52–ാംസ്ഥാനത്തും. ലോകത്ത് ദിനംപ്രതി രണ്ട്

*(ശേഷം 10–ാം പേജിൽ)*

# കെഎസ്ആർടിസി പെൻഷൻ സമരം കേരളം ഏറ്റെടുക്കേണ്ട ധാർമ്മിക പോരാട്ടം

**കേരളത്തിൽ 42,000 പേർ പണിയെടുക്കുന്ന ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെഎസ്ആർടിസിയിലെ 38,000 വിരമിച്ച തൊഴിലാളികൾ ഡിപ്പോകൾക്കുമുന്നിലും തെരുവിലുമായി സമരം ചെയ്യാൻ തുടങ്ങിയിട്ട് 3 മാസം കഴിഞ്ഞു. 5 മാസത്തിലേറെയായി മുടങ്ങിക്കിടക്കുന്ന പെൻഷൻ കുടിശ്ശിക സഹിതം വിതരണം ചെയ്യണമെന്നതാണ് അവരുടെ ആവശ്യം. ജീവിതത്തിന്റെ ആരോഗ്യപൂർണ്ണമായ കാലം മുഴുവൻ സ്ഥാപനത്തിനും സമൂഹത്തിനും വേണ്ടി അദ്ധ്വാനിച്ച ഈ വയോധികരിൽ വലിയൊരു വിഭാഗം, പലവിധ രോഗങ്ങളാൽ കഷ്ടതയനുഭവിക്കുന്നവരാണ്. മരുന്നിനും ഭക്ഷണത്തിനും വാടകയ്ക്കും വകയില്ലാതെ വലയുന്ന ഈ വൃദ്ധജനങ്ങളുടെ ദൃശ്യം ആരുടെയും കരളലിയിപ്പിക്കുന്നതാണ്.**

ദിവസവും ആറ്റിങ്ങൽനിന്നും മെഡിക്കൽകോളേജിലെത്തി ക്യൂവിൽനിന്ന് സൗജന്യ ഭക്ഷണപ്പൊതി വാങ്ങി വീട്ടിലെത്തി രോഗിയായ ഭാര്യയോടൊപ്പം കഴിച്ച് വിശപ്പടക്കുന്ന ഒരു കെ.എസ്.ആർ.ടി.സി പെൻഷൻ തൊഴിലാളിയുടെ അവസ്ഥ ആരെയാണ് ഉലയ്ക്കാത്തത്? പെൻഷനെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന 38000 വയോധികരും അവരുടെ ആശ്രിതരും കേരള മനസ്സാക്ഷിക്കു മുമ്പിൽ അനേകം ചോദ്യങ്ങളുയർത്തുന്നുണ്ട്. പെൻഷൻ ലഭിക്കാത്തതുമൂലം ഇപ്പോഴത്തെ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്തുതന്നെ 10 പേർ ആത്മഹത്യ ചെയ്തു കഴിഞ്ഞു.

സമൂഹത്തിൽ ആദരിക്കപ്പെടേണ്ട ഈ മുതിർന്ന പൗരന്മാർ ഭക്ഷണത്തിനും മരുന്നിനും വേണ്ടി വലയുന്ന സാഹചര്യമൊഴിവാക്കുകയെന്ന മാനുഷിക പരിഗണനയെങ്കിലും സർക്കാർ കാണിക്കുന്നില്ല. ഏവരും പ്രതീക്ഷിച്ച സംസ്ഥാന ബജറ്റിൽപോലും അവരെ ക്രൂരമായി അവഗണിച്ചിരിക്കുന്നു. പെൻഷൻ ഉ

*(ശേഷം 2–ാം പേജിൽ)*



**എസ്‌യുസിഐ(സി) തിരുവനന്തപുരം ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ കെഎസ്ആർടിസി പെൻഷകാരുടെ സമരത്തിന് അഭിവാദ്യം അർപ്പിച്ചുകൊണ്ട് സെക്രട്ടേറിയറ്റിനു മുൻപിൽ പ്രസംഗിക്കുന്നു**


പേജ് 4 നിക്ഷേപങ്ങൾ കവർന്നെടുക്കുന്ന എഫ്ആർഡിഐ ബിൽ

പേജ് 7 സിപിഐ(എം)ന്റെ ശാസ്ത്രവിരുദ്ധ നിലപാടുകൾ

പേജ് 8 ജിഎസ്ടിക്കെതിരെ പ്രതിഷേധ വാരാചരണം

പേജ് 10 ജനതാല്പര്യം പരിഗണിക്കാത്ത സംസ്ഥാന ബജറ്റ്

പേജ് 11 എഫ്ഡിഐ: അഖിലേന്ത്യ പ്രതിഷേധ ദിനം

പേജ് 12 ജറുസലേം: പലസ്തീനെതിരെ അമേരിക്ക

പേജ് 14 ജനകീയപ്രശ്നങ്ങൾ പരിഗണിക്കാത്ത കേന്ദ്രബജറ്റ്

# കെടിഡിഎഫ്സിയുടെ കൊള്ളപ്പലിശ കെഎസ്ആർടിസിയെ കടക്കെണിയിലാക്കി

(1-ാം പേജിൽ നിന്ന്)

ത്തരവാദിത്തം സർക്കാരിന് ഏറ്റെടുക്കാൻ കഴിയില്ലെന്ന ഉറച്ച പ്രഖ്യാപനമാണ് സർക്കാർ നടത്തിയത്. സഹകരണ ബാങ്കുകളുമായുള്ള ഉടമ്പടി ശരിയായാൽ മാർച്ച്മാസത്തിൽ പെൻഷൻ കുടിശ്ശിക നൽകാമെന്ന ബജറ്റ് പ്രഖ്യാപനം അങ്ങേയറ്റം മനുഷ്യത്വരഹിതമാണ്.

തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നത് അനുകരണീയമല്ലാത്ത ഒരു ബാദ്ധ്യതയായിട്ടാണ് സർക്കാർ കാണുന്നത്. ആഗോളവൽക്കരണനയങ്ങൾ പിന്തുടരുന്ന എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ പെൻഷൻ എടുത്തുകളയുന്നതിനെപ്പറ്റിയാണ് ചിന്തിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ, കെഎസ്ആർടിസി യുടെ പ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ, പെൻഷൻ മുടക്കം കൂടാതെ മുഴുവൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കരുത്; ഒരു നിശ്ചിത തുക തരാൻ മാത്രമേ കഴിയൂ എന്നാണ് പറഞ്ഞത്. ഇതിനെ ഈ പുതിയ നയത്തിന്റെ ഭാഗമായിട്ടേ കാണാൻ കഴിയൂ. മുഖ്യമന്ത്രിയുടെ വിദഗ്ദ്ധോപദേശകയായി നിയമിക്കപ്പെട്ട ഒരാൾ ഈയിടെ തിരുവനന്തപുരം സന്ദർശിച്ച്, സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്കു കാരണം പെൻഷനും ശമ്പളവുമാണെന്ന് ഉപദേശം നൽകിയതായിട്ടാണ് റിപ്പോർട്ട്! ആയുസ്സ് ദൈർഘ്യം വർധിക്കുന്നത് ഒരു ആപത്തായിട്ടാണ് ഇവർ കാണുന്നത്. ഈ സംസ്കാരം ക്രിമിനൽ മുതലാളിത്തത്തിന്റേതാണ്.

എന്നാൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെൻഷൻ മുടങ്ങിയപ്പോൾ ഈ നേതാക്കളെല്ലാം പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടവരാണ്. 2014 ആഗസ്റ്റ് 28,29 തീയ്യതികളിൽ കെഎസ്ആർടിസി യിലെ ഇടതു യൂണിയനുകളും ബിഎംഎസ്സും ചേർന്ന് പണിമുടക്ക് പ്രഖ്യാപിച്ചിരുന്നു. അതിനോടനുബന്ധിച്ച്, കെഎസ്ആർടിഇഎ വർക്കിംഗ് പ്രസിഡണ്ട് കെ.കെ.ദിവാകരൻ എഴുതി, കെഎസ്ആർടിസിക്കാരുടെ പെൻഷൻ കാര്യത്തിൽ സർക്കാർ സാമ്പത്തിക സഹായം നൽകിയാൽ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളും ഈ ആവശ്യം ഉന്നയിക്കുമെന്നാണ് സർക്കാർ വാദം. ഇത് ശുദ്ധ അസംബന്ധമാണ്. സർക്കാരിന്റെ സഹായത്തോടുകൂടിയുള്ള പെൻഷൻ ഫണ്ടല്ലാതെ ഇന്നത്തെ സാഹചര്യത്തിൽ ഒരു മറുമരുന്ന് ആർക്കും നിർദ്ദേശിക്കാൻ കഴിയില്ല.

2016 ജൂൺ 26ന് മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയ ഉറപ്പ് ഓർമ്മിക്കുമ്പോഴാണ് ഇവരുടെ ആത്മാർത്ഥതയില്ലായ്മയും ഇരട്ടത്താപ്പും വ്യക്തമാകുന്നത്. "ജീവനക്കാരുടെ പെൻഷൻ ആരുടെയും ഔദാര്യമല്ല; സർവ്വീസ്സ് കാലത്ത് ഒഴുക്കിയ വിയർപ്പിന്റെ വിലയാണ്. ഈ സർക്കാരിന്റെ കാലത്ത് പെൻഷനു വേണ്ടി സമരം ചെയ്യേണ്ടി വരില്ല. പെൻഷൻ മുടങ്ങില്ല". ഈ വാക്കു പാലിക്കാൻ ഇടതുപക്ഷ മുഖ്യമന്ത്രി തയ്യാറാവണമെന്നാണ് പെൻഷൻകാരുടെ ആവശ്യം. ഇത് ധിക്കാരപൂർവ്വം നിരാകരിക്കപ്പെട്ടിരിക്കുന്നു. പിണറായി സർക്കാർ അതിന്റെ ധനവകുപ്പ് അഡീഷണൽ സെക്രട്ടറി വഴി, കെഎസ്ആർടിസി പെൻഷൻ ബാദ്ധ്യത സർക്കാരിന് ഏറ്റെടുക്കാനാവില്ല എന്ന സത്യവാങ്മൂലമാണ് കോടതയിൽ നൽകിയത്.

മുൻ സർക്കാരുകളെപ്പോലെ പിണറായി സർക്കാരും, പെൻഷൻകാരെയും ജീവനക്കാരെയും പ്രതിരോധിക്കുന്നത് നഷ്ടത്തിന്റെ കണക്കു പറഞ്ഞാണ്. പലതരത്തിലുള്ള കണക്കുകൾ പുറത്തു വരുന്നുണ്ട്. 25.1.2018ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് ഇപ്രകാരമാണ്: പ്രതിമാസ വരുമാനം 170 കോടി രൂപയും, പ്രതിമാസ ചെലവ് 353 കോടി രൂപയും, അന്തരം 183 കോടിയുമാണ്. ചെലവുകൾ ഇനം തിരിച്ചാൽ, ഡീസൽ, ലൂബ്രിക്കന്റ് (94 കോടി), ശമ്പളം (86 കോടി), പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും (66 കോടി), വായ്പാ തിരിച്ചടവ് (87 കോടി), സ്പെയർ പാർട്സ് (10 കോടി) എന്നിങ്ങനെയാണ്. പ്രതിദിനം 6.1 കോടി രൂപ നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്ന സ്ഥാപനത്തെ എങ്ങനെ രക്ഷിക്കാൻ കഴിയുമെന്ന ചോദ്യമാണ് സർക്കാർ പെൻഷൻകാർക്കും തൊഴിലാളികൾക്കും മുമ്പാകെ വെക്കുന്നത്.

റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻസ് ആക്ട് –1950 പ്രകാരം 1965 ഏപ്രിൽ ഒന്നിനാണ് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ നിലവിൽ വന്നത്. അതിനു മുമ്പ് 27 വർഷം ട്രാവൻകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് എന്ന പേരിൽ സർക്കാർ ഡിപ്പാർട്ട്മെന്റായിട്ടാണ് അത് പ്രവർത്തിച്ചിരുന്നത്. ജനങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ സുരക്ഷിത യാത്ര പ്രദാനം ചെയ്യുക എന്നതാണ് കെഎസ്ആർടിസിയുടെ ചുമതല.

മോട്ടോർ വാഹന ചട്ടപ്രകാരം സംസ്ഥാനത്ത് ദീർഘദൂര സർവ്വീസ് നടത്താൻ കഴിയുന്ന ഏക ബസ്സ് ഓപ്പറേറ്റർ കെഎസ്ആർടിസിയാണ്. ഏത് റൂട്ടിലും സർവ്വീസ് തുടങ്ങാനും, ദേശസാൽകൃത റൂട്ടുകളിൽ സൂപ്പർക്ലാസ്സ് സർവ്വീസ്സ് നടത്താനും, സമയക്രമം നിശ്ചയിക്കാനുമുള്ള അധികാരം കെഎസ്ആർടിസിക്കുണ്ട്. എന്നാൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ അധികാരങ്ങളെല്ലാം അട്ടിമറിക്കപ്പെടുകയുണ്ടായി. സ്വകാര്യ ഓർഡിനറി ബസ്സുകളുടെ ദൂരപരിധി 140 കി.മീ. എന്നത് എടുത്തുകളഞ്ഞു. നിയമപരമായി ചിലകാര്യങ്ങൾ പുന:സ്ഥാപിക്കപ്പെട്ടെങ്കിലും പുതിയ സർക്കാർ അതു പൂർത്തിയാക്കിയില്ല. ഇപ്പോഴും സ്വകാര്യ സർവ്വീസ്സുകാർ പല റൂട്ടുകളും കയ്യടക്കിയിരിക്കുകയാണ്. ഈ വകയിലുണ്ടാകുന്ന നഷ്ടത്തിനുത്തരവാദി തൊഴിലാളികളാണോ?

ആർ.ടി.സി നിയമപ്രകാരം 2:1 എന്ന കണക്കിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ മൂലധന വിഹിതം നൽകണം. എന്നാൽ, 1991 മുതൽ യാതൊന്നും ലഭിക്കുന്നില്ല. 2008 മുതൽ കെഎസ്ആർടിസി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കാൻ തുടങ്ങി. നിലവിലുള്ള പൊതുഗതാഗത ശൃംഖല വിപുലപ്പെടുത്തുവാൻ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട സ്ഥാപനമായ കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ(കെടിഡിഎഫ്സി) നിന്നും കടമെടുക്കാൻ തുടങ്ങിയതോടെ കെഎസ്ആർടിസി കടക്കെണിയിൽ കുരുങ്ങുകയായിരുന്നു. സർക്കാർ സഹായം നേരിട്ട് നൽകുന്നത് ഒഴിവാക്കാനായി രൂപം കൊണ്ട ഈ സ്ഥാപനം, 16.5 % വരെയാണ് കെഎസ്ആർടിസിയിൽനിന്നും പലിശ ഈടാക്കിക്കൊണ്ടിരുന്നത്. ദിവസവും 24 പ്രധാന ഡിപ്പോകളിലെ വരുമാനമത്രയും ഇവരുടെ അക്കൗണ്ടുകളിലേക്കാണ് പോയ്ക്കൊണ്ടിരുന്നത്. 5 വർഷം കാലാവധിയുള്ള വായ്പയ്ക്ക് തിരിച്ചടവ് അനുസരിച്ച് പലിശനിരക്ക് കുറയുകയുമില്ല. ഇപ്പോഴും 885 കോടി രൂപ തിരിച്ചടക്കാനുണ്ടെന്ന് കെടിഡിഎഫ്സിയും മുഴുവൻ അടച്ചു തീർത്തെന്ന് കെഎസ്ആർടിസിയും തർക്കിച്ചുകൊണ്ടിരിക്കുകയാണ്. കെഎസ്ആർടിസി മാനേജ്മെന്റിന്റെ കാര്യക്ഷമത ഇതിൽനിന്നുതന്നെ വ്യക്തമാണ്. തിരുവനന്തപുരം, കോഴിക്കോട്, അങ്കമാലി, തിരുവല്ല എന്നീ സ്ഥലങ്ങളിലെ കെഎസ്ആർടിസി ബസ്സ് സ്റ്റാന്റുകൾ പൊളിച്ച് ബി.ഒ.ടി. അടിസ്ഥാനത്തിൽ കെടിഡിഎഫ്സി പണിത വാണിജ്യ സമുച്ചയങ്ങളും കെഎസ്ആർടിസിക്ക് ബാധ്യതയായി മാറുകയാണ്. ഇത് എത്ര കാലം കഴിഞ്ഞ് കൈമാറുമെന്ന കാര്യത്തിൽപോലും ഒരു ധാരണയുമുണ്ടാക്കിയിട്ടില്ല. കെഎസ്ആർടിസിയുടെ ബോർഡ് ഓഫ് ഡയറക്ടർമാരിൽ ഒരാൾ കെടിഡിഎഫ്സിയുടെ എംഡിയാണെന്നതും ഓർക്കണം. കെടിഡിഎഫ്സിയുടെ കൊള്ളപ്പലിശയ്ക്ക് ഇരയാക്കി കെഎസ്ആർടിസിയെ കടക്കെണിയിൽ കുരുക്കിയതിന് തൊഴിലാളികൾ കുറ്റക്കാരാണോ?



കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് എസ്.സീതിലാൽ ചങ്ങനാശ്ശേരി ഡിപ്പോയിൽ പെൻഷൻകാരുടെ സമരത്തിന് അഭിവാദ്യം അർപ്പിക്കുന്നു

ഡീസലിന് ജല അതോറിറ്റിക്കും വൈദ്യുതി ബോർഡിനും 5% നികുതി ഏർപ്പെടുത്തുമ്പോൾ, കെഎസ്ആർടിസിക്ക് 24.5% നികുതിയാണ് ചുമത്തുന്നത്. ഈയിനത്തിൽ പ്രതിദിനം അധികമായി പിടിച്ചുവാങ്ങുന്ന 60 ലക്ഷം രൂപ സർക്കാർ ന്യായമായും ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിലും തൊഴിലാളികൾക്ക് ഒന്നും ചെയ്യാനില്ല.

പുതിയ കണക്കനുസരിച്ച് പ്രതിദിനം, ശരാശരി 5784 സർവ്വീസ്സുകളിലായി 14,22,546 കി.മീ. സഞ്ചരിച്ച് 31.14 ലക്ഷം യാത്രക്കാരെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നവരാണ് 42,000 വരുന്ന കെഎസ്ആർടിസി തൊഴിലാളികൾ. പൊതു ഗതാഗത സേവനത്തിൽ കെഎസ്ആർടിസിയുടെ സാന്നിദ്ധ്യം ഇപ്പോഴും 30 ശതമാനത്തിൽ താഴെയാണ്. എന്നാൽ, വൻ ലാഭമുണ്ടാക്കാൻ കഴിയില്ലെന്ന് കണ്ട് സ്വകാര്യ ബസ്സ് സർവ്വീസ്സുകാർ തിരിഞ്ഞുനോക്കാത്ത മലമ്പാതകളിലും ഉൾപ്രദേശങ്ങളിലും ജനങ്ങൾക്കാശ്രയം കെഎസ്ആർടിസിയാണ്. രാത്രി വൈകിയും പുലർകാലത്തും യാത്ര സാദ്ധ്യമാക്കുന്നതും കെഎസ്ആർടിസിയാണ്.

കായികമായി വെല്ലുവിളി നേരിടുന്നവർ, കാൻസർ രോഗികൾ, സ്വാതന്ത്ര്യസമര സേനാനികൾ, പത്രപ്രവർത്തകർ തുടങ്ങിയവർക്കെല്ലാം സൗജന്യയാത്ര കെഎസ്ആർടിസി അനുവദിക്കുന്നുണ്ട്. മൊത്തം ഷെഡ്യൂളുകളുടെ 27% ആണ് ഫാസ്റ്റ് പാസഞ്ചറിന് മുകളിലുള്ള കാറ്റഗറിയിൽ വരുന്ന സർവ്വീസ്സുകൾ. സാധാരണക്കാർക്ക് സഹായകരമാകുന്ന ഓർഡിനറി സർവ്വീസ്സുകളാണ് ബാക്കിയത്രയും. ചാർജ് കൂട്ടുവാൻ സ്വകാര്യ ബസ്സ് മുതലാളിമാർ നടത്തുന്ന സർവ്വീസ്സ്മുടക്കെന്ന ഭീഷണിയെ നേരിടാൻ ജനങ്ങൾക്കുള്ള കരുതൽ കെഎസ്ആർടിസിയാണ്. പൊതുഗതാഗത മേഖലയിൽ കെഎസ്ആർടിസി വഹിക്കുന്ന പങ്ക് ഒട്ടും ചെറുതല്ലെന്ന് ഓർക്കണം. 2012ൽ കേരള ഹൈക്കോടതി, സാമൂഹ്യബാധ്യതകൾ ഏറ്റെടുത്തതിന്റെ പേരിൽ 1688 കോടി രൂപ കെഎസ്ആർടിസിയ്ക്ക് നൽകണമെന്ന് വ്യക്തമായ കണക്കുകളുടെ അടിസ്ഥാനത്തിൽ വിധിക്കുകയുണ്ടായി.

നഷ്ടത്തിന്റെ പെരുപ്പിച്ച കണക്കുകാട്ടി പെൻഷകാരുടെ പെൻഷനിലും തൊഴിലാളികളുടെ ശമ്പളത്തിലും മറ്റ് ആനുകൂല്യങ്ങളിലും കൈ വെക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തൊഴിലാളികൾ എല്ലുമുറിയെ പണിയെടുത്ത് ദിനംപ്രതി ഉണ്ടാക്കുന്ന 6.5 കോടി രൂപയുടെ പകുതിയും വായ്പാതിരിച്ചടവിലേക്കാണ് പോകുന്നത്. മൊത്തം ഡിപ്പോകളിൽ പകുതിയും ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കു പണയപ്പെടുത്തിയും, ഭൂമി പതിച്ചുകൊടുത്തും എല്ലാമുള്ള മാനേജ്മെന്റ് നടപടികളാണ് സ്ഥാപനത്തെ പ്രതിസന്ധിയിലാക്കുന്നത്.

ഒരു സ്ഥാപനത്തിന്റെ നടത്തിപ്പും ഭരണപരമായ കാര്യങ്ങൾ തീരുമാനിക്കുന്നതും മാനേജ്മെന്റാണ്; തൊഴിലുടമയാണ്. തൊഴിലാളികൾക്ക് ഇക്കാര്യത്തിൽ ഒരു പങ്കുമില്ല. കെഎസ്ആർടിസിയുടെ കാര്യവും ഇതിൽനിന്ന് വ്യത്യസ്തമല്ല. എംഡിയും ബോർഡ് ഓഫ് ഡയറക്ടർമാരുമടങ്ങുന്ന കീ പീപ്പിൾ ആണ് കെഎസ്ആർടിസിയുടെ മാനേജ്മെന്റായി അറിയപ്പെടുന്നത്. 16 പേരുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ 8 പേർ ഒഫീഷ്യൽ ഡയറക്ടേഴ്സും, 8 പേർ നോൺ ഒഫീഷ്യൽ ഡയറക്ടേഴ്സും ആണ്. അവസാനത്തെ 8 പേർ അധികാരത്തിലിരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളാണ്. ഫലത്തിൽ, അധികാരത്തിലുള്ള രാഷ്ട്രീയകക്ഷിയുടെ ഇഷ്ടാനിഷ്ടങ്ങൾ മാത്രമാണ് നടപ്പാകുന്നത്. കെഎസ്ആർടിസിയെ സംബന്ധിച്ചിടത്തോളം, ഭരണകക്ഷികളുടെ ട്രേഡ് യൂണിയൻ ഭരണമാണ് സ്ഥാപനത്തിൽ നടമാടുന്നത്. ദീർഘ കാലമായി ട്രേഡ് യൂണിയൻ നേതൃത്വത്തിന്റെ ഭാഗമായാണ് കെഎസ്ആർടിസി മാനേജ്മെന്റ് പ്രവർത്തിക്കുന്നത്.

എംഡിയുടെ നിയമനം മുതൽ ജീവനക്കാരുടെ സ്ഥലംമാറ്റത്തിലും ശിക്ഷാനടപടികളിലുംവരെ തീരുമാനം വരുന്നത് ഈ യൂണിയൻ നേതൃത്വത്തിലൂടെയാണ്. ഷാസി/ബസ്സ് വാങ്ങൽ മുതൽ ടിക്കറ്റ് നിർമ്മാണം വരെ ഇവരിലൂടെയേ തീരുമാനമാകൂ. പർച്ചേയ്സിൽ നടക്കുന്ന അഴിമതിയും കമ്മീഷനും ഓഫറുകളും എല്ലാം ചട്ടപ്പടി കാര്യങ്ങളായി മാറിയിരിക്കുന്നു. ഇതിൽ സമവായമുള്ളതിനാൽ ഒരാക്ഷേപം പോലും ഉയരുകയുമില്ല. രാഷ്ട്രീയ നേതൃത്വത്തിന്റെ ഇച്ഛാനുസരണം നിയമിക്കപ്പെടുന്ന എംഡി, സ്ഥാപനത്തെപ്പറ്റി ഒന്ന് പഠിച്ചുവരുമ്പോഴേക്കും നേതൃത്വത്തിന്റെ അപ്രീതിക്ക് ഇരയാകുകയും സ്ഥാനത്തുനിന്നും ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. ഇതൊരു തുടർക്കഥയാണ്. അതിനാൽ, കൊട്ടിഘോഷിക്കുന്ന നഷ്ടത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം കാലാകാലങ്ങളായി നിക്ഷിപ്തതാൽപ്പര്യം മുൻനിർത്തി ഭരണം നടത്തിവരുന്ന രാഷ്ട്രീയ നേതൃത്വത്തിനാണ്.

യഥാർത്ഥത്തിൽ, കെഎസ്ആർടിസി ജീവനക്കാർ കേരളത്തിലെ മറ്റേത് പൊതുമേഖലാ സ്ഥാപനവുമായി തട്ടിച്ചുനോക്കിയാലും, വളരെ കുറഞ്ഞ വേതനത്തിന് വളരെ ക്ലേശകരമായ തൊഴിൽസാഹചര്യത്തിൽ പണിയെടുക്കുന്നവരാണ്. ഓപ്പറേറ്റിംഗ് വിഭാഗത്തിലും മെക്കാനിക്കൽ വിഭാഗത്തിലും പണിയെടുക്കുന്ന തൊഴിലാളികളുടെ അദ്ധ്വാനഭാരം കടുത്തതും തൊഴിൽസാഹചര്യം അപായകരവുമാണ്.

പൊതുഗതാഗത സേവനരംഗത്ത് പൊതുതാൽപര്യം സംരക്ഷിച്ചുകൊണ്ട് പ്രവർത്തിക്കുന്ന കെഎസ്ആർടിസി പോലൊരു സ്ഥാപനത്തെ ലാഭ-നഷ്ടങ്ങളുടെ പരിഗണനയിൽ കാണാൻ ഒരു ജനാധിപത്യ സർക്കാരിനു കഴിയുമോ? സംസ്ഥാന സർക്കാരിന്റെ പുതിയ ബജറ്റിൽ പറയുന്നത്, പുനഃസംഘാടനത്തിന്റെ ഭാഗമായി 3 ലാഭകേന്ദ്രങ്ങളാക്കി കെഎസ്ആർടിസിയെ വിഭജിക്കുമെന്നാണ്. കേന്ദ്ര വൈദ്യുതി നിയമത്തിന്റെ ഭാഗമായി കെഎസ്

(ശേഷം 3-ാം പേജിൽ)




എഐഎംഎസ്എസിന്റെ ആഭിമുഖ്യത്തിൽ വിലക്കയറ്റത്തിനെതിരെ നടന്ന രാജ്ഭവൻ മാർച്ചിൽ നിന്ന്

### എഐഎംഎസ്എസ് ആഭിമുഖ്യത്തിൽ

# വനിതകളുടെ രാജ്ഭവൻ മാർച്ച്

**വി**ലക്കയറ്റം തടയുക, പാചകവാതക സബ്സിഡി നിർത്തലാക്കാനുള്ള നീക്കം ഉപേക്ഷിക്കുക, റേഷൻ ഏവർക്കും ലഭ്യമാക്കുക, അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് പൊതുവിതരണ കേന്ദ്രം വഴി വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ രാജ്ഭവൻ മാർച്ച് നടത്തി.

എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ മാർച്ച് ഉദ്ഘാടനം ചെയ്തു. ഒന്നിനുപുറകേ ഒന്നായി കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കുന്ന സാമ്പത്തിക നയങ്ങൾ സാധാരണ ജനങ്ങളെ ഒടുങ്ങാത്ത ദുരിതത്തിലേയ്ക്ക് തള്ളിവിടുകയാണ് എന്ന് ഷൈല കെ. ജോൺ അഭിപ്രായപ്പെട്ടു. നോട്ടു നിരോധനം സൃഷ്ടിച്ച പ്രതിസന്ധികളിൽനിന്നും കരകയറാൻ ജനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ജിഎസ്ടി നടപ്പിലാക്കിയതോടെ ജീവൻ രക്ഷാ മരുന്നുകളടക്കം എല്ലാ അവശ്യസാധനങ്ങളുടെയും സേവനങ്ങളുടെയും വിലതാങ്ങാനാവാത്തവിധം വർദ്ധിച്ചുകഴിഞ്ഞു. പാചകവാതകത്തിനു നൽകുന്ന സബ്സിഡി നിർത്തലാക്കാൻ കേന്ദ്രസർക്കാർ നടത്തുന്ന നീക്കം വലിയൊരു വിഭാഗത്തിന്റെ അടുക്കളകളിൽ തീപുകയാത്ത നാളുകൾ സൃഷ്ടിക്കും. അങ്ങേയറ്റം ജനവിരുദ്ധമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന കാർഡ് വിഭജനത്തിലൂടെ റേഷൻ മാത്രമല്ല സൗജന്യ ചികിൽസയും മറ്റു സാമൂഹ്യ ക്ഷേമ പദ്ധതികളുമെല്ലാം അർഹരായവർക്ക് നിഷേധിക്കുന്ന കൊടുംക്രൂരതയാണ് ഇന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെയ്യുന്നത്. നിരവധി സ്ഥലങ്ങളിൽ തെരുവിൽ നടന്ന ഒപ്പുശേഖരണത്തിൽ വമ്പിച്ച ജനപങ്കാളിത്തമാണ് അനുഭവപ്പെട്ടത്. എന്തെങ്കിലും സ്ഥിരവരുമാനമുള്ള ആളുകൾക്കുപോലും ജീവിതം കഠിനതരമാകുന്നു എന്നതാണ് സംസ്ഥാനവ്യാപകമായി നടന്ന പ്രചാരണപ്രവർത്തനങ്ങളിലൂടെ അനുഭവപ്പെട്ടത്. ഇതിനെതിരെ ശക്തമായ പ്രക്ഷോഭം കെട്ടിപ്പടുക്കുകയല്ലാതെ മറ്റ് പോംവഴിയില്ല. സംസ്ഥാനവ്യാപകമായി ജില്ലാതലങ്ങളിലും പ്രാദേശിക തലങ്ങളിലും സമരപരിപാടികൾ തുടരുമെന്നും ഷൈല കെ.ജോൺ വ്യക്തമാക്കി.

എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് മിനി കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. അഡ്വ.എം.എ.ബിന്ദു, എസ്.രാധാമണി എന്നിവർ പ്രസംഗിച്ചു. എസ്.മിനി, എ.സബൂറ, കെ.ജെ.ഷീല, കെ.കെ. ശോഭ, കെ.എം.ബീവി, എം.കെ.ഉഷ, സൗഭാഗ്യലക്ഷ്മി തുടങ്ങിയവർ നേതൃത്വം നൽകി.

രാജ് ഭവൻ മാർച്ചിന് മുന്നോടിയായി സംസ്ഥാന വ്യാപകമായ പ്രചാരണ പരിപാടികളിലൂടെ പ്രധാനമന്ത്രിക്കുള്ള നിവേദനത്തിലേയ്ക്ക് ഒപ്പുശേഖരണം നടന്നു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനുമുന്നിൽ ഒപ്പുശേഖരണം നടന്നു.

തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, കൊടുങ്ങല്ലൂർ, ചാലക്കുടി എന്നിവിടങ്ങളിൽ തെരുവിൽ ഒപ്പുശേഖരണവും പ്രതിഷേധ യോഗവും നടന്നു. സഖാക്കൾ സുജ ആന്റണി, സുനിത ആർ, ശ്രീജ ഒ.എം, ബേബി വൽസൻ, അഡ്വ.ധന്യ കെ എന്നിവർ നേതൃത്വം നൽകി.

ആലപ്പുഴയിൽ അമ്പലപ്പുഴ, ആലപ്പുഴ എന്നിവിടങ്ങളിൽ ഒപ്പുശേഖരണവും പ്രതിഷേധ യോഗവും നടന്നു. സഖാക്കൾ എം.എ.ബിന്ദു, ഗായത്രി സ്വാമിനാഥൻ, കെ.ജെ.ഷീല, ടി.ആർ. രാജിമോൾ, ഉഷാകുമാരി, രാധമ്മ തുടങ്ങിയവർ നേതൃത്വം നൽകി.

കോട്ടയം ടൗണിൽ നടന്ന ഒപ്പുശേഖരണവും പ്രതിഷേധയോഗവും ജില്ലാ സെക്രട്ടറി ആശാരാജ് ഉദ്ഘാടനം ചെയ്തു. സഖാക്കൾ ആലീസ് ജോസഫ്, കെ.കെ.ഗിരിജ, കെ.എസ്.ചെല്ലമ്മ എന്നിവർ പ്രസംഗിച്ചു. സാലി സെബാസ്റ്റ്യൻ, സുജാത മണിക്കുട്ടൻ തുടങ്ങിയവർ നേതൃത്വം നൽകി. തൃപ്പൂണിത്തുറയിൽ നടന്ന പ്രതിഷേധയോഗം സംസ്ഥാന സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. സഖാക്കൾ എം.പി.സുധ, എം.കെ.ഉഷ തുടങ്ങിയവർ പ്രസംഗിച്ചു. ഒപ്പുശേഖരണം മാർച്ച് 31വരെ തുടരും. മാർച്ച് 31ന് നിവേദനം പ്രധാനമന്ത്രിക്ക് പോസ്റ്റ്ഓഫീസ് വഴി അയച്ചുകൊടുത്തുകൊണ്ട് ഒന്നാംഘട്ട സമരപരിപാടി സമാപിക്കും ●



തിരുവനന്തപുരത്ത് നടന്ന ഒപ്പുശേഖരണം




കോട്ടയം ഗാന്ധി സ്ക്വയറിൽ നടന്ന ഒപ്പുശേഖരണം

# കെഎസ്ആർടിസി: തകർച്ചയ്ക്ക് രാഷ്ട്രീയ നേതൃത്വവും ഉത്തരവാദികൾ

*(2-ാം പേജിൽ നിന്ന്)*

ഇബിയെ ലാഭകേന്ദ്രങ്ങളാക്കി വിഭജിച്ച അതേ ആഗോളവൽക്കരണ നയംതന്നെയാണ് ഇതിന്റെ പിന്നിലും എന്നു കാണാൻ വിഷമമില്ല. ഈ നയത്തെ സിഐടിയു സ്വാഗതം ചെയ്തിരിക്കുന്നു. എന്നാൽ, യുഡിഎഫ് ഭരണകാലത്ത് 2013 സെപ്റ്റംബർ 21ന് സിഐടിയു സംസ്ഥാന സെക്രട്ടറി എളമരം കരിം ദേശാഭിമാനിയിൽ എഴുതിയത് ഇങ്ങനെയായിരുന്നു: സർക്കാർ എല്ലാ വർഷവും കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, ജയിലുകൾ, കോടതികൾ, പോലീസ് സ്റ്റേഷനുകൾ എന്നിവയെല്ലാം ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങളാണോ? ലാഭമില്ലാത്തതിന്റെ പേരിൽ ഇവയെല്ലാം അടച്ചുപൂട്ടി, സ്വകാര്യ മൂലധന നിക്ഷേപത്തിന് വിട്ടുകൊടുത്താൽ സാധാരണക്കാരുടെ സ്ഥിതിയെന്താകും? സർക്കാർ ആശുപത്രികൾ ജനസേവനം നടത്തുമ്പോൾ, സ്വകാര്യ ആശുപത്രികൾ നടത്തി ലാഭം ഉണ്ടാക്കുന്നവരില്ലേ?... ഇവരെയാണോ നാം മാതൃകയാക്കേണ്ടത്? എല്ലാം ലാഭകരമായി മാത്രം നടത്തുക എന്ന ആശയം ദുരമൂത്ത മുതലാളിത്തത്തിന്റേതാണ്.

കെഎസ്ആർടിസിയിലെ അംഗീകൃതരും പ്രബലരുമായ യൂണിയനുകളുടെ തൊഴിലാളിവിരുദ്ധവും അവസരവാദപരവുമായ നടപടികൾമൂലം തൊഴിലാളികൾ വിഷമവൃത്തത്തിലായിരിക്കുകയാണ്. ഒരു കാലത്ത് ഉശിരുള്ള എത്രയോ അവകാശ പോരാട്ടങ്ങൾ നടത്തിയ തൊഴിലാളികൾ ഇന്ന് മാനേജുമെന്റുവൽക്കരിക്കപ്പെട്ട ട്രേഡ് യൂണിയനുകൾക്കു കീഴിൽ നിരാശപ്പെട്ടു കിടക്കുകയാണ്. ഇത്തരം നേതൃത്വങ്ങളെ തട്ടിമാറ്റിക്കൊണ്ട് ശരിയായ തൊഴിലാളിവർഗ്ഗ ബോധത്താൽ നയിക്കപ്പെടുന്ന സംഘടനയിൽ അണിചേരാൻ കെഎസ്ആർടിസി തൊഴിലാളികൾ തയ്യാറാകുകയാണ് വേണ്ടത്.



സഖാവ് കെ.എം.ബീവി പാലക്കാട് ഡിപ്പോയിൽ നടന്ന കുടുംബ ധർണ്ണയെ അഭിസംബോധന ചെയ്യുന്നു

ഇനിയും പുറത്തുവിടുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ലാത്ത സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കുകയാണ് സർക്കാരും മാനേജ്മെന്റും. പുനരുദ്ധാരണമെന്ന പേരിൽ എന്തെല്ലാം തൊഴിലാളി വിരുദ്ധവും തലതിരിഞ്ഞതുമായ നടപടികളാണ് ഇവർ കൈക്കൊള്ളുന്നത്. ജീവനക്കാരുടെ എണ്ണം കുറയ്ക്കുക, അവരെ പിരിച്ചുവിടുക, ഓർഡിനറി സർവ്വീസുകൾ വെട്ടിക്കുറയ്ക്കുക, വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളം നിശ്ചയിക്കുക, സിംഗിൾ ഡ്യൂട്ടി സമ്പ്രദായം അടിച്ചേൽപ്പിക്കുക, ടിക്കറ്റുകളുടെ അച്ചടിയും റിസർവ്വേഷനും സി.പി.ഐ(എം) നേതൃത്വത്തിലുള്ള സൊസൈറ്റിക്ക് കൈമാറുക, ബോഡി നിർമ്മാണ യൂണിറ്റുകൾ അടച്ചുപൂട്ടുക, ബോഡി നിർമ്മാണം സ്വകാര്യ കമ്പനിയെ ഏല്പിക്കുക, പെൻഷൻ പരിമിതപ്പെടുത്തുക തുടങ്ങിയവ ഇതിനകം നടപ്പാക്കിത്തുടങ്ങി. ഇതെല്ലാം കെഎസ്ആർടിസിയെ ലാഭത്തിലാക്കാനുള്ള നടപടികളാണെന്നാണ് സർക്കാർ പറയുന്നത്. തൊഴിലാളിപക്ഷ സമീപനവും സാമൂഹ്യബോധവുമുള്ള ആർക്കും ഇതംഗീകരിക്കാനാവില്ല.

കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് ചുരുങ്ങിയ പലിശ നിരക്കിൽ ദീർഘകാല വായ്പയെടുക്കുക, പ്രൊഫഷണൽ യോഗ്യതയുള്ളവരെ മാനേജ്മെന്റ് തലത്തിൽ നിയമിക്കുക എന്നീ നിർദ്ദേശങ്ങളും ഖന്ന റിപ്പോർട്ടിലുണ്ടെന്ന് പറയുന്നു. എന്നാൽ, 01.02.2014ന് ഗതാഗത(എ)വകുപ്പ് പുറപ്പെടുവിച്ച പുനരുദ്ധാരണ പാക്കേജിൽ ഈ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. കഴിഞ്ഞ നാല് വർഷമായിട്ടും അത് നടപ്പിലാക്കിയിട്ടില്ല. സുശീൽ ഖന്ന റിപ്പോർട്ടിന്റെ പേരിൽ ഇപ്പോൾ പറയുന്ന ഈ നിർദ്ദേശങ്ങൾ അടുത്ത രണ്ട് വർഷം കൊണ്ട് നടപ്പിലാക്കി ലാഭത്തിലെത്തിക്കുമെന്നാണ് സർക്കാർ പറയുന്നത്. അത് കാത്തിരുന്ന് കാണുകയേ നിർവ്വാഹമുള്ളൂ.

എന്നാൽ, ലാഭം ഉണ്ടാക്കിയിട്ടേ പെൻഷൻ കൃത്യമായി തരാൻ കഴിയൂ എന്ന സമീപനം മുഖ്യമന്ത്രി മാറ്റിയേ തീരൂ. പെൻഷൻ തൊഴിലാളികളുടെ മാറ്റിവെക്കപ്പെട്ട വേതനമാണെന്ന സുപ്രിം കോടതി വിധിയുടെ വിശദീകരണമാണ് ഇപ്പോൾ വന്ന ഹൈക്കോടതി നിരീക്ഷണങ്ങൾ. ആയിരവും രണ്ടായിരവും കോടികൾ പുതിയ ബസ്സുകൾ വാങ്ങാൻ നീക്കിവെക്കുന്ന അത്യുത്സാഹത്തിന്റെ ചെറിയൊരു ഭാഗം താല്പര്യമെങ്കിലും പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ കാണിക്കേണ്ടതല്ലേ? 1984ൽ ഗതാഗത വകുപ്പ് മന്ത്രിയായിരുന്ന എൻ.സുന്ദരൻ നാടാർ നിയമസഭയിൽ നടത്തിയ പ്രഖ്യാപനത്തിലുടെയാണ് കെഎസ്ആർടിസി തൊഴിലാളികൾക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലവിൽ വന്നത്. രാഷ്ട്രീയ തീരുമാനത്തിലൂടെ നടപ്പിലായ പെൻഷൻ മുടങ്ങാതെ നൽകാനുള്ള ബാധ്യത സർക്കാരിനുണ്ട്. 2013ന് ശേഷം സർവ്വീസ്സിൽ പ്രവേശിച്ചവർക്ക് പങ്കാളിത്ത പെൻഷനാണ് ഏർപ്പെടുത്തിയത്. (പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുമെന്ന എൽ.ഡി.എഫ് പ്രകടനപത്രികയിലെ നാലാമത്തെ വാഗ്ദാനം വിസ്മൃതിയിലായി.) ഇപ്പോഴുള്ള 38,000 പേരുടെ പെൻഷൻ മുടക്കം കൂടാതെ നൽകാനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കണം. പെൻഷൻ കുടിശ്ശിക മുഴുവൻ ഉടനടി സർക്കാർ നൽകണം. കെഎസ്ആർടിസിയുടെ മുഴുവൻ ബാധ്യതകളും പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുകയും, കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെന്റ് ആക്കുകയുമാണ് വേണ്ടത്. ഇതിനെതിരെ പറയുന്ന ഏത് കാര്യവും മുടന്തൻ ന്യായങ്ങൾ മാത്രമാണ്.

പെൻഷൻ പറ്റിയ തൊഴിലാളികൾക്കെതിരെ ഏതറ്റംവരെയും പോകാനുള്ള സർക്കാരിന്റെ ധാർഷ്ട്യത്തെ അടിയറവ് പറയിക്കേണ്ടതുണ്ട്. പെൻഷൻ നിഷേധവും പിരിച്ചുവിടലും നിയമന നിരോധനവും സ്വകാര്യവൽക്കരണവുമെല്ലാം കെഎസ്ആർടിസിയിൽ മാത്രമായി ഒതുങ്ങുകയില്ലെന്ന് മറ്റ് എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാർ മനസ്സിലാക്കണം. ആഗോളവൽക്കരണ നയത്തിന്റെ ഒരു പരീക്ഷണഓട്ടമാണ് കെഎസ്ആർടിസിയിൽ അധികാരികൾ നടത്തുന്നത്. ആയതിനാൽ, മുഴുവൻ തൊഴിലാളികളും ജീവനക്കാരും മനുഷ്യസ്നേഹികളും ഈ സമരത്തെ പിന്തുണയ്ക്കണം. കെഎസ്ആർടിസി പെൻഷൻകാർ നടത്തുന്ന വീറുറ്റ സമരത്തെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ശക്തിയുക്തം പിന്തുണയ്ക്കുന്നു ●

### ഫിനാൻഷ്യൽ റെസലൂഷൻ ആന്റ് ഡെപ്പോസിറ്റ് ഇൻഷുറൻസ് (എഫ്ആർഡിഐ) ബിൽ – 2017

# സാധാരണക്കാരുടെ ബാങ്ക് നിക്ഷേപങ്ങൾ കവർന്നെടുക്കും

**ബിജെപി ഗവണ്മെന്റിനെ അധികാരത്തിലെത്തിക്കാൻ ചരടുവലിച്ച കുത്തകകൾക്ക് പ്രത്യുപകാരം ചെയ്യുന്ന പണി കേന്ദ്രഗവണ്മെന്റ് നിർബാധം തുടരുന്നുവെന്ന് വ്യക്തമാക്കുന്ന നടപടികളാണ് തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കുത്തകകളുടെ കീശ വീർപ്പിക്കാൻവേണ്ടി കൈക്കൊള്ളുന്ന ഈ നടപടികൾ സാധാരണക്കാരുടെ അവസാനതുള്ളി ചോരയും ഊറ്റിയെടുക്കുന്നതൊന്നും അവരെ അലോസരപ്പെടുത്തുന്നില്ല. മാരകമായ സാമ്പത്തികാക്രമണങ്ങൾ കൂടുതൽ ശൗര്യത്തോടെ മുന്നോട്ടുപോകുന്നു.**



**ക**ള്ളപ്പണവും അഴിമതിയും തടയുമെന്ന നാട്യത്തോടെ രാജ്യത്ത് പ്രചാരത്തിലിരുന്ന 86 ശതമാനം കറൻസിയും പിൻവലിച്ചതായിരുന്നു ആദ്യ പ്രഹരം. വിലക്കയറ്റം രൂക്ഷമാക്കുന്ന ചരക്ക്-സേവന നികുതി നടപ്പിലാക്കിയതായിരുന്നു രണ്ടാമത്തെ ആക്രമണം. ഇപ്പോഴിതാ എഫ്ആർഡിഐ ബില്ല് കൊണ്ടുവന്നിരിക്കുന്നു. സാധാരണക്കാർ കഷ്ടപ്പെട്ട് സ്വരുക്കൂട്ടി ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന പണം കവർന്നെടുത്ത് ബാങ്കുകളെ തകർച്ചയിൽനിന്ന് രക്ഷിക്കുന്ന നടപടിയാണിത്. വൻകിട വ്യവസായികളും കോർപ്പറേറ്റുകളുമൊക്കെ മനപൂർവ്വം വായ്പകൾ തിരിച്ചടയ്ക്കാത്തതുവഴിയുണ്ടാകുന്ന കൃത്രിമമായ പ്രതിസന്ധിക്കാണ് ഇതിലൂടെ പരിഹാരമുണ്ടാക്കുന്നത്. സർക്കാരിന് കുഴലൂത്തു നടത്തുന്ന സാമ്പത്തിക വിദഗ്ദ്ധരും കോളമെഴുത്തുകാരുമൊക്കെ പതിവുപോലെ രംഗത്തെത്തി വാചകക്കസർത്ത് നടത്തുന്നുണ്ട്. ഈ നടപടി ദീർഘകാലാടിസ്ഥാനത്തിൽ ഗുണം ചെയ്യുന്നതാണെന്നും മറ്റുമുള്ള വാദഗതികൾ അവർ നിരത്തുന്നു. എല്ലാ ജനവിരുദ്ധ നടപടികളെയും ഇക്കൂട്ടർ ന്യായീകരിക്കുന്നത് വ്യാജമായ ഉറപ്പുകൾ നൽകിയും മറ്റുമാണ്. ജനങ്ങളെ കബളിപ്പിച്ച് ജനദ്രോഹ നയങ്ങൾ സുഗമമായി നടപ്പിലാക്കിയെടുക്കുക എന്നതാണ് ഇവരുടെ ദൗത്യം. നോട്ട് നിരോധനം നടപ്പിലാക്കിയപ്പോഴും ജിഎസ്ടി ആവിഷ്കരിച്ചപ്പോഴും ബജറ്റുകളിലൂടെ മധുരത്തിൽ പൊതിഞ്ഞ ആക്രമണങ്ങൾ നടത്തുമ്പോഴുമെല്ലാം അതിനുപിന്നിലുള്ള അപകടം വെളിവാക്കുവാൻ മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയാൽ സായുധമായ നമ്മുടെ പാർട്ടി ശ്രമിച്ചിട്ടുണ്ട്. മാർക്സിസം-ലെനിനിസത്തിന്റെ ശാസ്ത്രീയമായ പ്രയോഗപദ്ധതി പിന്തുടർന്ന് നടത്തിയ ആ വിശകലനങ്ങൾ അങ്ങേയറ്റം ശരിയായിരുന്നുവെന്ന് ഈ നയങ്ങൾ ജനജീവിതത്തിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ വെളിവാക്കുന്നു. എഫ്ആർഡിഐ ബില്ലിന്റെ പ്രത്യാഘാതങ്ങളും ഉൾക്കാഴ്ചയോടെ വിശകലനം ചെയ്യുകയാണിവിടെ.

**ഹീനലക്ഷ്യം മറയ്ക്കാൻ ശ്രമിക്കുമ്പോൾ വൈരുദ്ധ്യങ്ങൾ പുറത്തുവരുന്നു**

2017 ആഗസ്റ്റ് 10ന് പാർലമെന്റിൽ അവതരിപ്പിച്ച ഈ ബില്ല് "കൂടുതൽ നിക്ഷേപകാനുകൂലവും പ്രശ്നപരിഹാരത്തിന് കൂടുതൽ ശക്തി പകരുന്നതുമൊക്കെയാണെ"ന്ന് ജനങ്ങളെ വിശ്വസിപ്പിക്കാൻ കേന്ദ്രഗവണ്മെന്റ് നിറംപിടിപ്പിച്ച ന്യായങ്ങളും സദുദ്ദേശ നാട്യവുമൊക്കെയായി പതിവുപോലെ രംഗത്തിറങ്ങിയിട്ടുണ്ട്. "ധനകാര്യ സ്ഥാപനങ്ങളുടെയും നിക്ഷേപകരുടെയും താല്പര്യം പൂർണമായി സംരക്ഷിക്കുക എന്നതാണ് ഗവണ്മെന്റിന്റെ ഉദ്ദേശം" എന്ന് ധനകാര്യമന്ത്രി അരുൺ ജെറ്റ്ലി ട്വീറ്റ് ചെയ്യുന്നു. ഇത് വാസ്തവമാണോ? ജനതാല്പര്യവും ജനങ്ങളുടെ സമ്പത്തും സംരക്ഷിക്കുന്നതിൽ ഈ ഗവണ്മെന്റിന്റെ മുൻകാല ചെയ്തികൾ എന്താണ്? ജനങ്ങളുടെ മടിശ്ശീല കാലിയാക്കുംവിധം അനുദിനം വിലകൾ കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, തൊഴിൽ നഷ്ടം, വേതനം വെട്ടിക്കുറയ്ക്കലും മരവിപ്പിക്കലും തുടങ്ങിയവയെല്ലാംകൂടി അദ്ധ്വാനിക്കുന്നവരെ ജീവിക്കാൻ അനുവദിക്കാത്ത സാഹചര്യമാണ് വളർന്നുവരുന്നത്.

പൊറുതിമുട്ടിയ കർഷകരും തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളും ആത്മഹത്യ ചെയ്യുന്ന സ്ഥിതിയും നിലനിൽക്കുന്നു. വിശന്നുവലഞ്ഞ് തെരുവിൽ മരിച്ചുവീഴുന്നവരെ ആരും കണ്ടതായി ഭാവിക്കുന്നില്ല. നിർദ്ദയമായ ചൂഷണത്തിൽ അടിയുറച്ച മുതലാളിത്ത വ്യവസ്ഥയും അതിനെ വിനീതവിധേയമായി സേവിക്കുന്ന ഗവണ്മെന്റും ചേർന്ന് സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കി മാറ്റിയിരിക്കുന്നു. സാധാരണക്കാരുടെ ചോര വീണ്ടും ഊറ്റിപ്പിഴിഞ്ഞ് മുതലാളിവർഗ്ഗത്തിന് കൂടുതൽ ആനുകൂല്യങ്ങൾ ചൊരിയാനായി നോട്ട് നിരോധനവും ജിഎസ്ടിയുംപോലുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ ബിജെപി സർക്കാരിന് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല. വറുതിക്കാലത്ത് ഉപകരിക്കാനും ഭാവിയിൽ ഉപയോഗിക്കാനുമൊക്കെയായി ജനങ്ങൾ കഷ്ടപ്പെട്ട് സമ്പാദിച്ച് ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന നിക്ഷേപങ്ങൾ കവർന്നെടുക്കാനുള്ള പുതിയ ആക്രമണങ്ങൾ ആസൂത്രണം ചെയ്യുന്ന തിരക്കിലാണവരിപ്പോൾ. സുരക്ഷിതമെന്ന് കരുതിയിരുന്ന ബാങ്ക് നിക്ഷേപത്തിന്റെയും ദേശീയ സമ്പാദ്യ പദ്ധതിയിലെയുമൊക്കെ പലിശനിരക്ക് പടിപടിയായി കുറച്ചുകൊണ്ടു വരികയായിരുന്നു കുറച്ചുകാലമായി ഗവണ്മെന്റ്.

ഓരോ തവണ റിസർവ് ബാങ്ക് നയപ്രഖ്യാപനം നടത്തുമ്പോഴും പലിശനിരക്ക് താഴോട്ടുപോകുമെന്ന ഭീതിയിലാണ് സാധാരണ ജനങ്ങൾ. ദേശീയ സമ്പാദ്യ പദ്ധതിയിലും അടുത്തിടെ പലിശനിരക്ക് വെട്ടിക്കുറച്ചു. സാധാരണക്കാരുടെ കാര്യത്തിൽ ഈ ഗവണ്മെന്റിന് എന്തെങ്കിലും പരിഗണനയുണ്ടെങ്കിൽ ഇങ്ങനെ ചെയ്യുമോ? പലിശനിരക്ക് കുറച്ചാലേ വ്യവസായ മേഖലയ്ക്ക് ഉദാരമായി പണംനൽകാൻ കഴിയൂ എന്നാണ് ഗവണ്മെന്റും അവരുടെ കുഴലൂത്തുകാരായ പണ്ഡിതരും പറയുന്നത്. ബാങ്ക് വായ്പയുടെ രൂപത്തിൽ മൂലധനം സമാഹരിക്കാൻ കഴിയുന്നില്ലെങ്കിൽ എങ്ങനെയാണ് വ്യവസായം പുഷ്ടിപ്പെടുകയും സമ്പദ്ഘടന ശക്തിപ്പെടുകയും തൊഴിലവസരങ്ങൾ ഉണ്ടാകുകയും ചെയ്യുക എന്നാണിവർ ചോദിക്കുന്നത്. അങ്ങനെയെങ്കിൽ ഈ മാന്യന്മാരോട് ഒരു ചോദ്യം.

പുതിയ വ്യവസായങ്ങൾ ഉണ്ടാകാതിരിക്കുന്നതും ഉള്ളവതന്നെ അടച്ചുപൂട്ടിപ്പോകുന്നതും എന്തുകൊണ്ട്? അതൊക്കെ മൂലധനത്തിന്റെ കുറവുകൊണ്ടാണോ? അതോ, നിരന്തരമായ മുതലാളിത്ത ചൂഷണം മൂലം ജനങ്ങൾ പാപ്പരാക്കപ്പെടുന്നതുകൊണ്ട് കമ്പോളം ചുരുങ്ങുകയും തൽഫലമായി ഉല്പാദനരംഗത്ത് മുതൽമുടക്കാൻ മുതലാളിമാർ തയ്യാറാകാതിരിക്കുകയും അത് സാമ്പത്തിക തകർച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നതുകൊണ്ടോ? ജിഡിപിയുടെ 8.3 ശതമാനം വരുന്ന സംരംഭങ്ങൾ ജീവൻ വയ്ക്കാതെ പോകുന്നുവെന്ന് 2015ലെ സാമ്പത്തിക സർവേ പോലും ചൂണ്ടിക്കാണിക്കുന്നുണ്ട്. തുടരുമെന്ന് പ്രഖ്യാപിച്ച സംരംഭങ്ങൾ ഇങ്ങനെ ആരംഭിക്കാൻ മടിച്ചുനിൽക്കുന്നതിനുകാരണം കമ്പോള പ്രതിസന്ധിതന്നെയാണ്. ഇവയിലേതെങ്കിലും ഇതുവരെ വെളിച്ചംകണ്ടോ എന്ന് കഴിഞ്ഞ രണ്ടുവർഷമായി ധനകാര്യമന്ത്രി ഉരിയാടിയിട്ടില്ല. പൂച്ച പുറത്തുചാടും എന്നതുകൊണ്ട് മുതലാളിത്ത സേവകനായ മന്ത്രി അതേക്കുറിച്ച് നിശബ്ദത പാലിക്കുകയാണ്. അതുകൊണ്ടാണ് മന്ത്രിമാരെല്ലാം സത്യം മൂടിവച്ച് ദീർഘകാലാടിസ്ഥാനത്തിൽ നേട്ടമുണ്ടാകുമെന്ന് പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുന്നത്.

ബാങ്കിങ്ങ് മേഖലയാകെ ശ്വാസംമുട്ടുകയാണ്. വായ്പയെടുക്കാൻ ആരും വരുന്നില്ല. കിട്ടാക്കടമാകട്ടെ 11 ലക്ഷം കോടി കവിഞ്ഞു എന്നാണറിയുന്നത്. ഇതിൽ 60 ശതമാനവും പൊതുമേഖല ബാങ്കുകളുടേതാണ്. കിട്ടാക്കടവും തിരിച്ചടയ്ക്കാൻ സാദ്ധ്യതക്കുറവുള്ള വായ്പയും പുനസംഘടനയ്ക്ക് വിധേയമായ വായ്പയും എല്ലാംകൂടി ചേരുമ്പോൾ 15 ലക്ഷം കോടി വരുമത്രെ. കിട്ടാക്കടത്തിന്റെ മൂന്നിൽരണ്ടും 24 വൻകിട കുത്തകകമ്പനികളുടേതാണ്. എന്തുകൊണ്ടാണ് ഈ കിട്ടാക്കടം ഇങ്ങനെ കുതിച്ചുയരുന്നതെന്ന് ഗവണ്മെന്റ് മറുപടി പറയേണ്ടതാണ്. കടം തിരിച്ചടയ്ക്കാനുള്ള വരുമാനം വ്യവസായത്തിൽ നിന്ന് കിട്ടുന്നില്ല എന്നാണോ ന്യായം പറയുന്നത്? വ്യവസായരംഗത്തുനിന്ന് പുതിയ വായ്പയ്ക്ക് ആവശ്യക്കാരില്ലെങ്കിൽ പലിശനിരക്ക് കുറച്ചാൽ അതുണ്ടാകും എന്നെങ്ങനെ പറയാൻ കഴിയും? ബാങ്ക് വായ്പയെടുക്കാൻ ആള് കുറവാണ് എന്നതൊരു വസ്തുതയാണ്. ഭവനവായ്പയും ഉപഭോക്തൃ വായ്പയുമൊക്കെ കുറഞ്ഞിട്ടുണ്ട്. ജനങ്ങളുടെ വരുമാനത്തിൽ ഇടിവുണ്ടായതാണ് ഇതിന് കാരണം.

ബാങ്കുകളുടെ വരുമാനം കുറഞ്ഞതോടെ പലിശനിരക്ക് കുറച്ചുകൊണ്ട് പിടിച്ചുനിൽക്കാനാണ് ബാങ്കുകൾ ശ്രമിക്കുന്നത്. ദീർഘകാല നിക്ഷേപങ്ങളും ലയനംപോലുള്ളവയുമൊക്കെ നിരുത്സാഹപ്പെടുത്തുക, ഇൻഷുറൻസും മ്യൂച്വൽ ഫണ്ടും പോലുള്ളവയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ മാർഗങ്ങളും അവലംബിക്കുന്നുണ്ട്.

**അപരിഹാര്യമായ മുതലാളിത്ത പ്രതിസന്ധി ബാങ്കിംഗ് വ്യവസായത്തെയും പീഡിതമാക്കുന്നു**

മുതലാളിത്തത്തിന്റെ ആവിർഭാവകാലത്ത് ബാങ്കുകൾ രംഗപ്രവേശം ചെയ്യുമ്പോൾ, വ്യവസായവൽക്കരണം ത്വരിതപ്പെടുത്താനായി, ജനങ്ങളുടെ സമ്പാദ്യം സ്വരൂപിച്ച്, മുതലാളിമാർക്ക് മൂലധനമെത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യമാണുണ്ടായിരുന്നത്. ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുകയും അവർക്ക് പലിശനൽകി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള ഒരു സുരക്ഷിത മാർഗമെന്ന സാമൂഹ്യ ആവശ്യകതയും ഇത് നിറവേറ്റിയിരുന്നു. ആ അർത്ഥത്തിൽ അന്നതിന് ഒരു സാമൂഹ്യ വീക്ഷണം ഉണ്ടായിരുന്നു. എന്നാൽ മുതലാളിത്തം കുത്തകസ്വഭാവമാർജിച്ച്, പുരോഗമന സ്വഭാവം നഷ്ടപ്പെട്ട്, ജീർണവും പിന്തിരിപ്പനുമായതോടെ, സ്വന്തം ലാഭം പെരുക്കുകയെന്ന സങ്കുചിത താല്പര്യം മുൻനിർത്തി, സാധാരണ നിക്ഷേപകരെ പരിഗണിക്കാതെ, ബാങ്കിംഗ് മേഖലയെ ദുരുപയോഗം ചെയ്യാനുള്ള ചിട്ടയായ പദ്ധതികൾ മുതലാളിവർഗ്ഗം ആവിഷ്കരിച്ചു.

നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുപകരം അവർ വഴിയാധാരമാകുകയോ ബാങ്കിംഗ് മേഖലതന്നെ തകരുകയോ ചെയ്താലും വേണ്ടില്ല എവ്വിധവും ജനങ്ങളുടെ പണം കവർന്നെടുക്കണം എന്ന ലക്ഷ്യത്തോടെ ഇറങ്ങിത്തിരിച്ചിരിക്കുകയാണ് കുത്തകകൾ. അതിനുവേണ്ടി പുതിയ നിയമങ്ങൾ പടച്ചുണ്ടാക്കുകയും നിലവിലുള്ളവ വളച്ചൊടിക്കുകയും ചെയ്യുന്നു. അപ്പോൾ, ബാങ്കുകളുടെ മാന്ദ്യത്തിനു കാരണം മുതലാളിത്ത വ്യവസ്ഥയുടെ സഹജമായ പ്രതിസന്ധിയും മുതലാളിവർഗ്ഗത്തിന്റെ ആർത്തിയും മനുഷ്യത്വമില്ലായ്മയും തന്നെയാണ്.

**ബാങ്കുകളും വ്യവസായങ്ങളുമാണ് പീഡിതമാകുന്നത്, വ്യവസായികളും കുത്തകകളുമല്ല**

ബാങ്കുകളും വ്യവസായങ്ങളുമൊക്കെ പീഡിതമാകുമ്പോൾ വ്യവസായികളും പിന്നോട്ടടിക്കപ്പെടും എന്നാണ് ന്യായമായും കരുതുക. 'ക്രെഡിറ്റ് സിസേ' എന്ന ഏജൻസിയുടെ റിപ്പോർട്ടുപ്രകാരം റിലയൻസ് ഗ്രൂപ്പ് 1.25 ലക്ഷം കോടിരൂപ ബാങ്ക് വായ്പ തിരിച്ചടയ്ക്കാനുണ്ട്. എന്നാൽ റിലയൻസിന്റെ മുതലാളിയായ മുകേഷ് അംബാനി കഴിഞ്ഞ വർഷം ഒരു ലക്ഷം കോടി രൂപയുടെ അധിക വരുമാനമുണ്ടാക്കിയിരിക്കുന്നു. ഒരു വർഷംകൊണ്ട് സ്വത്തിൽ 67 ശതമാനം വർദ്ധിപ്പിച്ച ഇദ്ദേഹമിപ്പോൾ ഏഷ്യയിലെ ഏറ്റവും സമ്പന്നരായ അഞ്ചുപേരിൽ ഒരാളാണ് (സീ ന്യൂസ്, 5–10–2017).

പണം തിരിച്ചടയ്ക്കാത്ത ഒരു മുതലാളിക്കും സമ്പത്തിൽ കുറവുവന്നതായി കാണുന്നില്ല. എല്ലാവരുടെയും സ്വത്ത് ഇരട്ടിച്ചുകൊണ്ടിരിക്കുകയാണ്. ഫോബ്സ് നടത്തിയ പഠനം പറയുന്നത് ഇന്ത്യയിലെ വ്യവസായ പ്രമുഖരുടെ സ്വത്തിൽ 26 ശതമാനം, അതായത് 31 ലക്ഷം കോടിരൂപയുടെ, വർദ്ധനയുണ്ടായി എന്നാണ്. വ്യവസായം ക്ഷീണിക്കുന്നു എന്നുകാണുമ്പോൾത്തന്നെ മുതലാളിമാർ അവരുടെ സ്വത്തെല്ലാം കുടുംബാംഗങ്ങളുടെ പേരിലാക്കിയിട്ട് വായ്പ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ല എന്ന് വിലപിക്കുകയാണ്. എല്ലാ വൻകിട മുതലാളിമാരും അവരുടെ ദല്ലാൾ സ്ഥാപനങ്ങൾ വഴി ഓഹരി കമ്പോളത്തിൽ ഇടപാടുകൾ നടത്തി പൊടുന്നനെ വൻ ലാഭം കൊയ്യുകയാണെന്ന കാര്യം പരസ്യമായ രഹസ്യമാണ്.

ആരുടെ പണംകൊണ്ടാണ് അവർ ഈ കളിയൊക്കെ കളിക്കുന്നത്? വ്യവസായത്തിനെന്ന് പറഞ്ഞ് ബാങ്ക് വായ്പ തരപ്പെടുത്തിയിട്ട് ഓഹരി കമ്പോളത്തിൽ പണമിറക്കി വ്യക്തിപരമായ നേട്ടം കൊയ്യുകയാണിവർ. ഈ വായ്പ തിരിച്ചടയ്ക്കുന്ന കാര്യം വരുമ്പോൾ വ്യവസായ മാന്ദ്യത്തെക്കുറിച്ച് വിലപിച്ചുകൊണ്ട് അവർ കൈമലർത്തുന്നു. ബാങ്കുകൾ പീഡിതമാണെന്നോ നഷ്ടത്തിലാണെന്നോ ഒക്കെ ചിത്രീകരിക്കുന്നതിനുപിന്നിൽ വൻകിട മുതലാളിമാരും ബാങ്ക് മേധാവികളും ഗവണ്മെന്റുമൊക്കെ നടത്തുന്ന ഇത്തരം കള്ളക്കളികളുണ്ട് എന്നർത്ഥം. ബാങ്കുകൾ നഷ്ടത്തിലാണ് എന്ന് ഇവർ വരുത്തിത്തീർക്കുകയാണ്. യഥാർത്ഥത്തിൽ നഷ്ടമൊന്നുമില്ല. ഇത് കൃത്രിമമായി സൃഷ്ടിച്ചെടുത്തതാണ്. ഗവണ്മെന്റാകട്ടെ ഈ തട്ടിപ്പിന് കൂട്ടുനില്ക്കുകയും സത്യം മൂടിവയ്ക്കുകയും ചെയ്യുന്നു. വായ്പ തിരിച്ചടയ്ക്കാത്ത കുത്തകകളോട് ഔദാര്യം കാണിക്കുന്നു. അവരുടെ വായ്പ എഴുതിത്തള്ളുന്നു. ബാങ്കുകളുടെ മൂലധനം നിലനിർത്താനായി പൊതുഖജനാവിൽനിന്ന് പണം ചൊരിഞ്ഞ് അവയെ രക്ഷിക്കുന്നു. ഈ ഇനത്തിൽ 2.11 ലക്ഷം കോടി രൂപ ബാങ്കുകൾക്ക് നൽകുമെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ബെയ്ൽ-ഔട്ട് എന്നാണിത് അറിയപ്പെടുന്നത്. ഇതുമാത്രമല്ല, ഒരു സാധാരണക്കാരൻ തന്റെ വായ്പാതിരിച്ച

*(ശേഷം 5-ാം പേജിൽ)*

## നിർദ്ദിഷ്ട ജനദ്രോഹ–തൊഴിലാളിദ്രോഹ വൈദ്യുതി നിയമ (ഭേദഗതി) ബിൽ 2014 പിൻവലിക്കുക

# വൈദ്യുതി ജീവനക്കാരുടെ ദക്ഷിണേന്ത്യൻ കൺവൻഷൻ




എഐപിഎഫ് അഖിലേന്ത്യ ജനറൽ സെക്രട്ടറി സഖാവ് സമർ സിൻഹ പ്രസംഗിക്കുന്നു

രാജ്യത്തെ വൈദ്യുതി മേഖല സമ്പൂർണ്ണമായി സ്വകാര്യവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ കൊണ്ടുവരുന്ന വൈദ്യുതി നിയമ (ഭേദഗതി) ബിൽ 2014 പാർലമെന്റിൽ പാസ്സാക്കുന്നതിൽനിന്നും പിൻമാറണമെന്ന് സർക്കാരിനോടാവശ്യപ്പെട്ടുകൊണ്ട് നാഷണൽ കോർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് എഞ്ചിനിയേഴ്സ് (എൻസിസിഒഇഇ) ദക്ഷിണേന്ത്യൻ മേഖലാ കൺവൻഷൻ 2018 ജനുവരി 11ന് തിരുവനന്തപുരത്ത് നടന്നു. രാജ്യത്തെ വൈദ്യുതിമേഖലയിലെ തൊഴിലാളികളുടെയും എഞ്ചിനീയർമാരുടെയും മിക്കവാറും എല്ലാ ദേശീയ ഫെഡറേഷനുകളുടെയും പൊതുവേദിയാണ് എൻസിസിഒഇഇ.

തിരുവനന്തപുരം ബിടിആർ ഭവൻ ഓഡിറ്റോറിയത്തിൽ നടന്ന കൺവൻഷൻ എല്ലാ ഫെഡറേഷനുകളുടെയും നേതാക്കളടങ്ങുന്ന പ്രസീഡിയം നിയന്ത്രിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി എളമരം കരിം ഉദ്ഘാടനം ചെയ്തു. കേന്ദ്ര ട്രേഡ് യൂണിയനായ എഐയുറ്റിയുസി യിൽഅഫിലിയേറ്റ് ചെയ്തിട്ടുള്ള ആൾ ഇന്ത്യ പവ്വർമെൻസ് ഫെഡറേഷൻ(എഐപിഎഫ്) അഖിലേന്ത്യാ ജനറൽ സെക്രട്ടറി സഖാവ് സമർ സിൻഹ പ്രസംഗിച്ചു. എഐപിഎഫിനെ പ്രതിനിധീകരിച്ച് കേരളം കൂടാതെ, സഖാവ് കെ.സോമശേഖറിന്റെ നേതൃത്വത്തിൽ കർണ്ണാടകയിൽനിന്നും സഖാവ് എസ്.ജവഹറിന്റെ നേതൃത്വത്തിൽ തമിഴ്നാട്ടിൽനിന്നും പ്രതിനിധികൾ എത്തിച്ചേർന്നിരുന്നു. സഖാവ് എസ്.ജവഹറും എഐപിഎഫിന്റെ പേരിൽ കൺവൻഷനിൽ പ്രസംഗിച്ചു. കേരളത്തിൽനിന്നും എഐപിഎഫ് സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, കെഎസ്ഇ വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി എസ്.സീതിലാൽ, എഐപിഎഫ് അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം കെ.കെ.സുരേന്ദ്രൻ, കെഎസ്ഇ വർക്കേഴ്സ് യൂണിയൻ സംസ്ഥാന നേതാക്കളായ ബോണിഫസ് ബെന്നി, ടി.ബി.അനിൽകുമാർ, ഷിനു, രാജീവൻ, വിജേഷ്, കെഎസ്ഇബി–പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ നേതാക്കളായ ജെ.സുരേഷ്, ഡി.ഹരികൃഷ്ണൻ, ബി.വിനോദ്, ആർ.വേണുഗോപാൽ, കെ.കെ.മോഹനൻ, ടി.ജെ.സജിമോൻ, മാത്തുക്കുട്ടി, എം.ബി.രാജശേഖരൻ, യു.എം.ബിനു എന്നിവരും നൂറോളം വൈദ്യുതി തൊഴിലാളികളും കൺവൻഷനിൽ പങ്കെടുത്തു.

ഇലക്ട്രിസിറ്റി നിയമ(ഭേദഗതി)ബിൽ 2014 പാർലമെന്റിന്റെ ഏതെങ്കിലും സഭയിൽ അവതരിപ്പിക്കുന്ന ദിവസം രാജ്യത്താകമാനമുള്ള വൈദ്യുതി സ്ഥാപനങ്ങൾ പണിമുടക്ക് നടത്തുമെന്ന പ്രമേയം കൺവൻഷൻ പാസ്സാക്കി●

# വ്യവസായങ്ങൾ തകരുന്നു; വ്യവസായികൾ തടിച്ചുകൊഴുക്കുന്നു

(4–ാം പേജിൽ നിന്ന്)

ടവിന്റെ രണ്ട് ഗഡു വീഴ്ച വരുത്തിയാൽ അയാൾ പണയപ്പെടുത്തിയിരിക്കുന്ന വസ്തു പിടിച്ചെടുക്കാൻ ബാങ്കിന് അധികാരമുണ്ട്. ഒരു ദരിദ്ര കർഷകൻ, വിളനാശമോ വിലയിടിവോ മൂലം ബാങ്ക് വായ്പ തിരിച്ചടയ്ക്കാതിരുന്നാൽ അയാളുടെ സ്ഥാവര ജംഗമ വസ്തുക്കളെല്ലാം ബാങ്ക് കണ്ടുകെട്ടും.

എന്നാൽ മുതലാളിമാരുടെ കാര്യം വരുമ്പോൾ നിയമം മാറും. വമ്പന്മാർ മനപൂർവ്വം വീഴ്ച വരുത്തിയാലും അവർക്ക് പുതിയ വായ്പകൾ അനുവദിക്കാനുള്ള നിയമം പാസാക്കിയെടുത്തിട്ടുണ്ട്. കിട്ടാക്കടങ്ങളുടെ രേഖകൾക്ക് ചെറിയ വിലയിട്ട് പകരം സെക്യൂരിറ്റി റസീപ്റ്റുകൾ നൽകാൻ ഒരു അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ രസീതുകൾ ബാങ്കിന്റെ ആസ്തിയായി കണക്കാക്കും. അപ്പോൾ പീഡിതമായ ഒരു ബാങ്ക്, കിട്ടാക്കടത്തിൽ കുറവുവന്നതായി കണക്കുകൾ പറയുന്നതുവഴി, നല്ലവണ്ണം പ്രവർത്തിക്കുന്ന ഒന്നായിമാറും. വായ്പ തിരിച്ചടയ്ക്കാത്തവരുടെ ലിസ്റ്റിൽനിന്ന് പേര് നീക്കം ചെയ്യുന്നതുവഴി വീഴ്ച വരുത്തിയ കമ്പനികൾക്ക് പുതിയ ലോൺ തരപ്പെടുത്തുകയും ചെയ്യാം. ഉദാഹരണത്തിന്, മോദിയുടെ അടുത്ത ആളായി അറിയപ്പെടുന്ന ഗൗതം അദാനി ഒരു ലക്ഷം കോടിരൂപ ബാങ്ക് വായ്പ തിരിച്ചടയ്ക്കാനുണ്ട്. പക്ഷേ അതിസമ്പന്നരിൽ പത്താം സ്ഥാനത്തേയ്ക്ക് ഇദ്ദേഹം ഉയർന്നിരിക്കുന്നു.

6.3 ബില്ല്യൻ അമേരിക്കൻ ഡോളറിൽ നിന്ന് 11 ബില്ല്യൻ അമേരിക്കൻ ഡോളറായാണ് അയാൾ ആസ്തി വർദ്ധിപ്പിച്ചത്. ഇയാൾക്ക് ആസ്ട്രേലിയയിൽ ഖനനവ്യവസായം നടത്താൻ വീണ്ടും 3000 കോടിരൂപ സ്റ്റേറ്റ് ബാങ്ക് വായ്പ അനുവദിച്ചിരിക്കുന്നു. സമ്പന്നർക്ക് ജനങ്ങളുടെ പണം കൊള്ളയടിക്കാനുള്ള വകുപ്പുകളാണ് ഉണ്ടാക്കിവച്ചിട്ടുള്ളത് എന്ന് വ്യക്തമല്ലേ? കുറ്റം ചെയ്യുന്നവർക്ക് സമ്മാനവും സാധാരണക്കാരന് ശിക്ഷയും എന്നതല്ലേ ഇവിടെ നടക്കുന്നത്? മൂന്നുവർഷമായി അധികാരത്തിലിരിക്കുന്ന ബിജെപി ഗവണ്മെന്റ് കുത്തകകളുടെ കടം 2 ലക്ഷം കോടി രൂപയാണ് എഴുതിത്തള്ളിയത്. കാർഷിക-ഭക്ഷ്യ മേഖലയിൽ ഗവണ്മെന്റ് ആകെ നൽകുന്ന സബ്സിഡിക്ക് തുല്യമായ തുകയാണിത്. ജനങ്ങളെ കൊള്ളയടിക്കുന്നതിന് നിയമ സാധുത നൽകുന്നു എന്നല്ലാതെ എന്തുപറയാൻ?

അപ്പോൾ ആരാണ് ജനങ്ങളുടെ പണം തട്ടിയെടുക്കുന്നതും ദുരുപയോഗം ചെയ്യുന്നതും? വൻകിട കുത്തകകളും കോർപ്പറേറ്റുകളുംതന്നെ. ആരാണ് വീണ്ടുംവീണ്ടും സമ്പത്ത് കുന്നുകൂട്ടുന്നത്? ഇതേ ആളുകൾ തന്നെ. നഷ്ടപ്പെടുന്നത് ആർക്ക്? സാധാരണ ജനങ്ങൾക്ക്. കഷ്ടപ്പെട്ടുണ്ടാക്കി ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സമ്പാദ്യങ്ങളിൽനിന്നുള്ള വരുമാനം പലിശനിരക്ക് അടിക്കടി കുറയ്ക്കുന്നതിലൂടെ സ്ഥിരമായി കുറഞ്ഞുവരുന്നു. വമ്പൻമാരുടെ കിട്ടാക്കടം എന്നുപറഞ്ഞ് കവർന്നെടുക്കുന്നത് ഈ സമ്പാദ്യമാണ്. ഇതേ വമ്പൻമാർ മനപൂർവ്വം വായ്പ തിരിച്ചടയ്ക്കാതെ ബാങ്കിന് നഷ്ടം വരുത്തുമ്പോൾ അത് നികത്താനായി സാധാരണ ജനങ്ങൾ നൽകിയ നികുതിപ്പണം ഗവണ്മെന്റ് ബാങ്കുകൾക്ക് കോരിച്ചൊരിയുന്നു. നികുതിപ്പണം സാധാരണക്കാരന്റെ ക്ഷേമത്തിനുവേണ്ടിയല്ല ചെലവഴിക്കുന്നത് എന്നർത്ഥം.

### എഫ്ആർഡിഐ ബിൽ എന്ന പ്രഹരം

ജനങ്ങളെ എത്രയൊക്കെ പിഴിഞ്ഞിട്ടും മുതലാളിവർഗ്ഗത്തിന് മതിയാകുന്നില്ല. മാരകമായൊരു പ്രഹരത്തിനാണ് ഇപ്പോഴവർ തയ്യാറെടുക്കുന്നത്. എഫ്ആർഡിഐ ബില്ലിന്റെ ഉദ്ദേശം ഇതാണ്. ഈ ബില്ലിന്റെ പിന്നിലുള്ള ഹീന ലക്ഷ്യങ്ങളും അതിന്റെ മാരക സ്വഭാവവും നമുക്കൊന്ന് പരിശോധിക്കാം.

ഈ ബിൽ പ്രകാരം ഒരു പുതിയ റെസലൂഷൻ കോർപ്പറേഷൻ രൂപീകരിക്കും. ബാങ്ക്, ഇൻഷുറൻസ് കമ്പനി പോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ തകർച്ചയുടെ വിഷയം മാത്രം കൈകാര്യം ചെയ്യാനാണ് ഇത് രൂപീകരിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ ദൈനംദിന കാര്യങ്ങളിൽ കോർപ്പറേഷൻ ഇടപെടില്ല. അമേരിക്കയിലെ ഫെഡറൽ ഡെപ്പോസിറ്റ് ഇൻഷുറൻസ് കോർപ്പറേഷന്റെ മാതൃകയിലാണ് ഇത് രൂപീകരിച്ചിട്ടുള്ളത്. ഒരു ബാങ്ക് പരാജയപ്പെടുകയും നിക്ഷേപകർക്ക് നഷ്ടം സംഭവിക്കുകയും ചെയ്താൽ ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്ന നിലവിലെ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സംവിധാനം റെസലൂഷൻ കോർപ്പറേഷൻ നീക്കംചെയ്യും. ഒരു ബാങ്കോ മറ്റോ 'അതിജീവനം അപകടത്തിൽ' എന്ന വിഭാഗത്തിൽ ഉൾപ്പെടുകയാണെങ്കിൽ, അതായത് പാപ്പരാകുകയാണെങ്കിൽ റസലൂഷൻ കോർപ്പറേഷൻ രംഗത്തുവരും. ആ സ്ഥാപനത്തിന്റെ ആസ്തി-ബാദ്ധ്യതകൾ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിലേയ്ക്ക് മാറ്റിക്കൊണ്ട് ആ സ്ഥാപനത്തിൽ ലയിപ്പിക്കുന്നതുപോലുള്ള നിലവിലുള്ള മാർഗങ്ങൾ തേടും. അതോടൊപ്പം ബെയ്ൽ-ഇൻ പോലുള്ള പുതിയ മാർഗങ്ങളും അവലംബിക്കും. രോഗാതുരമായ ഒരു ധനകാര്യ സ്ഥാപനത്തിന് നഷ്ടം നികത്താനായി പൊതു ഖജനാവിൽനിന്ന് പണം നൽകുന്നത് ബെയ്ൽ-ഔട്ട് എന്നാണറിയപ്പെടുന്നത്.

നിക്ഷേപകരുടെ പണമെടുത്ത് ഈ കൃത്യം നിർവ്വഹിക്കുന്നതാണ് ബെയ്ൽ-ഇൻ. രണ്ടുതരത്തിലാണ് കോർപ്പറേഷൻ ഇത് ചെയ്യുന്നത്. ഒന്ന്, നിക്ഷേപകരുടെ അക്കൗണ്ടുകൾ മരവിപ്പിക്കാം, പണം പിൻവലിക്കുന്നതിനുള്ള കാലാവധി നീട്ടാം, ഏകപക്ഷീയമായും തോന്നും പോലെയും പലിശനിരക്ക് വെട്ടിക്കുറയ്ക്കുകയും എത്ര പണം തിരിച്ചു നൽകണമെന്ന് തീരുമാനിക്കുകയും ചെയ്യാം. അതല്ലെങ്കിൽ, തകർന്നുകൊണ്ടിരിക്കുന്ന ഈ സ്ഥാപത്തിന്റെ ഓഹരിയാക്കി നിക്ഷേപം മാറ്റാം. ഈ ഓഹരിക്ക് ഒരു വിലയുമുണ്ടാകില്ലെന്ന് ഊഹിക്കാമല്ലോ. അതുമല്ലെങ്കിൽ ഓഹരി കമ്പോളത്തിലെ ചൂതാട്ടത്തിൽ ഈ പണം നിക്ഷേപിക്കാം. അതായത്, ഒരു ബാങ്ക് അല്ലെങ്കിൽ ഒരു ധനകാര്യ സ്ഥാപനം പാപ്പരാകുകയാണെങ്കിൽ ആ നഷ്ടത്തിന്റെ ഒരു ഭാഗം അല്ലെങ്കിൽ മുഴുവനായിത്തന്നെ നിക്ഷേപകർ ഏറ്റെടുക്കേണ്ടിവരുന്നു എന്നർത്ഥം. നിക്ഷേപത്തിന്റെ എത്ര പങ്ക് തിരിച്ചുനൽകണമെന്നും കോർപ്പറേഷൻ തീരുമാനിക്കും. നിലവിലുള്ള ഒരുലക്ഷം രൂപ നഷ്ടപരിഹാരം നൽകണോ, അത് കുട്ടണോ കുറയ്ക്കണോ എന്നുമൊക്കെ റെസലൂഷൻ കോർപ്പറേഷനാണ് തീരുമാനിക്കുക.

നമ്മളൊരു ബാങ്കിൽ പണം നിക്ഷേപിക്കുന്നത് ഒരു കരാർ പ്രകാരമാണ്. പണം നൽകുന്ന നിക്ഷേപകരും പണം വാങ്ങുന്ന ബാങ്കും തമ്മിലുള്ള ഒരു കരാർ. ബാങ്കിംഗ് റെഗുലേഷൻസ് ആക്ട് അനുസരിച്ചുള്ളതാണ് ഈ കരാർ. പാപ്പരാകുന്ന ഒരു ബാങ്ക് പുനരുദ്ധരിച്ചെടുക്കണോ ഉപേക്ഷിക്കണോ എന്നൊക്കെ കോർപ്പറേഷൻ സ്വന്തം നിലയിൽ തീരുമാനിക്കുമ്പോൾ മേൽപറഞ്ഞ കരാർ ഏകപക്ഷീയമായി റദ്ദുചെയ്ത് നിക്ഷേപം കൈക്കലാക്കുന്നതിന് തുല്യമാണത്. അതായത് ബാങ്കിൽ നിക്ഷേപിക്കുന്നത് ഒട്ടും സുരക്ഷിതമല്ല എന്നുസാരം. ഒരു ബാങ്ക് അല്ലെങ്കിൽ ധനകാര്യ സ്ഥാപനം തകർന്നതായി പ്രഖ്യാപിക്കപ്പെട്ടാൽ നിക്ഷേപകരുടെ പണം ഭാഗികമായോ പൂർണമായിത്തന്നെയോ നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാകും. ബാങ്ക് പാപ്പരാകുന്നത് നിക്ഷേപകരുടെ കുഴപ്പംകൊണ്ടല്ലെന്നും കുത്തകകൾ ആസൂത്രിതമായി ബാങ്കിൽനിന്ന് പണം ചോർത്തിയതിന്റെ ഫലമാണെന്നുമോർക്കണം.

ഇത് മോഷണമല്ലെങ്കിൽ പിന്നെന്താണ്? സാധാരണക്കാരന്റെ നിക്ഷേപം കവർന്നെടുക്കുന്നതിന് നിയമസാധുത നൽകലല്ലേ ഇത്? നിയമപ്രകാരം രൂപം നൽകിയിട്ടുള്ള ഒരു കോർപ്പറേഷനെ കരുവാക്കിക്കൊണ്ട് ജനങ്ങളുടെ പണം ഗവണ്മെന്റുതന്നെ കൊള്ളയടിക്കുകയല്ലേ? "നിക്ഷേപകർക്ക് അനുകൂലമായി വേഗത്തിലും ചിട്ടയായും ഫലപ്രദമായും പ്രശ്ന പരിഹാരമുണ്ടാക്കുന്നു" എന്നാണ് ഈ നടപടിയെ ഗവണ്മെന്റ് വിശേഷിപ്പിക്കുന്നത്. ബാങ്കിംഗ് വ്യവസായത്തെ സംരക്ഷിക്കുകയാണ് ഉദ്ദേശമെങ്കിൽ, പണം തുരന്നെടുക്കുന്ന വമ്പന്മാരെ, ജനങ്ങളുടെ തലയിൽ അതിന്റെ പാപഭാരമെല്ലാം ഇറക്കിവയ്ക്കുന്ന കുറ്റവാളികളെ, പിടികൂടി പണം വസൂലാക്കാനുള്ള കർശനമായ നിയമങ്ങൾ ഉണ്ടാക്കി നടപ്പിലാക്കുകയാണ് മര്യാദയും ഔചിത്യവും. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ, 'ഒരുത്തൻ നശിപ്പിക്കുന്നു, അപരൻ പഴി കേൾക്കുന്നു' എന്ന ചൊല്ലുപോലെയാകും കാര്യങ്ങൾ. ഇത് വെറുമൊരു അനീതിയുടെ പ്രശ്നമല്ല. ഇത് പകൽക്കൊള്ളയാണ്. "നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നു", എന്ന പേരിലാണ് ഈ കൊള്ള നടത്തുന്നത് എന്നുമാത്രം. 'സബ്കേ സാഥ്, സബ്കേ വികാസ്' അഥവാ എല്ലാവരോടുമൊപ്പം, എല്ലാവരുടെയും ഉന്നമനം എന്ന മുദ്രാവാക്യത്തിന്റെ മൂടിവയ്ക്കപ്പെട്ട യഥാർത്ഥ ഭീകരമുഖം ഇതാണ്.

**ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ്, ദേന ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഐഡിബിഐ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ബാങ്ക് ഓഫ് മഹാരാഷ്ട്ര, യൂക്കോ ബാങ്ക് എന്നീ ഏഴ് പൊതുമേഖലാ ബാങ്കുകൾക്കുമേൽ റിസർവ് ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ആരോഗ്യം ക്ഷയിപ്പിക്കുംവിധമുള്ള ഒരിടപാടും നടത്തരുതെന്നാണ് ഈ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നൽകിയിരിക്കുന്ന ഉപദേശം. പിന്നീട് കോർപ്പറേഷൻ ബാങ്കിനെക്കൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

നിക്ഷേപകർ പലിശയിനത്തിൽ നേട്ടമുണ്ടാക്കുന്നതുകൊണ്ട് അവർ ഗുണഭോക്താക്കളാണെന്നും ബാങ്കിനുണ്ടാകുന്ന നഷ്ടം സഹിക്കാൻ അവർ ബാദ്ധ്യസ്ഥരാണെന്നും നിർലജ്ജം വാദിക്കുന്നവരുമുണ്ട്. ഇതും പിടിച്ചുപറിക്കാരന്റെ യുക്തിയാണ്. ബാങ്കിന്റെ നയം രൂപീകരിക്കുന്നതിൽ, ആർക്കൊക്കെ വായ്പ നൽകണം എന്നകാര്യത്തിൽ, സാങ്കേതികമായി പറഞ്ഞാൽ പോർട്ട്ഫോളിയോ സെലക്ഷനിൽ നിക്ഷേപകന് എന്തെങ്കിലും സ്ഥാനമുണ്ടോ? അപകടസാദ്ധ്യത ഒഴിവാക്കാൻ ബാങ്ക് സമയോചിതമായി നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയാൻ നിക്ഷേപകർക്ക് അധികാരമുണ്ടോ? അ

(ശേഷം 6–ാം പേജിൽ)

# കലാലയ രാഷ്ട്രീയ നിരോധനം സർഗാത്മകതയെ നിരസിക്കുന്നു– കുരീപ്പുഴ ശ്രീകുമാർ

**ക**ലാലയങ്ങളിലെ രാഷ്ട്രീയ നിരോധനം വിദ്യാർത്ഥികളെ സർഗാത്മകതയിൽനിന്നും അകറ്റിക്കളയുമെന്നും മറ്റുള്ളവരെക്കുറിച്ചുള്ള കരുതലാണ് അടിസ്ഥാനപരമായി രാഷ്ട്രീയമെന്നും കുരീപ്പുഴ ശ്രീകുമാർ അഭിപ്രായപ്പെട്ടു. കലാലായ രാഷ്ട്രീയം രാഷ്ട്രീയക്കാരെ മാത്രമല്ല സൃഷ്ടിച്ചിട്ടുള്ളതെന്നും കവികളെയും കഥാകാരന്മാരെയും നാടക-സിനിമ രംഗങ്ങളിലെ കലാകാരന്മാരെയും ബുദ്ധിജീവികളെയും സൃഷ്ടിച്ചിട്ടുണ്ടെന്നും ഉദാഹരണ സഹിതം അദ്ദേഹം ചൂണ്ടിക്കാട്ടി. ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) എറണാകുളം വഞ്ചി സ്‌ക്വയറിൽ സംഘടിപ്പിച്ച വിദ്യാർത്ഥി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



**വിദ്യാർത്ഥി സംഗമം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു**

വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മഹത്വം വീണ്ടെടുക്കുക എന്ന മുദ്രാവാക്യവുമായി സംസ്ഥാന വ്യാപകമായി എഐഡിഎസ്ഒ രണ്ടുമാസമായി നടത്തി വരുന്ന പ്രചരണത്തിന്റെ സമാപനമായിരുന്നു വിദ്യാർത്ഥി സംഗമം.

എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് സഖാവ് ബിനു ബേബി, സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ്, എസ്‌യുസിഐ(സി) എറണാകുളം ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ, അഖിലേന്ത്യാ സേവ് എഡ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ് എന്നിവർ പ്രസംഗിച്ചു.

വിദ്യാർത്ഥി സംഗമത്തിന്റെ ഭാഗമായി 'വരൂ ഈ തെരുവിലെ രക്തം കാണൂ' തെരുവുനാടകവും വിദ്യാർത്ഥികളുടെ സംഘചിത്രരചനയും സംഘടിപ്പിച്ചു●



**ജിഷ്ണു പ്രണോയ് അനുസ്മരണസമ്മേളനത്തിൽ എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് പ്രസംഗിക്കുന്നു**

# ജിഷ്ണു പ്രണോയ് അനുസ്മരണം

**വി**ദ്യാഭ്യാസക്കച്ചവടത്തിന്റെ ഇര ജിഷ്ണു പ്രണോയ് രക്തസാക്ഷിത്വദിനമായ ജനുവരി 6ന് എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ എറണാകുളത്ത് പ്രകടനവും പൊതുയോഗവും നടന്നു.

എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്തു. ജിഷ്ണുവിന്റെ ഘാതകരോടൊപ്പമാണ് സർക്കാരും ഭരണസംവിധാനങ്ങളുമന്നതിനാലാണ് ഒരു വർഷമായിട്ടും ജിഷ്ണുവിന് നീതി ലഭിക്കാത്തത്. സ്വാശ്രയ വിദ്യാഭ്യാസ സമ്പ്രദായത്തെ കേരളത്തിൽ സ്ഥാപിക്കുന്നതിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ഒരേ പങ്കാണുള്ളത്. സ്വാശ്രയമുതലാളിമാർക്ക് ഇടിമുറി പണിയാനും മനുഷ്യാവകാശ ലംഘനങ്ങൾ നടത്താനും സാധിക്കുന്നത് ഇവരുടെ പിന്തുണയുള്ളതുകൊണ്ടാണ്.

ജിഷ്ണു പ്രണോയിമാർ സൃഷ്ടിക്കപ്പെടാനുള്ള സാഹചര്യം ഇപ്പോഴും നിലനിൽക്കുകയാണ്. വിദ്യാഭ്യാസക്കച്ചവടത്തിനെതിരായ സമരം ശക്തിപ്പെടുത്തുക വഴിമാത്രമാണ് ജിഷ്ണുവിന് നീതി ഉറപ്പാക്കുവാൻ സാധിക്കുകയെന്ന് പൊതുയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സഖാവ് പി.കെ.പ്രഭാഷ് അഭിപ്രായപ്പെട്ടു.


**എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ നടന്ന വിദ്യാർത്ഥി പ്രകടനം**

സംസ്ഥാന സെക്രട്ടേറിയേറ്റംഗങ്ങളായ സഖാക്കൾ ആർ.അപർണ, കെ.റഹീം, രശ്മി രവി, അകിൽ മുരളി എന്നിവർ പ്രസംഗിച്ചു. ഹൈക്കോർട്ട് ജംഗ്ഷനിൽ നിന്നാരംഭിച്ച മാർച്ചിന് സഖാക്കൾ ആർ.ജതിൻ, മേധ സുരേന്ദ്രനാഥ്, ആർ.മീനാക്ഷി, നിലീന മോഹൻകുമാർ, ഗോവിന്ദ് ശശി എന്നിവർ നേതൃത്വം നൽകി●

# എഫ്ആർഡിഐ ബില്ലിനെ എന്തുവിലകൊടുത്തും ചെറുക്കുക

*(5-ാം പേജിൽ നിന്ന്)*

പ്പോൾപ്പിന്നെ ബാങ്ക് നടത്തുന്ന നിക്ഷേപത്തിന്റെ നഷ്ടം സഹിക്കാൻ നിക്ഷേപകന് എന്ത് ബാദ്ധ്യത? മുതലാളിത്തത്തിന്റെ കുഴലൂത്തുകാരോട് ഒരു ചോദ്യംകൂടി. ബാങ്കിൽ വരുന്ന നിക്ഷേപം ബാങ്കിന്റെ ബാദ്ധ്യതയാണ്. കടം വാങ്ങിയവൻ പണം തിരിച്ചുതരാതിരുന്നാൽ ബാങ്ക് കടം വാങ്ങി വച്ചിരിക്കുന്ന പണമെടുത്ത് അവന് നൽകുന്നതെങ്ങനെ? ബൂർഷ്വാ സാമ്പത്തിക ശാസ്ത്രത്തിന്റെ പാഠപുസ്തകങ്ങളിലെവിടെയെങ്കിലും ഇതിന് സാധൂകരണം ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ബൂർഷ്വാ അക്കൗണ്ടിങ്ങിന്റെ അടിസ്ഥാന പ്രമാണങ്ങളെത്തന്നെ നിരാകരിക്കലല്ലേ ഇത്? സാധാരണക്കാരന്റെ മേൽ അരങ്ങേറുന്ന ഒരു കുറ്റകൃത്യം മൂടിവയ്ക്കുന്നതിനുള്ള ദുഷ്ടബുദ്ധിയാണ് ഇവിടെ പ്രകടമാകുന്നത്.

അടുത്തെങ്ങും ഒരു ബാങ്കും പാപ്പരാകില്ലെന്നും നിക്ഷേപകരുടെ പണം എടുക്കേണ്ടിവരില്ലെന്നുമൊക്കെയുള്ള പൊള്ളയായ ആശ്വാസവാക്കുകൾ ചൊരിഞ്ഞ് രോഷാകുലരായ ജനങ്ങളെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്ന ചില വിരുതന്മാരുമുണ്ട്. ഇവർ സത്യം മറച്ചുവച്ച് കാര്യങ്ങൾ വളച്ചൊടിച്ച് അവതരിപ്പിക്കുന്നു എന്നുതന്നെ പറയേണ്ടിവരും. ഇപ്പോൾത്തന്നെ മുംബൈയിലുള്ള കാപ്പോൾ കോ-ഓപ്പറേറ്റീവ് ബാങ്ക് പാപ്പരായതായി റിസർവ് ബാങ്ക് പ്രഖ്യാപിച്ചിരിക്കുകയാണ്. നിക്ഷേപം എത്രയുണ്ടെങ്കിലും 3000 രൂപയിൽ കൂടുതൽ പിൻവലിക്കാൻ ഇപ്പോൾ നിക്ഷേപകർക്ക് അവകാശമില്ലെന്നും പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. ഈ ബാങ്കിന് പുതിയതായി വായ്പ നൽകാനോ നിലവിലുള്ളവ പുതുക്കാനോ അധികാരമുണ്ടായിരിക്കില്ലെന്നും റിസർവ് ബാങ്ക് പറയുന്നു. ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ്, ദേന ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഐഡിബിഐ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ബാങ്ക് ഓഫ് മഹാരാഷ്ട്ര, യൂക്കോ ബാങ്ക് എന്നീ ഏഴ് പൊതുമേഖലാ ബാങ്കുകൾക്കുമേൽ റിസർവ് ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ആരോഗ്യം ക്ഷയിപ്പിക്കുംവിധമുള്ള ഒരിടപാടും നടത്തരുതെന്നാണ് ഈ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നൽകിയിരിക്കുന്ന ഉപദേശം. പിന്നീട് കോർപ്പറേഷൻ ബാങ്കിനെക്കൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള എസ്ബിഐ ഒഴികെയുള്ള, 21 ബാങ്കുകളിൽ 16 ബാങ്കുകളും 16 സ്വകാര്യ ബാങ്കുകളിൽ 2 എണ്ണവും കർശനമായ തിരുത്തൽ നടപടി സ്വീകരിക്കേണ്ടവയുടെ ചട്ടക്കൂടിൽ വന്നുകഴിഞ്ഞുവെന്നാണ് റേറ്റിംഗ് ഏജൻസിയായ ഐസിഅർഎ വ്യക്തമാക്കിയിട്ടുള്ളത്. 90 ലക്ഷം കോടിയുടെ ഇടപാടു നടക്കുന്ന ബാങ്കിംഗ് വ്യവസായത്തെ വൻകിട കുത്തകകൾ എപ്രകാരമാണ് കൊള്ളയടിക്കുന്നതെന്ന് ഇതിലൂടെ വ്യക്തമാണല്ലോ. ഇറ്റലി, സ്പെയിൻ, അയർലണ്ട് എന്നീ രാജ്യങ്ങൾ സോവറീൻ വായ്പാ പ്രതിസന്ധിയിൽ മുങ്ങി നിൽക്കുന്നവയാണ്. ഇവയോട് തുലനപ്പെടുത്തിക്കൊണ്ട് ഇന്ത്യൻ ബാങ്കിംഗ് മേഖലയെ ഗ്രൂപ്പ് 5 ലാണ് സ്റ്റാൻഡേർഡ് ആന്റ് പുവർ എന്ന റേറ്റിംഗ് ഏജൻസി പെടുത്തിയിരിക്കുന്നത്. സാമ്പത്തിക സ്ഥിതി, ആപൽ സാദ്ധ്യത എന്നിവ കണക്കിലെടുത്താണ് ഇവർ തരംതിരിക്കുന്നത്. ഇന്ത്യൻ ബാങ്കുകളുടെ സ്ഥിതി എത്ര അപകടകരമാണെന്ന് വ്യക്തമാണല്ലോ.

**ജനങ്ങളുടെ പണം ഓഹരി കമ്പോളത്തിലെ ഊഹക്കച്ചവടത്തിലേയ്ക്ക് മാറ്റാനുള്ള ഗൂഢാലോചന**

ജനങ്ങളുടെ പണം ഓഹരി കമ്പോളത്തിലേയ്ക്ക് മാറ്റാനുള്ള ഗൂഢാലോചനയും ഒപ്പം നടക്കുന്നു. തുടർച്ചയായി പലിശനിരക്ക് കുറയുമ്പോൾ മെച്ചപ്പെട്ട വരുമാനം പ്രതീക്ഷിച്ച് ഷെയർ, ബോണ്ടുകൾ, മ്യൂച്വൽ ഫണ്ട് എന്നിവയിലുള്ള നിക്ഷേപത്തിലേയ്ക്ക് ജനങ്ങളെ പ്രലോഭിപ്പിക്കുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടാണിത്? മുതലാളിത്തം അപരിഹാര്യമായ പ്രതിസന്ധിയിൽ മുങ്ങിക്കൊണ്ടിരിക്കുകയാണ്. അതിനാൽ, മുതലാളിവർഗ്ഗം ഉല്പാദന മേഖലയിൽനിന്ന് ഊഹക്കച്ചവട മേഖലയിലേയ്ക്ക് മൂലധനം തിരിച്ചുവിടുകയാണ്. ജനങ്ങളുടെ നിക്ഷേപംകൂടി അങ്ങോട്ട് തിരിച്ചുവിട്ടാൽ ആ രംഗത്ത് ധാരാളം പണം ലഭ്യമാകുന്ന സ്ഥിതിയുണ്ടാകും. കുറച്ചു ഷെയറുകളും കൂടുതൽ പണവും എന്ന അവസ്ഥ വരുന്നതോടെ ഷെയറുകൾക്കും ബോണ്ടുകൾക്കുമൊക്കെ വില ഉയരും. ഉദാഹരണത്തിന് 30 ഷെയറുകൾ വാങ്ങാൻ മുമ്പ് 3000 രൂപയുണ്ടായിരുന്നപ്പോൾ ഷെയറിന്റെ വില 10 രൂപയാണെങ്കിൽ ഇപ്പോഴത് 30,000 രൂപയും വില 100 രൂപയുമായി ഉയരും. ഇത് "സമ്പദ്ഘടനയുടെ നല്ല പ്രവണത"യായും "വളർന്നുവരുന്ന കമ്പോളാഭിമുഖ്യ"മായും ഒക്കെ ഉയർത്തിക്കാണിക്കുന്നു. ഇങ്ങനെ ജനങ്ങളുടെ പണം ഓഹരിക്കമ്പോളത്തിലേയ്ക്ക് ഒഴുക്കി കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്ന വളർച്ചയിൽ, കുതന്ത്രങ്ങൾ പയറ്റുന്ന വൻകിടക്കാരൻ വലിയ നേട്ടമുണ്ടാക്കുകയും സാധാരണക്കാരന്റെ സമ്പാദ്യമെല്ലാം നഷ്ടപ്പെട്ടു പോകുകയും ചെയ്യും.

അപ്പോൾ, രാജ്യത്തെ അടിച്ചമർത്തപ്പെടുന്നവരെ സംബന്ധിച്ചിടത്തോളം ഇത് ഇരുതല മൂർച്ചയുള്ള വാളാണ്. മുതലാളിത്ത പ്രതിസന്ധി മൂലം ഒരു വശത്ത് വിലക്കയറ്റവും യഥാർത്ഥ വരുമാനത്തിലുള്ള ഇടിവും തൊഴിലില്ലായ്മയും തൊഴിൽ നഷ്ടവും പെരുകുന്നു. അതിനുപുറമെയാണ് ബാങ്കിൽ എന്തെങ്കിലും സമ്പാദ്യമുണ്ടെങ്കിൽ അത് ബലം പ്രയോഗിച്ച് കണ്ടുകെട്ടുകയോ ഓഹരിക്കമ്പോളത്തിലെ ചൂതുകളിക്കായി ചാലുതിരിച്ച് വിടുകയോ ചെയ്യുന്നത്. മരണാസന്നവും അഴിമതി നിറഞ്ഞതും മനുഷ്യത്വരഹിതവുമായ മുതലാളിത്തവ്യവസ്ഥയുടെ ഭീകര മുഖമാണിവിടെ ദൃശ്യമാകുന്നത്. ബിജെപി സർക്കാരിന്റെ ഓരോ നയവും തീരുമാനവും ചുവടുവയ്പും മുതലാളിവർഗ്ഗ സേവ മാത്രം ലാക്കാക്കിയുള്ളതും ജനങ്ങളെ പ്രഹരിക്കുന്നതുമാണ്. ജനങ്ങളുടെ ദുരിതങ്ങൾ അവർക്ക് പരിഗണനാവിഷയമേ അല്ല. സാമ്പത്തികാക്രമണങ്ങളിലൂടെ അവർ ജനങ്ങളെ വീണ്ടും വീണ്ടും പ്രഹരിച്ചുകൊണ്ടിരിക്കുന്നു. മുതലാളിവർഗ്ഗത്തിന്റെ ആജ്ഞാനുസരണം വിശ്വസ്തതയോടെ പ്രവർത്തിക്കുകയാണവർ. എഫ്ആർഡിഐ ബിൽ ഇത് ഒരിക്കൽക്കൂടി വെളിവാക്കുന്നു.

**എന്തുവിലകൊടുത്തും ഈ ബില്ലിനെ ചെറുക്കണം**

ജീവിതത്തിന്റെമേൽ വന്നുപതിക്കുന്ന ആക്രമണങ്ങൾ ഇനിമേൽ നിശബ്ദമായി ഏറ്റുവാങ്ങാൻ കഴിയില്ല. എന്തുവില കൊടുത്തും ഇത് ചെറുക്കണം. ഗവണ്മെന്റിനെ കണ്ണുമടച്ച് വിശ്വസിക്കാതെ ജനങ്ങൾ പ്രതിഷേധമുയർത്തുന്നുണ്ട് എന്നത് പ്രതീക്ഷയ്ക്ക് വകതരുന്നുണ്ട്.

ജനങ്ങളുടെ പ്രതിഷേധംമൂലമാണ് ശീതകാല സമ്മേളനത്തിൽ അവതരിപ്പിക്കാനിരുന്ന എഫ്ആർഡിഐ ബിൽ ഗവണ്മെന്റ് മാറ്റിവച്ചത്. പക്ഷേ അപകടം ഒഴിവായിട്ടില്ല. അവസരം കിട്ടുമ്പോൾ അത് വീണ്ടും വരും. അതുകൊണ്ടുതന്നെ യാതൊരു ഉദാസീനതയുമില്ലാതെ രാജ്യവ്യാപകമായി പ്രതിഷേധ ശബ്ദമുയരണം. ബിൽ വേണ്ടെന്നുവയ്ക്കുന്നതുവരെ ശക്തമായ പ്രക്ഷോഭത്തിന്റെ സമ്മർദ്ദം നിലനിൽക്കണം. പ്രതിപക്ഷത്തെ ബൂർഷ്വാ പാർട്ടികൾ അത്തരമൊരു ശക്തമായ പ്രക്ഷോഭം വളർത്തിയെടുക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല.

ഇടതുപക്ഷമെന്ന് മേനിനടിക്കുന്നവരും ഇടതുപക്ഷമായി മാദ്ധ്യമങ്ങളും മറ്റും അംഗീകരിച്ചിട്ടുള്ളവരുമായ പാർട്ടികളും ഇക്കാര്യത്തിൽ എന്തെങ്കിലും താല്പര്യം കാണിക്കുന്നില്ല. ബൂർഷ്വാ വോട്ടുരാഷ്ട്രീയത്തിന്റ നാലതിരുകൾക്കുള്ളിലുള്ള പ്രതിഷേധമേ അവരുയർത്തു. തെരഞ്ഞെടുപ്പുനേട്ടമുണ്ടാക്കുക എന്ന ലക്ഷ്യമേ അത്തരം സമരനാട്യങ്ങൾക്കുണ്ടാകൂ. എന്നാൽ, ഭീകരമായ ഒരു സാമ്പത്തികാക്രമണമാണ് ഇതെന്ന് തിരിച്ചറിഞ്ഞുകൊണ്ട് സർവ്വശക്തിയും സമാഹരിച്ച് ഇതിനെ ചെറുക്കാൻ കഷ്ടതയനുഭവിക്കുന്ന ജനങ്ങളൊന്നടങ്കം മുന്നോട്ടുവരേണ്ടതുണ്ട്●

### ഡാർവിന്റെ പരിണാമസിദ്ധാന്തം തെറ്റാണെന്ന കേന്ദ്ര മാനവവിഭവശേഷി വകുപ്പ് സഹമന്ത്രിയുടെ പ്രസ്താവന പ്രതിഷേധാർഹം

## ശാസ്ത്രസമൂഹവും വിദ്യാഭ്യാസവിചക്ഷണരും നേരായി ചിന്തിക്കുന്ന ഏവരും ഈ ശാസ്ത്രവിരുദ്ധ നിലപാടിനെതിരെ രംഗത്തിറങ്ങുക

*എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് 2018 ജനുവരി 23-ന് പുറപ്പെടുവിച്ച പ്രസ്താവന:*

മനുഷ്യനെ സംബന്ധിച്ചുള്ള ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തം ശാസ്ത്രീയമായി തെറ്റാണെന്നും അതിനാൽ സ്കൂൾ-കോളേജ് പാഠ്യപദ്ധതിയിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടതാണെന്നുമുള്ള, ബിജെപിക്കാരനായ കേന്ദ്ര മാനവവിഭവവികസന വകുപ്പ് സഹമന്ത്രിയുടെ അങ്ങേയറ്റം അപഹാസ്യവും അശാസ്ത്രീയവുമായ പ്രസ്താവനയെ ഞങ്ങൾ ശക്തിയുക്തം എതിർക്കുന്നു. ലോകത്തെങ്ങുമുള്ള ശാസ്ത്രജ്ഞന്മാർ ശാസ്ത്രീയമായ തെളിവുകളുടെയും പരീക്ഷണങ്ങളിലൂടെ സ്ഥിരീകരിക്കപ്പെട്ട വസ്തുതകളുടെയും അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ളതും കാലം തെളിയിച്ചതുമായ ശാസ്ത്രീയസിദ്ധാന്തമാണ് ഡാർവിനിസം. എന്നാൽ കുരങ്ങൻ മനുഷ്യനായി മാറുന്നത് കണ്ടിട്ടുള്ളതായി നമ്മുടെ പൗരാണികരാരും രേഖപ്പെടുത്തിയിട്ടില്ല എന്നുള്ളതും, നമ്മുടെ പൂർവികർ പറഞ്ഞുതന്നിട്ടുള്ള കഥകളിലൊന്നും അങ്ങനെയൊരു പരാമർശം ഇല്ല എന്നുള്ളതുമാണ് ബിജെപി മന്ത്രി തന്റെ വാദത്തിന് പിൻബലമായി നിരത്തുന്ന തെളിവുകൾ.

ആർഎസ്എസ്-ബിജെപി സംഘം എല്ലാ തരം ശാസ്ത്രീയ സിദ്ധാന്തങ്ങളെയും, യുക്തിപരമായ ചിന്താപ്രക്രിയയെത്തന്നെയും വലിച്ചെറിയാൻ മുതിരുകയാണ്. പകരം ജനങ്ങളുടെ മനസ്സിൽ കാലഹരണപ്പെട്ട ആശയങ്ങളും അന്ധവിശ്വാസങ്ങളും മതപുനരുജ്ജീവനപരവും പിന്തിരിപ്പനുമായ ചിന്താഗതികളും വളർത്താൻ ശ്രമിക്കുന്നു. അങ്ങനെ ജനങ്ങളെ നിഗൂഢതാവാദത്തിന്റെ അന്ധകാരത്തിൽ തളച്ചിടാൻ ഉദ്യമിക്കുന്നു. ജീർണ്ണവും മരണാസന്നവും നിഷ്ഠുരമാംവിധം മർദ്ദനപരവുമായ മുതലാളിത്തവ്യവസ്ഥിതിയെ ചോദ്യം ചെയ്യാനോ വെല്ലുവിളിക്കാനോ കഴിയാത്ത അവസ്ഥയിലേയ്ക്ക് ജനമനസ്സിനെ തള്ളിയിട്ടുകൊണ്ട് ഈ വ്യവസ്ഥിതിയെ സംരക്ഷിക്കുക എന്നതാണ് ലക്ഷ്യം. അതിന് വേണ്ടിയുള്ള ബൃഹദ്പദ്ധതിയുടെ ഭാഗം തന്നെയാണ് മന്ത്രിയുടെ ഈ പ്രസ്താവനയുമെന്ന് വ്യക്തം.

ശാസ്ത്രലോകം ഇതിനെതിരെ ശക്തമായി പ്രതികരിച്ചുവെന്നത് ശുഭോദർക്കമാണ്. ശാസ്ത്രജ്ഞന്മാരും ശാസ്ത്ര അക്കാദമികളും പ്രതിഷേധമുയർത്തി. മന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ചുകൊണ്ട് മാനവവിഭവശേഷി വികസനമന്ത്രാലയത്തിനും പ്രധാനമന്ത്രിയുടെ ഓഫീസിനും നിവേദനരൂപത്തിൽ നൽകിയ കത്തിൽ ഇതിനകം 3600 ശാസ്ത്രജ്ഞന്മാർ ഒപ്പ് വച്ചുകഴിഞ്ഞു.

വരുന്ന രണ്ട് ദിവസത്തിനുള്ളിൽ ഇനിയും വളരെപ്പേർ ഒപ്പ് വയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ നീതിയുക്തമായ പ്രതിഷേധത്തിൽ ഞങ്ങളും പങ്ക് ചേരുന്നു. ഈ പ്രതിഷേധത്തെ പിന്തുണയ്ക്കണമെന്നും തന്റെ ദുരുദ്ദേശപൂർവ്വമായ പ്രസ്താവന പിൻവലിക്കാൻ മന്ത്രിയെ നിർബ്ബന്ധിതനാക്കിത്തീർക്കണമെന്നും എല്ലാ ശാസ്ത്രജ്ഞന്മാരോടും വിദ്യാഭ്യാസവിചക്ഷണരോടും അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും ബുദ്ധിജീവികളോടും നേരായി ചിന്തിക്കുന്ന മറ്റെല്ലാ ജനവിഭാഗങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു●

# ശാസ്ത്രവിരുദ്ധതയിൽ സംഘപരിവാറിനോട് മത്സരിക്കുന്ന സിപിഐ(എം)

**ക്ഷേ**ത്രങ്ങളിലെ അനുഷ്ഠാനങ്ങളിൽ ശാസ്ത്രീയവശമുണ്ട്. ക്ഷേത്രത്തെക്കുറിച്ചുള്ള ചിന്ത മനുഷ്യന് ഉണർവ്വുണ്ടാക്കും... നാടിന് ചലനാത്മകതയും വളർച്ചയുമുണ്ടാക്കും. ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങൾ നന്മയുണ്ടാക്കും. മനുഷ്യന്റെ കർമ്മശേഷി കൂട്ടും. 1400 വർഷങ്ങൾക്കു മുമ്പുള്ള ക്ഷേത്ര അനുഷ്ഠാനങ്ങളിലൂന്നി ശാസ്ത്രലോകം ഇന്ന് നിരീക്ഷണം നടത്തുന്നു. ഹോമങ്ങളും പൂജകളും മനുഷ്യരുടെയും പ്രകൃതിയുടെയും സംരക്ഷണം പ്രദാനം ചെയ്യുന്നു. ഭൂതകാലത്തെപ്പറ്റിയുള്ള മിഥ്യാഭിമാനത്താൽ വിജൃംഭിതനായ ഏതെങ്കിലും സംഘപരിവാർ ബുദ്ധിജീവിയുടെ വാക്കുകളാണ് മേല്പറഞ്ഞവയെന്ന് കരുതിയെങ്കിൽ തെറ്റി. ദ്വന്ദ്വാത്മകഭൗതികവാദത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നുവെന്നവകാശപ്പെടുന്ന സിപിഐ(എം)-ന്റെ കേന്ദ്രകമ്മിറ്റിയംഗമായ ഇ.പി.ജയരാജന്റെ പ്രസംഗത്തിൽ പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ട വരികളാണിവ. ശബരിമലയിൽ തീപിടിത്തമുണ്ടായപ്പോൾ, ഒരു ക്ഷേത്രം കത്തിനശിച്ചാൽ അത്രയും അന്ധവിശ്വാസം കുറയും എന്ന് അഭിപ്രായപ്പെട്ട മുഖ്യമന്ത്രിയുണ്ടായിരുന്ന ഒരു നാട്ടിലാണ് ഇന്ന് ഭരണകക്ഷിയുടെ പ്രമുഖ നേതാവ് ഈ ക്ഷേത്രമാഹാത്മ്യം പ്രസംഗിക്കുന്നത്. സാമൂഹ്യവിപ്ലവത്തിനുള്ള ഉപാധിയെന്ന നിലയിൽ കേരളത്തിൽ ക്ഷേത്രങ്ങളും വിഗ്രഹങ്ങളും സ്ഥാപിച്ചിരുന്ന ശ്രീനാരായണഗുരു ഒരു നൂറ്റാണ്ട് മുമ്പ് ക്ഷേത്രങ്ങളെക്കുറിച്ച് പറഞ്ഞ വാക്കുകൾ കൂടി ഈ പശ്ചാത്തലത്തിൽ സ്മരിക്കുന്നത് കൗതുകകരമാണ്. അദ്ദേഹം പറഞ്ഞു: ഇനി ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുത്... തൽക്കാലം ക്ഷേത്രം വേണ്ടെന്ന് പറഞ്ഞാൽ ജനങ്ങൾ കേൾക്കുകയില്ല. നിർബ്ബന്ധമാണെങ്കിൽ ചെറിയ ക്ഷേത്രം വച്ചുകൊള്ളട്ടെ. പ്രധാന ദേവാലയം വിദ്യാലയമായിരിക്കണം. പണം പിരിച്ച് പള്ളിക്കൂടങ്ങൾ കെട്ടുവാനാണുത്സാഹിക്കേണ്ടത്. ശുചിയും മറ്റും ഉണ്ടാക്കുവാൻ ക്ഷേത്രം കൊള്ളാം. ജാതിഭേദം കൂടാതെ ഒരു പൊതു ആരാധനാസ്ഥലത്തെങ്കിലും ജനങ്ങളെ ഒന്നിച്ചുചേർക്കുവാൻ ക്ഷേത്രങ്ങൾക്ക് കഴിയുമെന്ന് തോന്നിയിരുന്നു. അനുഭവം നേരെമറിച്ചാണ്. ക്ഷേത്രം ജാതിവ്യത്യാസത്തെ അധികമാക്കുന്നു. ഇനി ജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുപ്പാൻ ശ്രമിക്കണം. അവർക്ക് അറിവുണ്ടാകട്ടെ. അതുതന്നെയാണ് അവരെ നന്നാക്കുവാനുള്ള മരുന്ന്. ആദ്ധ്യാത്മികവാദിയായിരുന്ന ഗുരു ഒരു നൂറ്റാണ്ട് മുമ്പ് പറഞ്ഞതിനെക്കാൾ എത്രയോ പിന്നാക്കം നിൽക്കുന്ന അഭിപ്രായമാണ് ദ്വന്ദ്വാത്മകഭൗതികവാദമെന്ന ശാസ്ത്രീയദർശനത്തിന്റെ വക്താവായി കരുതപ്പെടുന്ന നേതാവ് ഇന്ന് പറയുന്നത്!

പക്ഷെ, ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഇ.പി.ജയരാജന്റെ മേല്പറഞ്ഞ പ്രസംഗത്തിനും ഏതാനും നാളുകൾ മുമ്പാണ് മറ്റൊരു സിപിഐ(എം) നേതാവും മന്ത്രിയുമായ എ.കെ.ബാലൻ ജ്യോതിഷം സത്യമാണെന്ന പ്രസ്താവന നടത്തിയത്. സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് താനത് പറയുന്നത് എന്നദ്ദേഹം സാക്ഷ്യപ്പെടുത്തുകയും ചെയ്തു. കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിലെ സിപിഐ(എം) നേതാക്കൾ മതപരമായ അനുഷ്ഠാനങ്ങളുടെയും കാലഹരണപ്പെട്ട ആശയങ്ങളുടെയും വക്താക്കളായി രംഗത്ത് വരാൻ പ്രത്യേക താല്പര്യമെടുക്കുന്നതായി കാണുന്നു. ശാസ്ത്രവിരുദ്ധതയുടെ കാര്യത്തിൽ അവർ സംഘപരിവാറുമായി മത്സരിക്കുകയാണോ എന്ന് തോന്നിപ്പോകും. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഭക്തശിരോമണിയായി കുപ്പായമൂരി ക്ഷേത്രങ്ങളിൽ തൊഴുതുനിൽക്കുന്ന ചിത്രങ്ങൾ പത്രങ്ങളിൽ അച്ചടിച്ചുവരുന്നു. പൊതുമരാമത്ത് മന്ത്രി ജി.സുധാകരനും ധനകാര്യമന്ത്രി തോമസ് ഐസക്കും കാഴ്ചദ്രവ്യങ്ങളുമായി ചെന്ന് മഠാധിപതിയെ നമസ്കരിക്കുന്നു.

നേതാക്കൾ ഇങ്ങനെ പൊതുവേദികളിൽ മതാനുഷ്ഠാനങ്ങളിലേർപ്പെടുമ്പോൾ അണികളും വിട്ടുകൊടുക്കുന്നില്ല. ഗണേശോത്സവം, ശ്രീകൃഷ്ണജയന്തി തുടങ്ങിയ വേളകളിൽ ഘോഷയാത്രകൾ സംഘടിപ്പിച്ചും വ്യത്യസ്ത ദേവാലയങ്ങളിലെ ഉത്സവങ്ങൾക്ക് ആശംസകൾ നേരുന്ന ബാനറുകളും ബോർഡുകളും സ്ഥാപിച്ചും അവരും തങ്ങളാലാവും വിധം കാര്യങ്ങൾ കൊഴുപ്പിക്കുന്നുണ്ട്. ദോഷം പറയരുതല്ലോ, നേതാക്കൾ ഹിന്ദുമതാനുഷ്ഠാനങ്ങളിൽ മാത്രമേ പങ്കെടുക്കുന്നുള്ളു എന്ന് പറഞ്ഞുകൂടാ. ക്രിസ്ത്യൻ മുസ്ലീം മതവിഭാഗങ്ങളിൽ നിന്ന് വരുന്ന നേതാക്കളിൽ ചിലരെങ്കിലും അവരവരുടേതായ മതചടങ്ങുകളിൽ പങ്കെടുത്തുവരുന്നുണ്ട്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് പിണറായി വിജയൻ നയിച്ച കേരളയാത്രയിലുടനീളം പങ്കെടുത്ത യുവനേതാവ് കെ.ടി.ജലീൽ സമയാസമയങ്ങളിൽ പരസ്യമായി നിസ്കരിച്ച് തന്റെ മതനിഷ്ഠ മാലോകരെ ബോദ്ധ്യപ്പെടുത്തിയത് ഉദാഹരണം. എങ്കിലും കേന്ദ്രഭരണം നിയന്ത്രിക്കുന്ന സംഘപരിവാർ ഉയർത്തുന്ന ഹിന്ദുത്വരാഷ്ട്രീയം രാജ്യത്തെ ജനാധിപത്യവ്യവസ്ഥിതിക്ക് തന്നെ ഭീഷണിയുയർത്തിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഹിന്ദുത്വവാദികളുടെ ആശയങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും കമ്മ്യൂണിസ്റ്റ് എന്നറിയപ്പെടുന്ന പാർട്ടിയുടെ നേതാക്കൾ നൽകുന്ന പിന്തുണ കൂടുതൽ അപകടകരമാണെന്ന് കാണാൻ കഴിയും.

സിപിഐ(എം) നേതാക്കളുടെ മേല്പറഞ്ഞ ചെയ്തികളിൽ രണ്ട് പ്രശ്നങ്ങൾ ഉള്ളടങ്ങിയിട്ടുണ്ട്. ഒന്ന് അവരുടെ പ്രഖ്യാപിത വിശ്വാസപ്രമാണത്തിന് കടകവിരുദ്ധമാണ് അവയെന്നുള്ളതാണ്. വിലകുറഞ്ഞ ജനസമ്മതിക്കുവേണ്ടി സ്വന്തം ആദർശങ്ങൾക്കെതിരെ പ്രവർത്തിക്കുകയെന്നത് ആത്മവഞ്ചനയാണ്. അതല്ല, ഈ ചെയ്തികളും വാക്കുകളും അവരുടെ വിശ്വാസത്തിന് അനുസരിച്ചുള്ളവ തന്നെയെങ്കിൽ അതിന് വിപരീതമായ ആദർശമുള്ള പാർട്ടിയിൽ അവർ നേതാക്കളായിരിക്കുന്നത് തികഞ്ഞ ആത്മവഞ്ചനയാണ്. പ്രതിലോമശക്തികൾക്ക് വളക്കൂറുള്ള മണ്ണ് സൃഷ്ടിക്കുന്ന തരത്തിൽ രാഷ്ട്രീയമണ്ഡലത്തെ ഗ്രസിച്ചിരിക്കുന്ന ധാർമ്മികാപചയത്തിന് ആക്കം കൂട്ടാനേ ആത്മവഞ്ചന ഉപകരിക്കുകയുള്ളു. രണ്ടാമതായി, അത് ജനാധിപത്യത്തിന്റെ അടിസ്ഥാനധാരണകളിലൊന്നായ മതേതരത്വത്തിന് വിരുദ്ധമാണ് എന്നതാണ്. മതേതരത്വമെന്നാൽ എല്ലാ മതങ്ങൾക്കും തുല്യപ്രോത്സാഹനം എന്ന വികലമായ ധാരണയാണ് സ്വാതന്ത്ര്യാനന്തരം ഇൻഡ്യ ഭരിച്ച ബൂർഷ്വാ പാർട്ടികളെല്ലാം വച്ചുപുലർത്തിയിട്ടുള്ളത്. എന്നാൽ മതേതരത്വത്തിന്റെ ശരിയായ അർത്ഥം ഭരണകൂടം ഒരു പ്രകൃത്യതീത ശക്തിയെയും അംഗീകരിക്കാതിരിക്കുക എന്നതാണ്. മതേതര ഭരണകൂടം ഒരു മതത്തിലും വിശ്വസിക്കുന്നില്ല. മതവിശ്വാസം വ്യക്തിയുടെ സ്വകാര്യവിശ്വാസത്തിന്റെ കാര്യമായി മാത്രം പരിഗണിക്കുന്നു. പ്രോത്സാഹിപ്പിച്ചുകൊണ്ടോ നിരുത്സാഹപ്പെടുത്തിക്കൊണ്ടോ ഭരണകൂടം മതവിശ്വാസത്തിൽ ഇടപെടുന്നില്ല. പൊതുജീവിതത്തിൽ മതം ഇടപെടാൻ അനുവദിക്കുന്നുമില്ല. ഭരണപരമായ ചുമതല വഹിക്കുന്നവരും ഉത്തരവാദിത്വമുള്ള രാഷ്ട്രീയ നേതാക്കളും പൊതുവേദികളിൽ മതപരമായ ചടങ്ങുകളിൽ ഏർപ്പെടാതിരിക്കുകയെന്നത് മതേതരത്വം പാലിക്കപ്പെടാൻ അവശ്യം വേണ്ട കാര്യമാണ്. മതേതരത്വം വൈദേശികാശയമാണെന്നും അത് ഭരണഘടനയിൽ നിന്ന് തന്നെ നീക്കം ചെയ്യണമെന്നും വാദിക്കുന്നവരാണ് സംഘപരിവാർ ശക്തികൾ. ഈ സാഹചര്യത്തിൽ പ്രത്യേകിച്ചും മതേതരത്വം തികഞ്ഞ നിഷ്കർഷയോടെ നടപ്പിലാക്കുകയെന്നത് ജനാധിപത്യവിശ്വാസികളുടെ കർത്തവ്യമായിരിക്കുന്നു. പക്ഷെ, വോട്ടിൽ മാത്രം കണ്ണ് നട്ടുകൊണ്ട് പ്രവർത്തിക്കുന്ന സിപിഐ(എം) നേതാക്കൾ ഈ അടിയന്തര കർത്തവ്യം വിസ്മരിച്ചിരിക്കുന്നു. അങ്ങേയറ്റം ആത്മഹത്യാപരമായ നീക്കമാണിതെന്ന് പറയാതെ വയ്യ. മതേതരത്വവും ജനാധിപത്യവും തകർക്കുകയെന്ന ഫാസിസ്റ്റ് അജണ്ടയെ മാത്രം സഹായിക്കുന്ന ഈ അപഥസഞ്ചാരം അവസാനിപ്പിച്ച് ശരിയായ ഇടതുപക്ഷ ജനാധിപത്യ രാഷ്ട്രീയം ഉയർത്തിപ്പിടിക്കാൻ നേതൃത്വത്തോടാവശ്യപ്പെടാൻ സിപിഐ(എം) അനുകൂലികളായ യഥാർത്ഥ ഇടതുപക്ഷവിശ്വാസികൾ മുന്നോട്ട് വരേണ്ടിയിരിക്കുന്നു●

> **സിപിഐ(എം) നേതാക്കളുടെ ചെയ്തികളിൽ രണ്ട് പ്രശ്നങ്ങൾ ഉള്ളടങ്ങിയിട്ടുണ്ട്. ഒന്ന് അവരുടെ പ്രഖ്യാപിത വിശ്വാസപ്രമാണത്തിന് കടകവിരുദ്ധമാണ് അവയെന്നുള്ളതാണ്. വിലകുറഞ്ഞ ജനസമ്മതിക്കുവേണ്ടി സ്വന്തം ആദർശങ്ങൾക്കെതിരെ പ്രവർത്തിക്കുകയെന്നത് ആത്മവഞ്ചനയാണ്. അതല്ല, ഈ ചെയ്തികളും വാക്കുകളും അവരുടെ വിശ്വാസത്തിന് അനുസരിച്ചുള്ളവ തന്നെയെങ്കിൽ അതിന് വിപരീതമായ ആദർശമുള്ള പാർട്ടിയിൽ അവർ നേതാക്കളായിരിക്കുന്നത് തികഞ്ഞ ആത്മവഞ്ചനയാണ്.**

## ജിഎസ്ടി പിൻവലിക്കുക, വിലക്കയറ്റം തടയുക

# പ്രതിഷേധ വാരം ആചരിച്ചു

**അതിരൂക്ഷമായ വിലക്കയറ്റവും തൊഴിലില്ലായ്മയും സൃഷ്ടിക്കുന്ന, ചെറുകിട നിർമ്മാണ മേഖലയെ തകർക്കുന്ന ജിഎസ്ടി പിൻവലിക്കുക, പെട്രോളിന്റെയും ഡീസലിന്റെയും അടിക്കടിയുള്ള ചാർജ്ജ് വർദ്ധനവ് പിൻവലിക്കുക, പാചകവാതക സബ്സിഡി പുനഃസ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 25 മുതൽ 31 വരെ പ്രതിഷേധ വാരമായി ആചരിച്ചു. പ്രതിഷേധ വാരാചരണത്തിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി പ്രചാരണ പരിപാടികളും കേന്ദ്ര സർക്കാർ ഓഫീസുകളിലേക്ക് മാർച്ചും സംഘടിപ്പിച്ചു.**




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേന്ദ്ര ജിഎസ്ടി സൂപ്രണ്ട് ഓഫീസിലേക്ക് നടത്തിയ മാർച്ച്



കൊല്ലത്ത് ഹെഡ് പോസ്റ്റ് ഓഫീസിനുമുന്നിൽ നടന്ന പ്രതിഷേധ സംഗമം സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു



തിരുവല്ലയിൽ നടന്ന പ്രതിഷേധ യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗം സഖാവ് എസ്.രാധാമണി പ്രസംഗിക്കുന്നു



ചെറുതോണിയിൽ നടന്ന പ്രതിഷേധസംഗമം സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു



അങ്കമാലിയിൽ നടന്ന പ്രതിഷേധ യോഗത്തിൽ സഖാവ് പി.പി.അഗസ്റ്റിൻ പ്രസംഗിക്കുന്നു




കോഴിക്കോട് ഇൻകം ടാക്സ് ഓഫീസിലേയ്ക്ക് നടന്ന മാർച്ച്

### തിരുവനന്തപുരം

വിലക്കയറ്റത്തിനും ജിഎസ്ടിക്കും ചെറുകിട വ്യാപാര രംഗത്ത് 100 ശതമാനം വിദേശ നിക്ഷേപം അനുവദിച്ച നടപടിക്കുമെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട്, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ പ്രതിഷേധ ധർണ്ണ നടന്നു.

ജനുവരി 29 ന് പോത്തൻകോട് നടന്ന ധർണ്ണ പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്തു. പെരുങ്കുഴി ബി.രവി അധ്യക്ഷത വഹിച്ചു. സഖാക്കൾ എം.ഷാജർഖാൻ, ജി.ആർ.സുഭാഷ്, എസ്.മിനി(എഐഎംഎസ്എസ്) എസ്.ശ്രീകുമാർ(എഐഡിവൈഒ) എ. ഷൈജു(എഐഡിഎസ്ഒ) എന്നിവർ പ്രസംഗിച്ചു. സഖാവ് ശശി പള്ളിപ്പുറം നന്ദി പറഞ്ഞു.

വള്ളക്കടവ് നടന്ന പ്രതിഷേധ ധർണ്ണയിൽ സഖാക്കൾ ആർ.കുമാർ, ആർ.ബിജു, പി.എസ്.ഗോപകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.




പോത്തൻകോട് നടന്ന പ്രതിഷേധ ധർണ്ണയിൽ സഖാവ് ആർ.കുമാർ പ്രസംഗിക്കുന്നു



കോട്ടയം ഹെഡ്പോസ്റ്റ് ഓഫീസിനു മുന്നിലെ പ്രതിഷേധ ധർണ്ണ ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് പി.എൻ.തങ്കച്ചൻ ഉദ്ഘാടനം ചെയ്യുന്നു

### കൊല്ലം

കൊല്ലം ജില്ലയിൽ ചിന്നക്കട, കുണ്ടറ, പുത്തൂർ, പുനലൂർ, അഞ്ചൽ എന്നിവിടങ്ങളിൽ പ്രതിഷേധ പരിപാടികൾ നടന്നു.

ചിന്നക്കടയിൽ ഹെഡ് പോസ്റ്റ് ഓഫീസിനുമുന്നിൽ നടന്ന പ്രതിഷേധ സംഗമം ജില്ലാ സെക്രട്ടറി സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്തു. ചരക്ക് സേവന നികുതി രാജ്യത്തെ ചെറുകിട-ഇടത്തരം വ്യവസായ മേഖലകളെ തകർക്കുകയും അതുവഴി തൊഴിലില്ലായ്മ കൂടുതൽ രൂക്ഷമാക്കുകയുമാണെന്ന് അദ്ദേഹം പറഞ്ഞു. ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് എസ്.രാഘവന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമത്തിൽ സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ഷൈല കെ.ജോൺ, ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ ബി.വിനോദ്, ബി.രാമചന്ദ്രൻ, ടിങ്കിൾ പ്രഭാകരൻ തുടങ്ങിയവർ പ്രസംഗിച്ചു.

കുണ്ടറ ലോക്കൽ കമ്മിറ്റി ആശുപത്രിമുക്കിൽ സംഘടിപ്പിച്ച പ്രതിഷേധ യോഗം സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ഷൈല കെ. ജോൺ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം സഖാവ് ബി.രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ പി.പി.പ്രശാന്ത് കുമാർ, ബി.വിനോദ്, എസ്.രാഘവൻ തുടങ്ങിയവരും പ്രസംഗിച്ചു.

### പത്തനംതിട്ട

പ്രതിഷേധ വാരാചരണത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ തിരുവല്ല, പന്തളം, മുള്ളനിക്കാട്, കണ്ണങ്കര, വെട്ടിപ്പുറം എന്നിവിടങ്ങളിൽ പ്രതിഷേധ ധർണ്ണ നടന്നു.

എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ, ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ എസ്.രാധാമണി, ബിനു ബേബി, കെ.ജി.അനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

### ആലപ്പുഴ

പ്രതിഷേധ വാരാചരണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേന്ദ്ര ജിഎസ്ടി സൂപ്രണ്ട് ഓഫീസിന് മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന കമ്മിറ്റി അംഗം സഖാവ് വർഗീസ് എം.ജേക്കബ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ കെ.ജെ.ഷീല, എം.എ.ബിന്ദു, ടി.ആർ.സതീശൻ, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി സഖാവ് എസ്.ശില്പ, എഐഡിവൈഒ ജില്ലാ സെക്രട്ടറി സഖാവ് ടി.ആർ.രാജിമോൾ എന്നിവർ പ്രസംഗിച്ചു.

ജില്ലയിലുടനീളം വാഹന പ്രചാരണ ജാഥയും പ്രതിഷേധ യോഗങ്ങളും നടന്നു.

### കോട്ടയം

കോട്ടയം ഹെഡ്പോസ്റ്റ് ഓഫീസിനു മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് പി.എൻ.തങ്കച്ചൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റി അംഗം സഖാവ് മിനി കെ.ഫിലിപ്പ് മുഖ്യപ്രസംഗം നടത്തി.

ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ എൻ.കെ.ബിജു, ഇ.വി.പ്രകാശ്, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് എം.കെ.ഷഹസാദ്, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് ആശാരാജ് എന്നിവർ പ്രസംഗിച്ചു.

### ഇടുക്കി

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഇടുക്കി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചെറുതോണിയിൽ നടത്തിയ പ്രതിഷേധസംഗമം സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഹൈറേഞ്ച് മേഖലാ കമ്മിറ്റി സെക്രട്ടറി സഖാവ് എം.ബി.രാജശേഖരൻ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ സിബി സി.മാത്യു, എം.എസ്.നാരായണപിള്ള, മാത്യു തോമസ് തുടങ്ങിയവർ സംസാരിച്ചു.



പാലക്കാട് ഹെഡ്പോസ്റ്റോഫീസിനുമുന്നിൽ നടന്ന ധർണ്ണയിൽ സഖാവ് കെ.അബ്ദുൾ അസീസ് പ്രസംഗിക്കുന്നു




ചാവക്കാട് പോസ്റ്റ് ഓഫീസിലേയ്ക്ക് നടന്ന മാർച്ച് സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു




സുൽത്താൻ ബത്തേരിയിൽ നടന്ന ധർണ്ണ സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു



കണ്ണൂർ ടൗണിൽ നടന്ന പ്രതിഷേധ യോഗത്തിൽ ഡോ. ഡി.സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു

## എറണാകുളം

പ്രതിഷേധവാരത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ നടന്ന പ്രചാരണ ജാഥയുടെ സമാപനം പെരുമ്പാവൂരിൽ നടന്നു. ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ മുഖ്യപ്രസംഗം നടത്തി.പെരുമ്പാവൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് കെ.കെ.ശോഭ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.പി.സാൽവിൻ, കെ.സി.ജയൻ എന്നിവരും ലോക്കൽ കമ്മിറ്റിയംഗം സഖാവ് കെ.പി.പരമേശ്വരനും പ്രസംഗിച്ചു. ജാഥയ്ക്ക് സഖാക്കൾ എം.കെ.തങ്കപ്പൻ, എ.ജി.അജയൻ, എ.ബ്രഹ്മകുമാർ, എം.കെ.കാഞ്ചനവല്ലി, ജ്യോതിലക്ഷ്മി എന്നിവർ നേതൃത്വം നൽകി.

അങ്കമാലി ടൗണിൽ നടന്ന പ്രകടനവും പ്രതിഷേധ യോഗവും ജില്ലാ കമ്മിറ്റിയംഗം സഖാവ് പി.പി.അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗവും ലോക്കൽ കമ്മിറ്റി സെക്രട്ടറിയുമായ സഖാവ് കെ.സി.ജയൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ.പി.സാൽവിനും പ്രസംഗിച്ചു. മാർച്ചിന് സഖാക്കൾ, ബി.പി. ബിന്ദു, വി.കെ. മോഹനൻ, എം.കെ.കാഞ്ചനവല്ലി, പി.വി.രജീഷ്, കെ.പി.പരമേശ്വരൻ, ജ്യോതി ലക്ഷ്മി തുടങ്ങിയവർ നേതൃത്വം നൽകി.

## തൃശ്ശൂർ

ജി.എസ്.ടി. പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പാർട്ടി ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചാവക്കാട് പോസ്റ്റ് ഓഫീസിലേക്ക് പ്രതിഷേധമാർച്ചും യോഗവും നടന്നു. പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ടി.കെ.സുധീർകുമാർ മാർച്ച് ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി സഖാവ് ഡോ.പി.എസ്.ബാബു മുഖ്യപ്രസംഗം നടത്തി. ലോക്കൽ കമ്മിറ്റിയംഗം സഖാവ് സി.ആർ. ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാക്കമ്മിറ്റിയംഗം സഖാവ് സി.കെ.ശിവദാസൻ, എഐഡിവൈഒ ജില്ലാപ്രസിഡന്റ് സഖാവ് എ.എം.സുരേഷ് എന്നിവർ പ്രസംഗിച്ചു.

വസന്തം കോർണ്ണറിൽ നിന്നാരംഭിച്ച പ്രകടനത്തിന് ലോക്കൽ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ഒ.കെ.വൽസലൻ, സി.വി.പ്രേംരാജ് എന്നിവരും രഞ്ജിത്, എം.ബി. സതീശൻ, ബേബി വൽസലൻ എന്നിവരും നേതൃത്വം കൊടുത്തു.

## പാലക്കാട്

പ്രതിഷേധ വാരാചരണത്തിന്റെ ഭാഗമായി ജനുവരി 31ന് പാലക്കാട് ഹെഡ്പോസ്റ്റോഫീസിനുമുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി. ജില്ലാ സെക്രട്ടറി സഖാവ് കെ.അബ്ദുൾ അസീസ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ ധർണ്ണ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.എം.ബീവി, കെ.പ്രദീപ്, ആർ.രാമനാഥൻ, ടൗൺലോക്കൽകമ്മിറ്റിയംഗം സഖാവ് കെ.പ്രസാദ് എന്നിവർ പ്രസംഗിച്ചു.

## കോഴിക്കോട്

പ്രതിഷേധവാരാചരണത്തിൻെറ ഭാഗമായി കോഴിക്കോട് ഇൻകം ടാക്സ് ഓഫിസ്സിലേക്ക് മാർച്ച് നടത്തി. മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്തു. സഖാക്കൾ പി.എം.ശ്രീകുമാർ, പോൾ.ടി.സാമുവൽ, എം.കെ.രാജൻ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ പി.കെ.തോമസ്, പി.കെ.പ്രഭാഷ്, കെ.എസ്.ശിവദാസൻ തുടങ്ങിയവർ മാർച്ച് നയിച്ചു.

ജിഎസ്ടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൂട്ടാലിടയിൽ നടന്ന പൊതുയോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്തു. സഖാവ് അനിൽകുമാർ അധ്യക്ഷത വഹിച്ചു. പി.കെ.മധു, കെ.റഹിം എന്നിവർ പ്രസംഗിച്ചു.

## വയനാട്

ജിഎസ്ടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി വയനാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സുൽത്താൻ ബത്തേരി പോസ്റ്റ് ഓഫീസ്സിനു മുമ്പിൽ ധർണ്ണ നടത്തി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് ധർണ്ണ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ ചെറുകിട ഉല്പാദന-വാണിജ്യ മേഖല പാടെ തകർക്കുകയും വൻ തൊഴിൽ നഷ്ടമുണ്ടാക്കുകയും വിലക്കയറ്റം രൂക്ഷമാക്കുകയും ചെയ്ത ജിഎസ്ടി എന്ന നികുതി ഘടന ബഹുഭൂരിപക്ഷം ജനങ്ങളെയും പാപ്പരാക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. കോർപ്പറേറ്റുകൾക്കും വൻ മുതലാളികൾക്കും മാത്രമാണ് മോദിഭരണം കൊണ്ട് നേട്ടമുണ്ടാകുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ജില്ലാ സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ അഡ്വ. ടി.ജെ.ഡിക്സൺ, പി.കെ.ഭഗത്, ബി.ഇമാമുദ്ദീൻ, ദേവസ്യ പുറ്റനാൽ, കെ.മധുസൂദനൻ എന്നിവർ പ്രസംഗിച്ചു. ചുങ്കം ജംഗ്ഷനിൽനിന്നും പ്രകടനമായിട്ടാണ് പ്രവർത്തകർ പോസ്റ്റ് ഓഫീസ്സിന് മുമ്പിലെത്തിയത്.

## കണ്ണൂർ

എസ്‌യുസിഐ(സി) കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ വാരാചരണത്തിന്റെ ഭാഗമായി ജനുവരി 31ന് കണ്ണൂർ ടൗണിൽ പ്രതിഷേധ യോഗം നടത്തി. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം ഡോ. ഡി.സുരേന്ദ്രനാഥ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ കമ്മിറ്റിയംഗം സഖാവ് എം.കെ. ജയരാജൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ബി. ഭദ്രൻ, അഡ്വ. പി.സി.വിവേക് എന്നിവർ പ്രസംഗിച്ചു ●

# ലെനിൻ അനുസ്മരണ സമ്മേളനവും പാർട്ടി ഓഫീസ് ഉദ്ഘാടനവും




കൊടുങ്ങല്ലൂരിൽ നടന്ന ലെനിൻ അനുസ്മരണ സമ്മേളനത്തിൽ ഡോ.പി.എസ്.ബാബു പ്രസംഗിക്കുന്നു

**എസ്**യുസിഐ(കമ്മ്യൂണിസ്റ്റ്) കൊടുങ്ങല്ലൂർ ലോക്കൽകമ്മിറ്റി മേഖലയിലെ പ്രർത്തനങ്ങളുടെ കേന്ദ്രമെന്ന നിലയിൽ മേത്തല ഫീനിക്സ് ജംഗ്ഷനിൽ ഓഫീസ് തുറന്നു പ്രവർത്തനമാരംഭിച്ചു. ലോകതൊഴിലാളി വർഗത്തിന്റെ മഹാനായ നേതാവ് ലെനിന്റെ അനുസ്മരണദിനമായ ജനുവരി 21ന് പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് ഡോ.പി.എസ്.ബാബുവാണ് ഓഫീസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. തുടർന്ന് നടന്ന സമ്മേളനത്തിൽ പാർട്ടി ലോക്കൽ കമ്മിറ്റി അംഗം സഖാവ് സി.എസ്.കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ എ.വി.ബെന്നി, സുജ ആന്റണി, കെ.വി.വിനോദ് എന്നിവർ പ്രസംഗിച്ചു ●

# ലെനിൻ അനുസ്മരണം

## കോഴിക്കോട്

കാട്ടിലപ്പീടികയിൽ ജനുവരി 20ന നടന്ന ലെനിൻ അനുസ്മരണ യോഗത്തിൽ സഖാവ് എം.സന്തോഷ് അധ്യ ക്ഷൻ ആയിരുന്നു. സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ മുഖ്യപ്രസംഗം നടത്തി. പാർട്ടി ജില്ലാ കമ്മിറ്റി അംഗം സഖാവ് പി.എം. ശ്രീകുമാർ, സഖാവ് പ്രവീൺകുമാർ എന്നിവരും പ്രസംഗിച്ചു.

## പാലക്കാട്

കല്ലേപ്പുള്ളി ജംഗ്ഷനിൽ ജനുവരി 20ന് നടന്ന ലെനിൻ അനുസ്മരണ യോഗത്തിൽ സഖാവ് കെ.പ്രസാദ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സഖാവ് കെ.അബ്ദുൾ ആസീസ് ഉദ്ഘാടനം ചെയതു. ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ കെ.പ്രദീപ്, കെ.എം.ബീവി, എ.ഹസീന, കെ.ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ സമരസാഹോദര്യ സംഗമം

**ജാ**തി-മതം-പശു-ദേശം-വംശം ഇവയുടെ പേരിൽ വർഗ്ഗീയത വളർത്തി ജനൈക്യം തകർക്കുന്ന ഭരണനയം അവസാനിപ്പിക്കുക, നോട്ടുനിരോധനവും ജിഎസ്ടിയും സൃഷ്ടിച്ച സാമ്പത്തിക തകർച്ചയിൽനിന്നും നാടിനെ രക്ഷിക്കുക, രൂക്ഷമാകുന്ന തൊഴിലില്ലായ്മയ്ക്ക് അറുതിവരുത്തുക എന്നീ ആവശ്യങ്ങളെ മുൻനിർത്തി എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരിയിൽ വർഗ്ഗീയതയ്ക്കും മുതലാളിത്ത ചൂഷണ നയങ്ങൾക്കുമെതിരെ സമരസാഹോദര്യ സംഗമം നടന്നു.

എഐഡിവൈഒ ചങ്ങനാശ്ശേരി മേഖല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന സംഗമം പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. മതാന്ധതയും ജാതീയ വേർതിരിവുകളും മനുഷ്യർക്കിടയിൽ വേലിക്കെട്ടുകൾ വളർത്തുമ്പോൾ ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ യോജിച്ച മുന്നേറ്റത്തിന് ഏറെ പ്രസക്തിയുണ്ട് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പശുവിന്റെ പേരിലും ആരാധനാലയങ്ങളുടെ പേരിലും ദലിതുകളും മുസ്ലീങ്ങളും കൊലചെയ്യപ്പെടുന്നത് ഇന്ന് വാർത്തപോലും അല്ലാതാകുന്നു. ഞങ്ങളിലില്ല ഹൈന്ദവരക്തം, ഞങ്ങളിലില്ല ഇസ്ലാം രക്തം, ഞങ്ങളിലില്ല ക്രൈസ്തവരക്തം, ഞങ്ങളിലുള്ളത് മാനവരക്തം എന്ന് ഉറക്കെ വിളിച്ചുപറയാൻ ചെറുപ്പക്കാർക്ക് സാധിക്കണം.

നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് സർക്കാർ ഉന്നയിച്ചിരുന്ന ന്യായങ്ങളും അവകാശവാദങ്ങളും പൂർണ്ണമായും കളവാണെന്ന് തെളിഞ്ഞു കഴിഞ്ഞു. മുഴുവൻ പൗരന്മാരെക്കൊണ്ടും ബാങ്ക് അക്കൗണ്ട് എടുപ്പിക്കാൻ നടത്തിയ ശ്രമങ്ങളും നോട്ട് നിരോധനവും ജിഎസ്ടിയും സർക്കാർ ഇപ്പോൾ നടപ്പാക്കുന്ന എഫ്ആർഡിഐയും എല്ലാം ഒരേ ലക്ഷ്യത്തോടെയുള്ളതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു വിഷയാവതരണം നടത്തി. എഐവൈഎഫ് കോട്ടയം ജില്ലാ ജോയിന്റ്സെക്രട്ടറി സഖാവ് പൗലോസ് എം.സ്കറിയ, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ്, ജില്ലാ സെക്രട്ടറി സഖാവ് അനില ബോസ്, ജില്ലാ പ്രസിഡന്റ് സഖാവ് രജിത ജയറാം, സംസ്ഥാന കമ്മിറ്റിയംഗം സഖാവ് കെ.സജി, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് ആശാ രാജ്, എസ്.യു.സി.ഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. എഐഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് അരവിന്ദ് വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ച സംഗമത്തിൽ സഖാവ് മേധ സുരേന്ദ്രനാഥ് സ്വാഗതവും സഖാവ് ലാരിയ പരമേശ്വരൻ കൃതജ്ഞതയും രേഖപ്പെടുത്തി.

സംഗമത്തോടനുബന്ധിച്ച് പ്രചോദന മ്യൂസിക് സ്ക്വാഡിന്റെ ഗാനസദസ്സും എഐഡിവൈഒ നാടക സംഘത്തിന്റെ 'വരൂ ഈ തെരുവിലെ രക്തം കാണൂ' എന്ന തെരുവു നാടകവും അവതരിപ്പിച്ചു ●

# ജനതാല്പര്യം പരിഗണിക്കാത്ത സംസ്ഥാന ബജറ്റ്

**ജ**നങ്ങൾ നേരിടുന്ന നീറുന്ന പ്രശ്നങ്ങൾക്കൊന്നിനും പരിഹാരം കാണാൻ ശ്രമിക്കാത്ത ബജറ്റാണ് കേരള സർക്കാർ അവതരിപ്പിച്ചിരിക്കുന്നതെന്ന് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ് പ്രസ്താവനയിൽ പറഞ്ഞു.

സംസ്ഥാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അതിരൂക്ഷമായ തൊഴിലില്ലായ്മയോ വിലക്കയറ്റമോ കുറച്ചുകൊണ്ടുവരാൻ വ്യക്തമായ യാതൊരു പരിശ്രമവും നടത്തിയിട്ടില്ലെന്ന് മാത്രമല്ല, അവ വർദ്ധിപ്പിക്കുന്ന പ്രഖ്യാപനങ്ങളാണ് 2018-19ലെ സംസ്ഥാന ബജറ്റിൽ നടത്തിയിരിക്കുന്നത്. നോട്ട് നിരോധനവും, ജിഎസ്ടി ഏർപ്പെടുത്തിയതും വഴി സംഭവിച്ച വമ്പിച്ച സാമ്പത്തിക പ്രതിസന്ധികളും തൊഴിൽ നഷ്ടവും പരിഹരിക്കാൻ പരിശ്രമമില്ലെന്നു മാത്രമല്ല പുതിയ തസ്തികകൾ നിരോധിക്കുകയും ചെയ്തിരിക്കുന്നു. വൻതോതിൽ വില വർദ്ധിക്കാൻ ഇടയാക്കുന്ന പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി തുക, വിലയോടൊപ്പം സംസ്ഥാന സർക്കാരും കൂട്ടിക്കൊണ്ടിരിക്കുകയാണ്. അതിന് കുറവുവരുത്താൻ ബജറ്റിൽ ശ്രമിച്ചിട്ടില്ല.

കെഎസ്ആർടിസി ജീവനക്കാരുടെ പെൻഷൻ സർക്കാരിന്റെ ബാദ്ധ്യതയല്ലെന്ന് സർക്കാർ തുറന്നു പറഞ്ഞിരിക്കുന്നു. അവരുടെ ദുരിതം തുടരുമെന്ന് അർത്ഥം. റേഷൻ രംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് യാതൊരു തീരുമാനവും പ്രഖ്യാപിച്ചിട്ടില്ല.

കടം വൻതോതിൽ വർദ്ധിച്ച് ഇപ്പോൾ രണ്ടേകാൽ ലക്ഷം കോടി രൂപയിലെത്തിയിരിക്കുന്നു. കിഫ്ബി വഴി 50,000 കോടി കടമെടുത്ത് 9 വർഷം കഴിയുമ്പോൾ ഒരു ലക്ഷം കോടിയായി തിരിച്ചടയ്ക്കേണ്ട ബാദ്ധ്യതയും ജനങ്ങളുടെമേൽ വരുത്തിവയ്ക്കുന്നു. ചുരുക്കത്തിൽ ആഗോളവൽകരണ നയങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് എല്ലാ മേഖലകളിലും അനുവർത്തിക്കുന്ന നയങ്ങളുടെ പ്രതിഫലനം തന്നെയാണ് കേന്ദ്ര ബജറ്റിലെന്നപോലെ സംസ്ഥാന ബജറ്റിലും കാണുന്നത്. ഇതിലൂടെ ജനങ്ങൾക്ക് ദ്രോഹമല്ലാതെ ഗുണമൊന്നും വരാനില്ല●



പ്രൊഫസർ സി.വി.കുമാരൻ യോഗം ഉദ്ഘാടനം ചെയ്യുന്നു

# നെതന്യാഹുവിന്റെ ഇന്ത്യാസന്ദർശനത്തിൽ പ്രതിഷേധിച്ചു

**ഇ**സ്രായേൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹുവിന്റെ ഇന്ത്യാസന്ദർശനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ആൾ ഇന്ത്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 15ന് കോഴിക്കോട് പൊതുയോഗം സംഘടിപ്പിച്ചു. പാലസ്തീൻ ജനതയെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന ഇസ്രായേൽ ഭരണത്തലവനെ ഇന്ത്യയിലേക്ക് ക്ഷണിച്ചത് ഇന്ത്യയുടെ സാമ്രാജ്യത്വവിരുദ്ധ സമരപാരമ്പര്യത്തിന് അപമാനമാണെന്ന് യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രൊഫസർ സി.വി.കുമാരൻ പറഞ്ഞു. എ.ശേഖർ അധ്യക്ഷത വഹിച്ചു. പോൾ ടി.സാമുവൽ, പി.കെ.മധു, പി.എം. ശ്രീകുമാർ എന്നിവരും പ്രസംഗിച്ചു●

# പാചകവാതകം സാധാരണക്കാരന് അപ്രാപ്യമാകുന്നു

**പെട്രോളിയം വില വർദ്ധന...**

*(1-ാം പേജിൽ നിന്ന്)*

ശതകോടീശ്വരൻമാർ സൃഷ്ടിക്കപ്പെടുന്നു എന്നും ഭക്ഷ്യ സുരക്ഷയുടെ കാര്യത്തിൽ ഇന്ത്യ 102 -ാം സ്ഥാനത്താണ് എന്നും സർവ്വേ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. സാമ്പത്തിക മേഖലയുടെ വളർച്ചയെ അടിസ്ഥാനപ്പെടുത്തി ലോകസാമ്പത്തിക ഫോറം തയ്യാറാക്കുന്ന സാമ്പത്തിക റിപ്പോർട്ടാണ് ഈ വിവരങ്ങൾ പുറത്തുകൊണ്ടുവന്നത്.

ഓക്സ്ഫാം പുറത്തിറക്കിയ വാർഷിക സർവ്വേ റിപ്പോർട്ടാണ് മറ്റൊന്ന്. ഇതിൻപ്രകാരം ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കപ്പെട്ട സമ്പത്തിൽ 73 ശതമാനവും കൈയടക്കിയത് 1 ശതമാനം വരുന്ന അതിസമ്പന്നരാണ്. രാജ്യത്തെ 77 ശതമാനം വരുന്ന ദരിദ്രരുടെ സമ്പത്തിൽ കഴിഞ്ഞ വർഷമുണ്ടായ വർദ്ധന വെറും 1 ശതമാനം മാത്രവും. കഴിഞ്ഞ വർഷം 53 ശതമാനമായിരുന്നു ഒരു ശതമാനംവരുന്ന സമ്പന്നർ കൈയടക്കിയിരുന്നത് എങ്കിൽ ഈ വർഷം 73 ശതമാനമായി ഉയർന്നിരിക്കുന്നു. സാമ്പത്തിക അസമത്വത്തിന്റെ തീവ്രതയാണ് ഈ റിപ്പോർട്ടിലൂടെ വെളിവാക്കപ്പെടുന്നത്. 2017 ൽ ഇന്ത്യയിലെ 1 ശതമാനം വരുന്ന സമ്പന്നരുടെ സ്വത്ത് 20.9ലക്ഷം കോടിയിലേറെ വർദ്ധിച്ചു. കേന്ദ്രസർക്കാരിന്റെ ആകെ ബജറ്റിലെ തുകയ്ക്ക് തുല്യമാണിത്.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മോദിസർക്കാർ കൈക്കൊണ്ട സാമ്പത്തിക നയങ്ങൾ ഈ സ്ഥിതിയിലേയ്ക്ക് നയിക്കുന്നതായിരുന്നു. നോട്ടു നിരോധനം, ജിഎസ്ടി, ചില്ലറ വ്യാപാര രംഗത്ത് നൂറു ശതമാനം വിദേശ നിക്ഷേപം അനുവദിക്കാനുള്ള തയ്യാറെടുപ്പ് ഇവയൊന്നും സാധാരണക്കാരനെ വിദൂരമായെങ്കിലും പരിഗണിച്ചുള്ള നയങ്ങളല്ല. എല്ലാം വമ്പൻ കുത്തകകളുടെ താൽപര്യം മാത്രം പരിഗണിച്ചുള്ള നയങ്ങളായിരുന്നു എന്നത് അനന്തരഫലങ്ങൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ വർഷം ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ പട്ടികയിൽ 17 പേർ കൂടി ഇടംപിടിച്ചു.

ഈ ഗണത്തിൽപ്പെടുന്നതുതന്നെയാണ് പെട്രോളിന്റെയും ഡീസലിന്റെയും പാചകവാതകത്തിന്റെയും ദിനേനയുള്ള വിലക്കയറ്റം. പെട്രോളിന്റെയും ഡീസലിന്റെയും വില ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പാചകവാതക സബ്സിഡിയാകട്ടെ സമ്പൂർണ്ണമായും നിർത്തലാക്കാനുള്ള നീക്കം ദ്രുതഗതിയിലാണ്. വിലവർദ്ധനവിന് യാതൊരു ന്യായീകരണവുമില്ല.

**എന്തുകൊണ്ട് വിലവർദ്ധനവ്**

അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വില താഴുമ്പോഴും ഇവിടെ പെട്രോളിന് വില വർദ്ധിക്കുന്നത് എന്തുമായമാണ്. ദിനംപ്രതിയുള്ള വിലവർദ്ധനവിന്റെ ഒരു പ്രധാന കാരണം വിലനിയന്ത്രണാധികാരം എണ്ണക്കമ്പനികൾക്കാണ് എന്നുള്ളതാണ്. വിലനിയന്ത്രണാധികാരം എണ്ണക്കമ്പനികളെ ഏൽപ്പിച്ചതിന്റെ ക്രഡിറ്റ് യുപിഎ സർക്കാരിനും തുടർന്ന് ബിജെപി സർക്കാരിനും ഒരുപോലെ അവകാശപ്പെട്ടതാണ്. 2012ൽ മൻമോഹൻ സിങ്ങ് നയിച്ച യുപിഎ സർക്കാരിന്റെ കാലത്താണ് പെട്രോളിന്റെ വിലനിയന്ത്രണാധികാരം എണ്ണക്കമ്പനികൾക്ക് നൽകപ്പെട്ടത്. തുടർന്നുവന്ന ബിജെപി ഗവൺമെന്റ് ഡീസലിന്റെ വിലനിയന്ത്രണവും കുത്തകകളെ ഏൽപ്പിച്ചു. അന്തർദ്ദേശീയ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വിലകുറയുന്നതിന് ആനുപാതികമായി ഇന്ത്യയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയും എന്നൊരു വാദഗതിയാണ് അന്നുയർത്തപ്പെട്ടത് എങ്കിലും വിലക്കുറവിന്റെ ആനുകൂല്യം ജനങ്ങൾക്ക് ഇതുവരെയും ലഭ്യമായിട്ടില്ല എന്നുമാത്രമല്ല, അന്തർദ്ദേശീയ മാർക്കറ്റിലെ വിലയിടിവിന്റെ നേട്ടം കൊയ്യുന്നത് മുഴുവൻ എണ്ണക്കമ്പനികളാണ് എന്നതാണ് യാഥാർത്ഥ്യം.

നരേന്ദ്രമോദി അധികാരമേൽക്കുമ്പോൾ 2014 ജൂണിൽ ഒരു ലിറ്റർ പെട്രോളിന്റെമേലുണ്ടായിരുന്ന സെൻട്രൽ എക്സൈസ് നികുതി 9 രൂപ 45 പൈസ ആയിരുന്നത് ഇപ്പോൾ 127 ശതമാനം വർദ്ധിച്ച് 21 രൂപയ്ക്കും മുകളിൽ ആയിരിക്കുന്നു. സംസ്ഥാന സർക്കാരും നികുതി ഇനത്തിൽ ഒരു ലിറ്ററിൽ പിടുങ്ങുന്നത് 17 രൂപയ്ക്ക് മുകളിൽ ആണ്. ഡീസലിന് ഈ കാലയളവിൽ 300 ശതമാനത്തിലേറെ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ലിറ്ററിൽ 3 രൂപ 60 പൈസ ആയിരുന്നു സെൻട്രൽ എക്സൈസ് നികുതി എങ്കിൽ ഇപ്പോൾ അത് വർദ്ധിച്ച് 17 രൂപയും കടന്നിരിക്കുന്നു.

അന്തർദ്ദേശീയ നിലപാടുകൾക്കനുസരിച്ചാണ് ഇന്ത്യയിൽ പെട്രോളിന്റെയും ഡീസലിന്റെയും വിലനിശ്ചയിക്കുന്നത് എന്ന് നമ്മുടെ ഭരണാധികാരികൾ പറയുമ്പോഴും നമ്മുടെ അയൽരാജ്യങ്ങളിലെ നടപ്പുവിലയും പരിശോധിക്കുന്നത് നന്നായിരിക്കും. പാകിസ്ഥാനിൽ പെട്രോൾ ഒരു ലിറ്ററിന് ഇപ്പോഴും 41 രൂപയാണ്. ഭൂട്ടാനിൽ 56ഉം, നേപ്പാളിൽ 46 ഉം ശ്രീലങ്കയിൽ 54ഉം ബംഗ്ലാദേശിൽ 52 ഉം രൂപയാണ് പെട്രോൾ ലിറ്റർ ഒന്നിന് ഇപ്പോഴും ഈടാക്കിക്കൊണ്ടിരിക്കുന്നത്.

അന്തർദ്ദേശീയ മാർക്കറ്റിൽ വിലയുടെ ഏറ്റക്കുറച്ചിൽ ഒരു ന്യായീകരണമായി പലപ്പോഴും ചൂണ്ടിക്കാണിക്കപ്പെടാറുണ്ടെങ്കിലും അതൊരു ന്യായമേയല്ല. ലോക്കൽ മാർക്കറ്റിൽ പോയി സാധാരണക്കാരൻ പലചരക്കുവാങ്ങുംപോലെയല്ല എണ്ണക്കമ്പനികൾ ക്രൂഡ് ഓയിൽ വാങ്ങുന്നത്. പലരാജ്യങ്ങളുമായും കരാറുണ്ടാക്കുന്നതും ഉണ്ടാക്കിയിരിക്കുന്നതും 15 മുതൽ 25 വർഷത്തേയ്ക്കാണ്. നിത്യേനയുണ്ടാകുന്ന വിലയുടെ ഏറ്റക്കുറച്ചിൽ കരാറിനെ ബാധിക്കേണ്ട കാര്യമില്ല. ഇറക്കുമതി ചെയ്യുന്ന എണ്ണയുടെ 40 ശതമാനത്തോളവും വിലയിൽ ഏറ്റക്കുറച്ചിൽ ബാധിക്കാത്ത എണ്ണയാണ്. അതിന് ഈടാക്കുന്നതും അന്താരാഷ്ട്രവിപണിയിലെ ഏറ്റവും പുതിയ വിലയാണ്. ഇന്ത്യയിൽ ഉപയോഗിക്കുന്നതിന്റെ 40 ശതമാനവും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നതാണ് എന്നതാണ് മറ്റൊരു യാഥാർത്ഥ്യം. അതിന് ഈടാക്കുന്നതും അന്താരാഷ്ട്ര വിപണിയിലെ വിലതന്നെ.

ലോകത്തിലെ തന്നെ ഏറ്റവും ചെലവുകുറഞ്ഞ ശുദ്ധീകരണ സംവിധാനമാണത്രേ ഇന്ത്യയിൽ ഉള്ളത്. ഇറക്കുമതി ചെയ്യുന്ന ക്രൂഡ് ഓയിൽ ശുദ്ധീകരിക്കുമ്പോൾ ലഭ്യമാകുന്ന പെട്രോളിന്റെ 40 ശതമാനവും കയറ്റുമതി ചെയ്യുകയുമാണ്. അങ്ങനെയും കുത്തകകൾ കൊയ്തെടുക്കുന്നത് കോടികളാണ്.

ചരക്കും സേവനങ്ങളുമടക്കം നികുതിയുടെ പരിധിയിൽ കൊണ്ടുവന്നുകൊണ്ട് ജിഎസ്ടി നടപ്പിലാക്കിയ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പെട്രോളും ഡീസലും ജിഎസ്ടിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് താൽപര്യം കാണിക്കുന്നില്ല. നികുതി ഗണ്യമായി കുറയ്ക്കേണ്ടി വരും എന്നതാണ് കാരണം. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിക്കുന്നത് അവശ്യനിത്യോപയോഗ സാധനങ്ങളുടെ വില വീണ്ടും കുതിച്ചുയരാൻ കാരണമാകും.

**പാചകവാതക വിലവർദ്ധനവ്**

പ്രതിമാസമാണ് പാചകവാതകത്തിനും വിലവർദ്ധിപ്പിക്കുന്നത്. 2017 മാർച്ചിൽ ഒറ്റയടിക്ക് സിലിണ്ടർ ഒന്നിന് 86 രൂപയുടെ വർദ്ധനവാണ് അടിച്ചേൽപ്പിച്ചത്. ആഗസ്റ്റിൽ വീണ്ടും വർദ്ധനവുണ്ടായി. കേരളത്തിൽ സിലിണ്ടറൊന്നിന് 800 രൂപവരെ എത്തിയിരിക്കുന്നു. പാചകവാതകത്തിന് 2018 മാർച്ചോടുകൂടി സബ്സിഡി സമ്പൂർണ്ണമായും നിർത്തൽ ചെയ്യും എന്ന് ഇതിനകം പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. പാചകവാതക സബ്സിഡി മൂലം സർക്കാർ വലിയ കടക്കെണിയിലാണെന്നും സാധ്യമാകുന്നവരെല്ലാം സബ്സിഡി ഉപേക്ഷിക്കണം എന്നും ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ സ്ത്രീകളെ വിറകടുപ്പിൽനിന്നും പുകയിൽനിന്നും രക്ഷിക്കണമെങ്കിൽ അവർക്ക് പാചകവാതകം എത്തിക്കണമെന്നും അതിനാണ് കാശുള്ളവർ സബ്സിഡി ഉപേക്ഷിക്കണം എന്നു പറയുന്നതെന്നുമുള്ള പ്രചാരണത്തിന് മുൻകൈ എടുക്കുന്നത് പ്രധാനമന്ത്രി നരേന്ദ്രമോദി തന്നെയാണ്. എന്നാൽ വില കുത്തനെ ഉയർത്തി സിലിണ്ടർ സാധാരണക്കാരന് അപ്രാപ്യമായ ഒരു ആഡംബര വസ്തുവായി മാറ്റിത്തീർത്തിരിക്കുന്നു. പുതിയ ബജറ്റിൽ 8 കോടി സ്ത്രീകൾക്ക് സൗജന്യ പാചകവാതക കണക്ഷൻ നൽകും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പ്രഖ്യാപനങ്ങളൊക്കെ തികഞ്ഞ വഞ്ചനയും തട്ടിപ്പുമാണ് എന്ന് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

പാചകവാതകത്തിന് സബ്സിഡി ബാങ്കുവഴി എന്നു പറഞ്ഞാണ് ക്രമേണ വിലവർദ്ധിപ്പിച്ചുകൊണ്ടിരുന്നത്. എല്ലാത്തരം സബ്സിഡികളും ബാങ്കുവഴിയാക്കി. എല്ലാവരെക്കൊണ്ടും അക്കൗണ്ടും എടുപ്പിച്ചു. വിദ്യാർത്ഥികൾക്കുൾപ്പെടെ സീറോ ബാലൻസ്. അതായിരുന്നു ക്യാമ്പയിൻ. എന്നാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുകകളും പാചകവാതക സബ്സിഡിയും വിധവാ പെൻഷനും കർഷകതൊഴിലാളി പെൻഷനും വാർദ്ധക്യപെൻഷനുമടക്കം മിനിമം ബാലൻസില്ലാത്തതിന്റെ പേരിൽ പിടിക്കപ്പെടുന്നു എന്നതിനും നമ്മൾ ഇന്ന് സാക്ഷിയാകുകയാണ്. എസ്ബിഐ മാത്രം കഴിഞ്ഞ ആറുമാസത്തിനിടയിൽ 366 കോടിരൂപ മിനിമം ബാലൻസില്ലാത്തതിന്റെ പേരിൽ തിരിച്ചുപിടിച്ചു. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ജനങ്ങളിൽനിന്നും ഈടാക്കുന്നതിന്റെ അതീവനിസ്സാരമായ ഒരു പങ്കു മാത്രമാണ് പാചകവാതക സബ്സിഡിയായി തിരികെ നൽകുന്നത് എന്നിരിക്കെ വൻതോതിൽ സബ്സിഡി നൽകുന്നത് കനത്ത നഷ്ടമാണെന്നുള്ള വ്യാജപ്രചാരണമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്.

ജനങ്ങളോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ് മോദി സർക്കാർ. കുത്തകകൾക്കുവേണ്ടി ജനങ്ങളെ നിഷ്ഠുരം കുത്തിക്കവരുന്നു. ഏതാനുംപിടിവരുന്ന കുത്തകകൾക്കുവേണ്ടി രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളെ കൊള്ളയടിക്കുന്നു. സമ്പന്നരുടെ സമ്പത്തിൽ പ്രതിവർഷം 13 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തുന്നത്. ഇന്ത്യയിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ ഒരു വർഷം സമ്പാദിക്കുന്ന പണം ഗ്രാമീണ ഇന്ത്യയിലെ ഏറ്റവും താഴ്ന്ന ശമ്പളക്കാരന് ലഭിക്കണമെങ്കിൽ അയാൾ 941 വർഷം പണിയെടുക്കേണ്ടിവരുമെന്നും ഓക്സ്ഫാമിന്റെ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ശതകോടീശ്വരന്മാരുടെ എണ്ണം വർദ്ധിക്കുന്നത് ഒരു സമ്പദ്ഘടനയുടെ വളർച്ചയുടെ സൂചനയല്ല. ഈ പകൽക്കൊള്ളയ്ക്കെതിരെ സുസംഘടിതമായ ജനകീയ പ്രക്ഷോഭണം അല്ലാതെ മറ്റ് മാർഗമില്ല●

## ചെറുകിട വ്യാപാര രംഗത്ത്
## 100 ശതമാനം വിദേശനിക്ഷേപം അനുവദിക്കുന്നതിനെതിരെ

# ഫെബ്രുവരി 2 അഖിലേന്ത്യാ പ്രതിഷേധ ദിനമായി ആചരിച്ചു

**ചെ**റുകിട വ്യാപാരരംഗം സ്വദേശ-വിദേശ കുത്തകകൾക്ക് തുറന്നു കൊടുക്കുന്നതിന് തുടക്കം കുറിച്ചത് കോൺഗ്രസ്സ് നേതൃത്വം നൽകിയ മുൻ കേന്ദ്രഗവൺ എതിർപ്പിനെ തുടർന്ന് അവർക്ക് പിൻവാങ്ങേണ്ടിവന്നു. കോടിക്കണക്കിനാളുകൾ തൊഴിലില്ലാതെ അലയുന്ന നമ്മുടെ രാജ്യത്ത് ഇപ്പോൾ തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് ആളുകളെ



എറണാകുളത്ത് മേനകയിൽ നടന്ന പ്രതിഷേധ ധർണ്ണ സഖാവ് കെ.കെ.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

മെന്റാണ്. ബിജെപി ഗവൺമെന്റ് ഇപ്പോൾ അത് 100 ശതമാനം ആക്കിയിരിക്കുന്നു. ലക്ഷക്കണക്കിന് ചെറുകിട-ഇടത്തരം കച്ചവടക്കാരും തൊഴിലാളികളും വഴിയോര വില്പനക്കാരുമൊക്കെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന മേഖലയാണിത്. നിത്യോപയോഗ സാധനങ്ങളുടെ വില്പന കേന്ദ്രീകരിച്ചുള്ള ഈ രംഗത്ത് വൻകിട കുത്തകകൾ കടന്നു വരുന്നതോടെ ഈ മേഖല അവരുടെ നിയന്ത്രണത്തിലാകുകയും വലിയ മാളുകളും മറ്റും രംഗം കൈയടക്കുകയും ചെയ്യും. ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ഇത് കാണാം.

സിപിഐ, സിപിഐ(എം) പാർട്ടികൾ ബംഗാൾ ഭരിക്കുമ്പോൾ ചെറുകിട വ്യാപാരരംഗം വൻകിട കുത്തകൾക്ക് തുറന്നുകൊടുക്കാൻ തീരുമാനിച്ചെങ്കിലും ജനങ്ങളുടെ ശക്തമായ കൂടി തൊഴിലിൽനിന്ന് പുറംതള്ളാനേ ഈ നീക്കം ഉപകരിക്കൂ. ഉപജീവനത്തിനായി സാധാരണക്കാർ ഭിക്ഷയെടുക്കേണ്ട സ്ഥിതിയാണ് ഇത് സൃഷ്ടിക്കുക.

മുതലാളിത്ത വ്യവസ്ഥ നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് ഏതുപാർട്ടി അല്ലെങ്കിൽ മുന്നണി അധികാരത്തിൽ വന്നാലും വൻകിട മുതലാളിമാരുടെ ലാഭം പെരുക്കുന്ന നയങ്ങൾ നടപ്പിലാക്കുക എന്നതു മാത്രമാണ് അവരുടെ പരിഗണന. ഇതിന്റെയെല്ലാം കെടുതികൾ അനുഭവിക്കേണ്ടി വരുന്നത് ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളും.

കേന്ദ്ര ഗവൺമെന്റിന്റെ ഈ ജനവിരുദ്ധ നടപടിക്കെതിരെ എസ്‌യുസിഐ(സി) ശക്തമായ പ്രതിഷേധം പടുത്തുയർത്തുകയാണ്. ഫെബ്രുവരി 2 അഖിലേന്ത്യ പ്രതിഷേധ ദിനമായി ആചരിക്കുകയുണ്ടായി. ചെറുകിട കച്ചവടക്കാരും വഴിയോര വില്പനക്കാരും സാധാരണ ജനങ്ങളും ഒന്നടങ്കം ഈ പ്രക്ഷോഭത്തിൽ അണിനിരക്കുകയും ഈ നയം പിൻവലിക്കുന്നതുവരെ ശക്തമായി നിലകൊള്ളുകയും വേണം.

**തിരുവനന്തപുരത്ത് ജിപിഒയ്ക്ക് മുന്നിൽ പ്രതിഷേധ ധർണ്ണ**

അഖിലേന്ത്യാ പ്രതിഷേധ ദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജിപിഒ യ്ക്ക് മുന്നിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ അദ്ധ്യക്ഷത വഹിച്ചു. വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ സെക്രട്ടറി എസ്.എസ് മനോജ്, എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ എം.ഷാജർഖാൻ, ആർ.ബിജു, ജി.ആർ.സുഭാഷ് എന്നിവർ പ്രസംഗിച്ചു.



തിരുവനന്തപുരത്ത് നടന്ന ജിപിഒ ധർണ്ണ സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു



മാവേലിക്കര ബിഎസ്എൻഎൽ ഓഫീസ് മാർച്ച് സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

**കരുനാഗപ്പള്ളിയിൽ പ്രതിഷേധ കൂട്ടായ്മ**

എസ്‌യുസിഐ(സി) കരുനാഗപ്പള്ളി ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കരുനാഗപ്പള്ള ടൗണിൽ നടന്ന പ്രതിഷേധ കൂട്ടായ്മ സംസ്ഥാന കമ്മറ്റി അംഗം സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. ലോക്കൽ കമ്മറ്റി സെക്രട്ടറി സഖാവ് ബി.വിനോദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രതിഷേധ കൂട്ടായ്മയിൽ പാർട്ടി ജില്ലാ കമ്മറ്റി അംഗങ്ങളായ സഖാക്കൾ എസ്.രാഘവൻ, ബി.രാമചന്ദ്രൻ, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ജില്ലാ പ്രസിഡന്റ് സഖാവ് റ്റിങ്കിൾ പ്രഭാകരൻ, തുടങ്ങിയവർ പ്രസംഗിച്ചു. ലോക്കൽ കമ്മറ്റി അംഗങ്ങളായ സഖാക്കൾ രാധാകൃഷ്ണൻ, ഭാർഗ്ഗവൻ, ജയകൃഷ്ണൻ തുടങ്ങിയവർ നേതൃത്വം നൽകി.

**എറണാകുളത്ത് പ്രതിഷേധ ധർണ്ണ**

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി എറണാകുളം ജില്ലാ കമ്മിറ്റി മേനകയിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. ധർണ്ണ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് കെ.കെ.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ഫ്രാൻസിസ് കളത്തുങ്കൽ, പി.പി. അഗസ്റ്റിൻ, കെ.കെ.ശോഭ, കെ.പി.സാൽവിൻ, കെ.ഒ.ഷാൻ, എ.റജീന തുടങ്ങിയവർ പ്രസംഗിച്ചു.

**തൃശ്ശൂർ ടൗണിൽ പ്രകടനവും യോഗവും**

അഖിലേന്താ പ്രതിഷേധ ദിനത്തിൽ എസ്‌യുസിഐ(സി) ജില്ലാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ തൃശ്ശൂർ ടൗണിൽ പ്രകടനവും കോർപ്പറേഷൻ പരിസരത്ത് യോഗവും നടന്നു. പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് ഡോ.പി.എസ് ബാബു ഉദ്ഘാടനം ചെയ്തു. ടൗൺ ലോക്കൽ കമ്മിറ്റി അംഗം സഖാവ് എം.പ്രദീപൻ അദ്ധ്യക്ഷ വഹിച്ചു. എഐയുടിയുസി ജില്ലാ വൈസ് പ്രസിഡന്റ് സഖാവ് പി.എ.ജോഷ്വാ പ്രസംഗിച്ചു. ജില്ലാക്കമ്മിററി അംഗം സഖാവ് സി.കെ.ശിവദാസൻ, സഖാക്കൾ സുജ ആന്റണി, ഓ.കെ.വൽസലൻ, സി.ആർ.ഉണ്ണികൃഷ്ണൻ എന്നിവർ മാർച്ചിന് നേതൃത്വം നൽകി. സഖാവ് എ.എം. സുരേഷ് സ്വാഗതവും സഖാവ് പി.കെ.ധർമ്മജൻ നന്ദിയും പറഞ്ഞു ●



തൃശ്ശൂരിൽ നടന്ന പ്രതിഷേധ പ്രകടനം



ചങ്ങനാശ്ശേരിയിൽ നടന്ന പ്രകടനം




ജോർജ്ജ് മാത്യു കൊടുമൺ കർഷക കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു

# ഇടുക്കിയിൽ കർഷക കൺവൻഷൻ

**ക**ർഷക പ്രതിരോധ സമിതിയുടെ ഇടുക്കി ജില്ലാ കവൻഷൻ ജനുവരി 26ന് ചെറുതോണിയിൽ സംഘടിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ജോർജ്ജ് മാത്യു കൊടുമൺ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി എൻ.വിനോദ്കുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്ന കൺവൻഷനിൽ സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.രാജീവൻ, പെമ്പിളൈ ഒരുമൈ പ്രസിഡന്റ് ലിസ്സി സണ്ണി, സംസ്ഥാന രക്ഷാധികാരി സി.എ.ഫെലിക്സ്, സണ്ണി ചെറിയാൻ, രാജു കൊന്നനാൽ, കെ.എ.വിൽസൺ, സണ്ണി കുത്തനാപിള്ളിൽ, വക്കച്ചൻ പാമ്പാടി, എം.ഡി.രാജൻ, എം.ബി. രാജശേഖരൻ, ലേഖ ത്യാഗരാജൻ, മാത്യു തൂവയിൽ, കെ.ടി.തോമസ്, കെ.സി.ജോർജ്ജ്, സെബാസ്റ്റ്യൻ കൊച്ചടിവാരം, മാത്യു തോമസ് എന്നിവർ പ്രസംഗിച്ചു ●

# അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുക

**ഫാ**ക്ടറികൾ അടച്ചിട്ടിരിക്കുന്ന കശുവണ്ടി രംഗത്തെ വൻകിടക്കാരെല്ലാംതന്നെ ഇതര സംസ്ഥാനങ്ങളിൽ വർഷംമുഴുവൻ നൂറുകണക്കിന് ഫാക്ടറികൾ നടത്തുന്നവരും കേന്ദ്ര ഗവൺമെന്റിൽ നിന്നും കോടികളുടെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുമാണെന്ന് കശുവണ്ടി തൊഴിലാളി സെന്റർ സംസ്ഥാന പ്രസിഡന്റ് സഖാവ് വി.കെ.സദാനന്ദൻ പറഞ്ഞു. ഇത്തരക്കാരുടെ ഫാക്ടറികൾ അടിയന്തരമായി സർക്കാർ ഏറ്റെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കശുവണ്ടി തൊഴിലാളി സെന്റർ(എഐയുടിയുസി) ആഭിമുഖ്യത്തിൽ കൊല്ലം ശ്രീകണ്ഠൻനായർ സ്മാരകഹാളിൽ ചേർന്ന കശുവണ്ടി തൊഴിലാളി കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

സഖാവ് ബി.വിനോദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കൺവെൻഷനിൽ സഖാക്കൾ ഷൈല കെ ജോൺ, പി. പി പ്രശാന്ത്, ബി രാമചന്ദ്രൻ, ആർ. ഹരിദാസൻ, സദാനന്ദൻപിള്ള, സതീശൻ, ഹരിദാസൻ പിള്ള, വി.ലീല, ഗീത തുടങ്ങിയവർ പ്രസംഗിച്ചു ●



# ജറുസലേം പ്രഖ്യാപനം: പലസ്തീനുമേലുള്ള അമേരിക്കയുടെ നഗ്നമായ കടന്നാക്രമണം

**അയവില്ലാത്ത ധാർഷ്ട്യത്തിന് പേര് കേട്ട യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് 2017 ഡിസംബർ 6 ന്, യുഎസ് എംബസ്സി ടെൽ അവീവിൽ നിന്ന് ജറുസലേമിലേക്ക് മാറ്റുമെന്ന് പ്രഖ്യാപിച്ച് ലോകത്തെ ഞെട്ടിച്ചു. അതിനർത്ഥം, ജറുസലേം മേലിൽ ഇസ്രായേലിന്റെ തലസ്ഥാനമായി മാറുമെന്നും ജറുസലേം പൂർണ്ണമായി ഇസ്രായേലിന്റെ നിയന്ത്രണത്തിൽ വരുമെന്നുമാണ്. ആവർത്തിച്ചുള്ള നിരവധി അന്തർദ്ദേശീയ കരാറുകൾ പ്രകാരം കിഴക്കൻ ജറുസലേമിന് ഇസ്രായേലിന്റെ പരമാധികാരം നിലവിൽ അന്തർദ്ദേശീയമായി അംഗീകരിക്കപ്പെട്ടിട്ടില്ല. ജറുസലേം പാലസ്തീന്റേതാണ് എന്നാണ് കരുതപ്പെടുന്നത്. 'ഇസ്രായേലും പാലസ്തീനും തമ്മിലുള്ള സംഘർഷത്തിൽ ഒരു പുതിയ സമീപനത്തിന്റെ, തുടക്കം' എന്നാണ് ട്രംപ് തന്റെ പ്രഖ്യാപനത്തെപ്പറ്റി പെരുമ്പറ കൊട്ടുന്നത്.**

### ട്രംപിന്റെ പ്രഖ്യാപനം പുതിയ സംഘർഷങ്ങൾക്ക് തിരികൊളുത്തി

'പുതിയ സമീപനം' എത്രത്തോളം എവ്വിധമെന്നത് കാത്തിരുന്നു കാണേണ്ടതാണ്. പക്ഷേ, അധീശത്വ-അധികാര കൊതിയന്മാരായ യു.എസ്.സാമ്രാജ്യത്വത്തിന്റെ നായകന് യോജിക്കുന്ന തരത്തിലുള്ള ഈ നികൃഷ്ടമായ പ്രഖ്യാപനത്തിനെതിരെ സാർവ്വലൗകികമായ കുറ്റപ്പെടുത്തലും നയതന്ത്രതലത്തിലുള്ള തെറ്റിപ്പിരിയലുകളുമുണ്ടായി. തന്നെയുമല്ല, ഇസ്രായേലും പാലസ്തീനും തമ്മിൽ പുതിയ സംഘർഷങ്ങൾ ഉടലെടുക്കുന്നതിനും അത് കാരണമായി. ആശങ്കയും പ്രതിഷേധവും ക്രോധവും പേറിക്കൊണ്ട് വെസ്റ്റ്ബാങ്കിലും ഗാസാസ്ട്രിപ്പിലും പാലസ്തീൻകാർ സംഘർഷഭരിതമായ പ്രതിഷേധത്തോടെ തെരുവിലണിനിരന്നു. ' കിഴക്കിന് മുന്നിൽ പടിഞ്ഞാറ് നരകവാതിലുകൾ തുറക്കപ്പെടും' എന്നുള്ള മുറവിളികൾ ഉയർന്ന് കേട്ടു. സയണിസ്റ്റ് ഇസ്രായേലാവട്ടെ അവരുടെ സഹജയമായ ക്രൗര്യത്തോടെ, ട്രംപിന്റെ പ്രഖ്യാപനത്തിൽ ഉത്തേജിതരായി റബ്ബർബുള്ളറ്റും കണ്ണീർവാതകവും, എന്തിന് പോർവിമാനങ്ങൾ പോലുമുപയോഗിച്ചാണ് നേരിട്ടത്. ഡിസംബർ 6 തൊട്ട് വെറും മൂന്ന് ദിവസങ്ങൾകൊണ്ട് നിരവധി ജീവനുകൾ നഷ്ടപ്പെട്ടു. 1100-ലധികം പേർക്ക് പരിക്കുകളേറ്റു. പാലസ്തീൻ ആരോഗ്യകാര്യ അധികൃതരാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. ഹെബ്രോണിൽ ഡിസംബർ 7-ാം തീയതി ഇരുപതിലധികം ഇസ്രായേലി സൈനികർ ചേർന്ന് ഫവ്സി അൽ ജുനൈദി എന്ന 14-കാരനെ കണ്ണുകെട്ടി തടവറയിലേക്ക് വലിച്ചുകൊണ്ടുപോയി. ഈ മനുഷ്യത്വരഹിതമായ പ്രവൃത്തി സോഷ്യൽ മീഡിയയിൽ വൈറലാവുകയും വലിയ പ്രതിഷേധത്തിന് കാരണമാവുകയും ചെയ്തു. "ഇസ്രായേൽ ഒരു ഭീകര രാഷ്ട്രമാണ്. കുഞ്ഞുങ്ങളെ കൊലചെയ്യുന്ന ഭരണകൂടത്തിന്റെ ദയാവായ്പിന് വിട്ട് ജറുസലേമിനെ ഞങ്ങൾ ഉപേക്ഷിക്കില്ല," തുടങ്ങിയ കമന്റുകൾ സോഷ്യൽ മീഡിയയിൽ വന്നു. ലോകമെമ്പാടും ആയിരങ്ങളും പതിനായിരങ്ങളും അണിനിരന്ന പ്രതിഷേധ പ്രകടനങ്ങൾ നടന്നു. പാലസ്തീൻ ഭൂപ്രദേശങ്ങളിൽ, ജോർദ്ദാൻ, തുർക്കി, പാക്കിസ്ഥാൻ, ഇന്ത്യ, ബംഗ്ലാദേശ്, ഇറാൻ, മലേഷ്യ, ലെബനൻ, ഇന്തോനേഷ്യ, ഈജിപ്ത്, മൊറോക്കോ തുടങ്ങിയ രാജ്യങ്ങളിലും ലണ്ടനിലും ബ്രസ്സൽസിലും പാരീസിലും റോമിലും ആംസ്റ്റർഡാമിലും ബെർലിനിലും കൂടാതെ, കാനഡയിലും യുഎസിലെ എല്ലാ സിറ്റികളിലും ഐക്യദാർഢ്യപരിപാടികൾ നടന്നു.

### തെരുവു മുതൽ നയതന്ത്രതലം വരെ പ്രതിഷേധമുയർന്നു

പ്രതിഷേധം തെരുവുമുതൽ നയതന്ത്രതലം വരെ വ്യാപിച്ചു. ലോകത്തെ സാമ്രാജ്യത്ത രാജ്യങ്ങൾക്കും അറബ് ലോകത്തെ പല പിന്തിരിപ്പൻ രാജ്യങ്ങൾക്കും പോലും തള്ളിപ്പറയാതിരിക്കാൻ പറ്റാത്തവിധം അത്രയും അന്യായവും ഹീനവുമായിരുന്നു സകല അന്തർദ്ദേശീയ മാനദണ്ഡങ്ങളേയും ധാരണകളേയും നഗ്നമായി ലംഘിച്ചുകൊണ്ടുള്ള യു.എസ്.നീക്കം. അറബ് രാജ്യങ്ങൾക്കിടയിൽ ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോ-ഓപ്പറേഷൻ(ഒഐസി) ഹമാസ് നേതാക്കൾ, ലെബനീസ് മിലിറ്റന്റ് സംഘടനയായ ഹിസ്ബൊള്ള, അറബ് ലീഗ് വിദേശകാര്യമന്ത്രിമാർ, തുടങ്ങിയവർ അതിശക്തമായ ഭാഷയിൽ തങ്ങളുടെ അഭിപ്രായം പ്രകടിപ്പിച്ചു. യുഎസ് പ്രഖ്യാപനത്തെ "അന്തർദ്ദേശീയ നിയമങ്ങളുടെ ലംഘനം", "അസ്ഥിര സാഹചര്യം സൃഷ്ടിക്കാനുദ്ദേശിച്ചുകൊണ്ടുള്ള പ്രകോപനം", "എറ്റവും വിശുദ്ധമായ മുസ്ലീം, ക്രിസ്ത്യൻ ആരാധനാലയങ്ങൾക്കുമേലുള്ള യുദ്ധപ്രഖ്യാപനം" എന്നൊക്കെ അവർ വിശേഷിപ്പിച്ചു. ട്രംപിന്റെ പ്രഖ്യാപനത്തിന് ഒരാഴ്ചയ്ക്കുശേഷം തുർക്കിയിൽ കൂടിയ ഉന്നതതലയോഗത്തിന് ശേഷം ഒഐസി നേതാക്കൾ, പാലസ്തീന്റെ മേലുള്ള ഇസ്രായേൽ ആധിപത്യം അവസാനിപ്പിക്കാനും ദ്വിരാഷ്ട്രതത്വം വച്ചുകൊണ്ടുള്ള സമഗ്രവും ന്യായപൂർണ്ണവുമായ സമാധാനം ഉറപ്പാക്കാനും ഐക്യരാഷ്ട്രസഭയോട് ആവശ്യപ്പെട്ടു. പാലസ്തീൻ രാഷ്ട്രത്തേയും പാലസ്തീൻ തലസ്ഥാനമായി ജെറുസലേമിനെയും അംഗീകരിക്കാനും അവർ തീരുമാനമെടുത്തു. സമാധാന പ്രക്രിയ എന്ന യുഎസ് മുഖംമൂടിയെ ട്രംപ് വലിച്ചുകീറി എന്നതാണ് പൊതുവെയുള്ള പ്രതികരണം. യൂറോപ്പിലെ യുദ്ധവെറിപൂണ്ട നാറ്റോ സംഘത്തിലും മദ്ധ്യകിഴക്കേഷ്യയിലെ ക്രൂരമായ ചൂഷണങ്ങളിലും യുദ്ധം തുടർന്നുകൊണ്ടുപോകുന്നതിലുമെല്ലാം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ വിശ്വസ്തരായ പങ്കാളികളായി ഇതേവരെ കൂടെയുണ്ടായിരുന്ന പരമ്പരാഗത യു.എസ് സഖ്യരാജ്യങ്ങൾക്ക് പോലും യു.എസിനെതിരെ നിലകൊള്ളാതിരിക്കാൻ കഴിഞ്ഞില്ല. അത്തരത്തിൽ യു.എസ്.സാമ്രാജ്യത്വം ലോകരാഷ്ട്രീയത്തിൽ ഒറ്റപ്പെടുത്തപ്പെട്ടു. ട്രംപിന്റെ തീരുമാനത്തെയും അതിന് പിന്നിലുള്ള യുക്തിയെയും ചോദ്യം ചെയ്തവരിൽ യൂറോപ്പിലെ യു.എസ് സഖ്യകക്ഷികളായ ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, നെതർലാന്റ്സ്, ബെൽജിയം, അതുപോലെ യൂറോപ്യൻ യൂണിയൻ വക്താവ്, മദ്ധ്യകിഴക്കേഷ്യയിൽ യു.എ.ഇ, സൗദി അറേബ്യ എന്നിവരും ഉൾപ്പെടുന്നു. മഹാവിപത്ത് എന്നാണ് സ്വീഡൻ വിദേശകാര്യമന്ത്രിയായ മാർഗോറ്റ് വാൾസ്ട്രോം വിശേഷിപ്പിച്ചത്. റഷ്യൻ വിദേശനയം മിക്കവാറുമെല്ലാ നാറ്റോ അംഗങ്ങളുടേതുമായി ഒത്തുചേർന്നുവരുന്ന അപൂർവ്വം അവസരങ്ങളിലൊന്നായി ഇത് മാറി.

### യുഎസ് നീക്കത്തെ ഭൂരിപക്ഷം രാജ്യങ്ങളും തള്ളിക്കളഞ്ഞു

ഇത്രയൊക്കെ മാത്രമല്ല, ലോകനാശകാരിയായ യുഎസ് സാമ്രാജ്യത്തത്തിന്റെ പതാക വാഹകനാകാൻ ചുമതലപ്പെട്ട ഡൊണാൾഡ് ട്രംപ് ആഗോള വേദികളിൽ ഒറ്റപ്പെടുത്തപ്പെടുകയും ചെയ്തു. ഈജിപ്ത് കൊണ്ടുവന്ന പ്രമേയത്തെ പരാജയപ്പെടുത്താൻ ഐക്യരാഷ്ട്രസഭാ സുരക്ഷാകൗൺസിലിന്റെ അടിയന്തരയോഗത്തിൽ അമേരിക്കയ്ക്ക് വീറ്റോ അധികാരം ഉപയോഗിക്കേണ്ടിവന്നു. 15 അംഗരാജ്യങ്ങളിലെ 14 രാജ്യങ്ങൾക്കു മുന്നിൽ യു.എസിന് ഒറ്റയ്ക്ക് നിൽക്കേണ്ടിവന്നു. 'വിശുദ്ധ നഗരമായ ജറുസലേമിന്റെ സ്വഭാവമോ, പദവിയോ, ജനസംഖ്യാപരമായ ഘടനയെയോ മാറ്റാനുദ്ദേശിച്ചുകൊണ്ടുള്ള തീരുമാനങ്ങളും നടപടികളും അസാധുവാകുകയും സുരക്ഷാകൗൺസിലിന്റെ പ്രസക്തമായ പ്രമേയങ്ങൾ പാലിച്ചുകൊണ്ട് പിൻവലിക്കുകയും വേണ്ടതാണ്' എന്ന് ഉറപ്പിച്ചുകൊണ്ടും ജറുസലേമിന്റെ പദവിയെ സംബന്ധിച്ച് അടുത്തിടെയുണ്ടായ തീരുമാനങ്ങളിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടുമാണ് പ്രമേയം അവതരിപ്പിച്ചത്. എന്നിരുന്നാലും അതിൽ ട്രംപിനേയോ യു.എസിനെയോ പേരെടുത്ത് കുറ്റപ്പെടുത്തിയില്ല.

സുരക്ഷാകൗൺസിലിന് പ്രമേയം പാസ്സാക്കാൻ കഴിയാതെ വന്നതോടെ ഐക്യരാഷ്ട്രസഭ ജനറൽ കൗൺസിലിന്റെ ഒരു അടിയന്തരവിശേഷ യോഗം വിളിച്ചുകൂട്ടാനുള്ള ആവശ്യമുയർന്നു. ഡിസംബർ 21 ന് വിളിച്ചുകൂട്ടപ്പെട്ട ആ യോഗത്തിൽ ഡൊണാൾഡ് ട്രംപിനും യുഎസ്എയ്ക്കും കുത്തിനോവുന്ന തിരിച്ചടി നൽകപ്പെട്ടു. ജറുസലേമിന്റെ കാര്യത്തിൽ ട്രംപ് സ്വീകരിച്ച ഏകപക്ഷീയമായ തീരുമാനത്തെ തള്ളിക്കളയാനും പകരം ഒരു പ്രത്യേക അന്തർദ്ദേശീയ നഗരം എന്ന ജറുസലേമിന്റെ പദവിക്ക് വേണ്ടി ദീർഘകാലമായി നിലനിൽക്കുന്ന പൊതുസമ്മതിയുള്ള അന്തർദ്ദേശീയാഭിപ്രായത്തെ പിന്തുണയ്ക്കാനും തീരുമാനമെടുത്തു.9-നെതിരെ 128 വോട്ടുകളോടെയാണ് പ്രമേയം പാസ്സായത്. ഈ അന്തർദ്ദേശീയ കൊള്ളത്തലവന്റെ രൗദ്രഭാവം വെളിപ്പെടുത്തിക്കൊണ്ട്, ഐക്യരാഷ്ട്രസഭയിലെ അമേരിക്കൻ അംബാസിഡർ നിക്കി ഹാലി 193-ൽ 180 അംഗരാജ്യങ്ങൾക്കും കത്തെഴുതിക്കൊണ്ട് പറഞ്ഞത് യുഎസ്എക്കെതിരെ വോട്ടുചെയ്ത രാജ്യങ്ങളുടെ പേര് ഓർത്തുവയ്ക്കുമെന്നാണ്. ഈജിപ്ത്, അഫ്ഗാനിസ്ഥാൻ, ഇറാക്ക്, തുടങ്ങിയ പൂർവ്വേഷ്യൻ രാജ്യങ്ങൾക്ക് നൽകുന്ന കോടിക്കണക്കിന് ഡോളർ യുഎസ് ധനസഹായം പിടിച്ചുവയ്ക്കുമെന്ന് ട്രംപ് നേരിട്ട് ഭീഷണിപ്പെടുത്തി. പക്ഷേ ഇത്തരം ഭീഷണികളെയെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് ഈ രാജ്യങ്ങൾ യുഎസ്എക്കെതിരെ വോട്ടുചെയ്തു. ജനറൽ അസംബ്ലിയിലെ 28 അംഗ യൂറോപ്യൻ യൂണിയൻ അംഗങ്ങളിൽ മുൻകാലങ്ങളിൽ ഇസ്രായേലിനെതിരായ നടപടികളിൽ നിന്ന് ഒഴിഞ്ഞു മാറിനിന്ന യുകെ, ഫ്രാൻസ്, ജർമ്മനി എന്നിവയടക്കമുള്ള 22 അംഗരാജ്യങ്ങൾക്ക് യുഎസ് വിരുദ്ധ പ്രമേയത്തിന് അനുകൂലമായി വോട്ടുചെയ്യാതിരിക്കാനായില്ല. സാക്ഷാൽ യുഎസും അവരുടെ സംഘാംഗമായ ഇസ്രായേലും കൂടാതെ, പ്രമേയത്തിനെതിരെ വോട്ടുചെയ്തത് ടോഗോ, മൈക്രോനേഷ്യ, നാവരു, പലാവു, മാർഷൽ ദ്വീപുകൾ, ഗ്വാട്ടിമാല, ഹോണ്ടുറാസ്, എന്നിങ്ങനെയുള്ള യുഎസിന്റെ ചെറിയ ഉപഗ്രഹ രാജ്യങ്ങളാണ്. വോട്ടെടുപ്പിൽ പങ്കെടുക്കാത്തതും സഭയിൽ ഹാജരാകാതിരുന്നതുമായ രാജ്യങ്ങളുടെ കാര്യം സൂചിപ്പിക്കുന്നത് ധനസഹായം വെട്ടിക്കുറയ്ക്കുമെന്ന ട്രംപിന്റെ മുന്നറിയിപ്പിനും യുഎസിന് അനുകൂലമായി ഇസ്രായേൽ നടത്തിയ ലോബിയിംഗിനും ചില ഫലങ്ങളുണ്ടായി എന്നാണ്. മുമ്പത്തെ പല അവസരങ്ങളിൽ നിന്ന് വിഭിന്നമായി ഐക്യരാഷ്ട്രസഭ യുഎസ് തിട്ടൂരങ്ങൾക്ക് എതിരെ നിലകൊണ്ടത് സവിശേഷമായ പ്രാധാന്യമർഹിക്കുന്നു. ഇക്കാര്യത്തിൽ നന്ദി പറയേണ്ടത് ലോകരാഷ്ട്രീയ സംഭവങ്ങളുടെ ഗതി നിർണ്ണയിക്കും വിധം പരിശ്രമം നടത്തിയ താരതമ്യേന അപ്രധാനങ്ങളായ ചെറിയ രാജ്യങ്ങളോടാണ്. 'അഭിമാനമുള്ള ഒരു രാജ്യവും അത്തരത്തിലുള്ള സമ്മർദ്ദത്തിന് വഴങ്ങില്ലെന്നും' 'ഞാൻ ശക്തനാണ്, അതുകൊണ്ട് ഞാൻ ശരിയാണ് എന്ന വിശ്വാസം മാറ്റാൻ സമയമായിരിക്കുന്നു' എന്നൊക്കെയുള്ള പ്രഖ്യാപനങ്ങൾ പോലും ഈ സംഭവവികാസങ്ങളിൽ ഉള്ളടങ്ങിയിരുന്നു. 'ഇന്ന് ലോകം അന്യായങ്ങൾക്കെതിരെ കലാപം നടത്തുകയാണ്' മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ധാർമ്മികമോ നിയമപരമോ ആയ വാദങ്ങളൊന്നും തന്നെ ഇല്ലായെന്ന് അറിയുമ്പോൾ മാത്രമാണ് രാഷ്ട്രങ്ങൾ ഇത്തരത്തിലുള്ള നിർലജ്ജമായ വിരട്ടലുകൾക്ക് മുതിരുന്നത്. നിലവിൽ ഉയർന്നുവന്നിരിക്കുന്ന ലോകാഭിപ്രായത്തിൽ ഒറ്റപ്പെട്ടുപോവുമെന്ന് ഭയപ്പെട്ടാകണം യുഎസിന്റെ പരമ്പരാഗത സഖ്യരാജ്യങ്ങളും വൻശക്തികൾ പോലും യുഎസിനെതിരായി വോട്ടു ചെയ്തതെന്നത് വാസ്തവമാണ്. എന്തൊക്കെയായാലും അന്തർദ്ദേശീയ സമ്മതമായ എല്ലാ മാനദണ്ഡങ്ങളെയും തീരുമാനങ്ങളെയും കൂസലെന്യേ ലംഘിച്ചതിന്റെ പേരിൽ യുഎസിനെ നിരങ്കുശം ഒറ്റപ്പെടുത്താനായി. ഐക്യരാഷ്ട്രസഭയുമായുള്ള തങ്ങളുടെ ബന്ധം വിച്ഛേദിക്കുന്ന കാര്യം ആലോചിക്കുമെന്ന് പറഞ്ഞപ്പോൾ യുഎസിന്റെ ധിക്കാരിയായ കിങ്കരൻ, സയണിസ്റ്റ് ഇസ്രായേലിന്റെ ഇച്ഛാഭംഗത്തെയാണത് വെളിവാക്കിയത്(ഗാർഡിയൻ, 21-12-2017).

പാലസ്തീനും ഇസ്രായേലും ഉൾപ്പെട്ട ജറുസലേം വിഷയത്തെപ്പറ്റിയുള്ള ചരിത്ര പശ്ചാത്തലം അല്പം വിശകലനം ചെയ്താൽ യുഎസിന്റെയും ഇസ്രായേലിന്റെയും ധിക്കാരവും നിഷേധത്തരവും കൂടുതൽ സാക്ഷ്യപ്പെടുത്താനാകും.

### ഇസ്രയേലിനെ സൃഷ്ടിച്ചത് സാമ്രാജ്യത്വ കുടിലതകൾ

ഇസ്രയേൽ എന്ന രാജ്യം നിലവിൽവരുന്നതിന് മുമ്പുതന്നെ പ്രധാനമായും ഓട്ടോമൻ സാമ്രാജ്യത്തത്തിന്റെ ഭാഗമായിക്കൊണ്ട് അറബികളുടെ മനോഹരമായ ആവാസസ്ഥലമായി പാലസ്തീൻ നിലനിന്നിരുന്നുവെന്നത് ഓർക്കുന്നത് നന്നായിരിക്കും. പക്ഷെ അവിടുത്തെ സ്വദേശികളായ യഹൂദജനത മെച്ചപ്പെട്ട ജീവിതം തേടി ലോകമെങ്ങും വ്യാപരിച്ചുപോയി. ഇസ്രായേൽ രാഷ്ട്രം രൂപം കൊള്ളുന്നതിന് അരനൂറ്റാണ്ടിന് മുമ്പുതന്നെ പാലസ്തീനിൽ ഒരു യഹൂദരാഷ്ട്രം സ്ഥാപിക്കണമെന്ന് അഭിലഷിക്കുന്ന ഒരു സയണിസ്റ്റ് രാഷ്ട്രീയ പ്രസ്ഥാനം യൂറോപ്യൻ യഹൂദന്മാർക്കിടയിൽ വികസിച്ചുവന്നിരുന്നു. ശക്തമായ, ചിലപ്പോൾ ആക്രമണോത്സുകമായ മത-വംശീയ വികാരത്തോടെ ധനാഢ്യരും

*(ശേഷം 13-ാം പേജിൽ)*

# ഇസ്രായേലിനെ സൃഷ്ടിച്ചത് സാമ്രാജ്യത്വ കുടിലതകൾ

*(12-ാം പേജിൽ നിന്ന്)*

തോട്ടമുടമകളും പണം പലിശക്ക് കൊടുക്കുന്നവരുമായ യഹൂദകുടിയേറ്റക്കാർ പാലസ്തീനിലേക്ക് കുടിയേറുകയും അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. അറബുകളിൽ നിന്ന് ഭൂമിവാങ്ങുന്നത് നിരോധിച്ചിട്ടുള്ളതിനാൽ അവർ രൂപീകരിച്ച, രഹസ്യഭീകരസംഘങ്ങളായി പ്രവർത്തിക്കുന്ന സ്വകാര്യ സേനകളുടെ സഹായത്തോടെ തദ്ദേശീയരായ അറബികളിൽ നിന്ന് ബലം പ്രയോഗിച്ച് ഭൂമി പിടിച്ചെടുത്തു. ഗ്രാമീണർ കുടിയേറ്റക്കാർക്കുവേണ്ടി കുറഞ്ഞ കൂലിയിൽ തൊഴിലെടുക്കുകയും ചെയ്തു. സയണിസം കൂടുതൽ അക്രമാസക്തമായതോടെ അറബികൾക്ക് അവരുടെ സ്ഥലവും വീടും നഷ്ടപ്പെടാൻ തുടങ്ങി. കൗശലശാലികളായ യഹൂദകുടിയേറ്റക്കാർ ഭൂമി കൈവശപ്പെടുത്തിയെന്നതുമാത്രമല്ല ചെയ്തത്. അറബ് ഗ്രാമങ്ങൾ ചരിത്രത്തിൽ നിന്ന് പൂർണ്ണമമായി തുടച്ചുമാറ്റത്തക്കവിധം കെട്ടിടങ്ങളുടെ ഓരോ തരികല്ലും അറബികളുടെ ശവകുടീരങ്ങളടക്കം സകലതിനെയും അവർ നശിപ്പിച്ചു. വിശാലമായ വെറുമൊരു തരിശുമരുഭൂമിയിൽ നിന്നുമാണ് തങ്ങളുടെ ഗ്രാമങ്ങളെ കെട്ടിയുയർത്തിയതെന്ന് ഏതൊരു സന്ദർശകനോടും അഹങ്കാരത്തോടെ ഈ കുടിയേറ്റക്കാർക്ക് പറയാമെന്നായി. ഗോത്രപരവും വംശീയവുമായ കാരണങ്ങളാൽ വിഭജിക്കപ്പെട്ടും അനൈക്യത്തിലും കഴിഞ്ഞിരുന്ന അറബുകൾ നിസ്സഹായമായി ആയിരങ്ങളായി കുടിയൊഴിപ്പിക്കപ്പെട്ടു. യഹൂദകുടിയേറ്റക്കാരുടെ രൂപകല്പനക്കൊത്ത് കളിച്ചുകൊണ്ട് കൊളോണിയൽ സാമ്രാജ്യത്വശക്തികൾ പാലസ്തീനെ ഒരു ദേശമില്ലാത്ത രാജ്യമായി കണ്ടുതുടങ്ങി. അങ്ങനെ അവർ യഹൂദകുടിയേറ്റക്കാരുടെ കൊളോണിയൽ നുഴഞ്ഞുകയറ്റത്തെ പ്രോത്സാഹിപ്പിച്ചു. ഒന്നാം ലോകയുദ്ധത്തിനുശേഷം പാലസ്തീൻ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായി. 1917 ൽ സയണിസ്റ്റ് രൂപകല്പനക്കൊത്തവിധം പാലസ്തീനിൽ യഹൂദർക്ക് വേണ്ടി ഒരു ദേശഗൃഹം സമ്മാനിക്കാനായി ബ്രിട്ടീഷ് കൊളോണിയൽ ഗവണ്മെന്റ് ബാൽഫോർ പ്രഖ്യാപനം എടുത്തിട്ടു. സാന്ദർഭികമായി പറയട്ടെ, ജറുസലേമിനെ സംബന്ധിച്ച് ട്രംപിന്റെ നടപടി ബാൽഫോർ പ്രഖ്യാപനത്തിന്റെ ശതാബ്ദി വർഷത്തിലാണ് സംഭവിച്ചിരിക്കുന്നത്.

1948വരെ പലസ്തീൻ ബ്രിട്ടീഷ് സാമ്രാജ്യത്വ ചൂഷണത്തിന്റെയും ജോർദ്ദാനിയൻ രാജാവിന്റെ ജന്മിത്വ ഭരണത്തിന്റെയും പിടിയിലമർന്നിരിക്കുകയായിരുന്നു. യുഎസ് സാമ്രാജ്യത്വം ഈ പ്രദേശത്തേക്ക് ആണ്ടിറങ്ങി തുടങ്ങിയതോടെ ബ്രിട്ടീഷ് സാമ്രാജ്യത്വവും സയണിസ്റ്റുകളും തമ്മിലുള്ള ബന്ധം വഷളായിത്തുടങ്ങി. ഇർഗുൻ പോലെയുള്ള ഭീകരസംഘടനകൾ ബ്രിട്ടനെതിരെ പ്രവർത്തിക്കുകയും അവരെ ആക്രമിക്കുകപോലും ചെയ്തു. അറബുകൾക്കെതിരെ ഭീകരാക്രമണങ്ങൾ അഴിച്ചുവിട്ടു. നേരിട്ടുള്ള ഒരു നീക്കമെന്ന നിലയിൽ 1946ൽ മറ്റിടങ്ങളിലായി കഴിഞ്ഞിരുന്ന ഒരു ലക്ഷം യഹൂദന്മാരെ പലസ്തീനിൽ പ്രവേശിപ്പിക്കാനുള്ള ശുപാർശ യുഎസ് പ്രസിഡന്റ് ട്രൂമാൻ അംഗീകരിച്ചു. ആ വർഷം ഒക്ടോബറിൽ ഒരു യഹൂദരാഷ്ട്രം സൃഷ്ടിക്കുന്ന കാര്യത്തിൽ തന്റെ പിന്തുണ അദ്ദേഹം തുറന്നുതന്നെ പ്രഖ്യാപിച്ചു. ഒരു യഹൂദരാഷ്ട്രം സൃഷ്ടടിക്കാനുള്ള സാമ്രാജ്യത്വ പദ്ധതിക്ക് അനുമതി മുദ്രപതിപ്പിക്കാനായി ബ്രിട്ടീഷ് കൊളോണിയൽ ഭരണം അവസാനിപ്പിക്കാൻ നിശ്ചയിച്ചിരുന്ന 1948 മേയ് മാസം നിലവിൽ വരത്തക്കവിധം പാലസ്തീനെ യഹൂദ-അറബ് രാഷ്ട്രങ്ങളായി വിഭജിക്കുന്ന 181-ാം നമ്പർ പ്രമേയം ഐക്യരാഷ്ട്രപൊതുസഭ 1947 നവംബറിൽ അംഗീകരിച്ചു. ജറുസലേമിനെ ചുറ്റിപ്പറ്റി അബ്രഹാമിക് മതങ്ങളായ യഹൂദമതം, ക്രിസ്തുമതം, ഇസ്ലാംമതം എന്നിവയ്ക്ക് മതപരമായ പ്രത്യേക പ്രാധാന്യമുള്ള ജറുസലേമിനെ ഒരു പ്രത്യേക അന്തർദ്ദേശീയ നഗരമായി അംഗീകരിക്കുകയും അന്തർദ്ദേശീയ നിയന്ത്രണത്തിൽ ഒരു പ്രത്യേക അന്തർദ്ദേശീയ ഭരണസംവിധാനം ഏർപ്പെടുത്തുവാനും തീരുമാനിക്കപ്പെട്ടു. അങ്ങനെ, ഇസ്രയേൽ രൂപം കൊള്ളുന്നതിന് മുമ്പ് തന്നെ പലസ്തീൻ വിഭജിക്കപ്പെട്ടു.

ഐക്യരാഷ്ട്രസഭ പ്രമേയപ്രകാരം ഇസ്രായേൽ ഒരു സ്വതന്ത്രയഹൂദരാഷ്ട്രമായി 1948 മേയ് 14ന് പ്രഖ്യാപിക്കപ്പെട്ടു. യുഎസ് സാമ്രാജ്യത്വം അതിനോടകം തന്നെ 181-ാം നമ്പർ പ്രമേയത്തെ പിന്തുണച്ചിരുന്നു. 1948 മേയ് 14ന് തന്നെ അവർ ഇസ്രായേലിനെ അംഗീകരിക്കുകയും പക്ഷെ അറബുകളുടെ പ്രതീക്ഷകൾ സജീവമായി നിലനിർത്താനായി അറബുകളും ഇസ്രായേലും തമ്മിലുള്ള ചർച്ചകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അങ്ങനെ വ്യക്തമായ യുഎസ് പിന്തുണയോടെയുള്ള സാമ്രാജ്യത്വ കുതന്ത്രങ്ങൾ വഴിയാണ് ഇസ്രായേൽ രൂപീകരിക്കപ്പെട്ടത്. സാമ്രാജ്യത്വ കഴുകന്മാർ പാലസ്തീനെ അനിശ്ചിതമായ ഒരു ഭാവിയിലേക്ക് തള്ളിവിടുകയും ചെയ്തു. ഈ ഏർപ്പാടുകൾ പലസ്തീനിലെ അറബുകളുടെ കയ്യിൽ നിന്ന് ഭൂമി തട്ടിപ്പറിച്ചു എന്നുമാത്രമല്ല ഏതുനിമിഷവും കഴുത്തിന് പിടിക്കാൻ തയ്യാറായി നിൽക്കുന്ന ഒരു നിതാന്ത ശത്രുവിനെ കൂടി അത് സ്ഥാപിക്കുകയും ചെയ്തു. സ്വാഭാവികമായും അക്കാര്യം അറബുകളിൽ നീരസം നിറച്ചു.

1948 മേയ് 15ന് ഒരു അറബ് ഇസ്രായേലിയുദ്ധം ആരംഭിച്ചു. പഴയ പാലസ്തീനിലും സിനായി ഉപദ്വീപിലും തെക്കൻ ലബനണിലുമായി നടന്ന യുദ്ധം 1949 മാർച്ച് വരെ നീണ്ടുനിന്നു. ഒരുവശത്ത് ഇസ്രായേലിനെ പിന്തുണച്ചുകൊണ്ട് ഈജിപ്തിന്റെ നേതൃത്വത്തിൽ സിറിയ, ജോർദാൻ, ലെബനൻ, സൗദിഅറേബ്യ, യെമൻ എന്നിവരടങ്ങിയ അറബ് സഖ്യരാഷ്ട്രങ്ങൾ അണിനിരന്നു. സാമ്രാജ്യത്വശക്തികളുടെ, പ്രധാനമായും യുഎസ്സിന്റെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പിന്തുണയും സഹായവും അവർക്കുണ്ടായുരുന്നു. മറുവശത്താകട്ടെ, പലസ്തീനിലെയും അയൽ പ്രദേശത്തെ അറബ് രാജ്യങ്ങളിലെയും ഇറാഖിലെയും വോളന്റിയർമാർ ഉൾപ്പെട്ട അറബ് വിമോചന സേനയുമായിരുന്നു. പദ്ധതി ആസൂത്രകരും മാർഗ്ഗദർശികളുമായവർ ഇസ്രായേലിന്റെ വിജയം ഉറപ്പുവരുത്തി. ഐക്യരാഷ്ട്രസഭ പ്രമേയം വഴി മുമ്പ് പലസ്തീന് അനുവദിക്കപ്പെട്ട ഭൂഭാഗത്തിൽ നിന്ന് കൂടുതൽ സ്ഥലം ഇസ്രായേൽ നേടിയെടുക്കുന്ന തരത്തിൽ യുദ്ധാവസാനക്കരാറിൽ ഒപ്പിടപ്പെട്ടു. അങ്ങനെ, അന്നത്തെ പലസ്തീന്റെ മൂന്നിൽ രണ്ട് ഭാഗവും ഇസ്രായേൽ അധിനിവേശിതമായി മാറി. കരാർവഴി ജറുസലേം രണ്ടായി പകുക്കപ്പെട്ടു. പച്ചമഷിയാൽ വരക്കപ്പെട്ടതുകാരണം ആ അതിരിനെ ഗ്രീൻലൈൻ എന്ന് വിഭജിക്കപ്പെട്ടു. അത് ജനറുസലേമിന്റെ പടിഞ്ഞാറൻ പകുതി ഇസ്രയേലിന്റെ നിയന്ത്രണത്തിലേക്കും പ്രസിദ്ധമായ പഴയ നഗരമുൾപ്പെടെയുള്ള കിഴക്കൻ പകുതി ജോർദ്ദാന്റെ നിയന്ത്രണത്തിലേക്കും വിട്ടു.

1948 ലെ അറബ്-ഇസ്രായേലി യുദ്ധം അങ്ങനെ പഴയ പലസ്തീന്റെ വലിയൊരുപങ്ക് പകുത്തെടുത്ത് ഇസ്രായേലിന് കൈമാറ്റം ചെയ്യപ്പെട്ടു. യഥാർത്ഥത്തിൽ, യുദ്ധം കൂട്ടക്കൊലകളിലേക്കും ബലാൽക്കാരേണയുള്ള കുടിയൊഴിപ്പിക്കലിലേക്കും സമീപരാജ്യങ്ങളിലേക്ക് ആയിരങ്ങളായി അഭയം പ്രാപിക്കുവാൻ നിർബന്ധിതമാക്കത്തക്കവിധത്തിലുള്ള ആട്ടിപ്പുറത്താക്കലുകളിലേക്കുമായിരുന്നു നയിച്ചത്. ഓടിപ്പോവാൻ ഇനിയും വിസ്സമ്മതിക്കുന്നവർ നിരന്തരമായി ചുരുക്കപ്പെട്ടുകൊണ്ടിരിക്കുന്ന, ചേരികളായി മാറിക്കഴിഞ്ഞ ഭൂഭാഗത്തേക്ക് തുരത്തപ്പെട്ടു. യുഎസ് സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിലുള്ള കൗശലക്കാരായ സാമ്രാജ്യത്ത ശക്തികൾ അവർക്ക് സമാധാനവും രാഷ്ട്രപദവിയും വാഗ്ദാനം ചെയ്തു. പക്ഷെ തുടർന്ന് സാമ്രാജ്യത്തശക്തികളുടെ എല്ലാത്തരത്തിലുമുള്ള സായുധ-സാമ്പത്തിക-രാഷ്ട്രീയ പിന്തുണയോടെ തങ്ങളുടെ ഭൂപ്രദേശങ്ങളെ ആക്രമിച്ച് കൈയ്യേറുന്ന രീതി ഇസ്രായേൽ സ്വീകരിച്ചപ്പോൾ ഓരോ കടന്നാക്രമണവും അവരുടെ പ്രതീക്ഷകളെ ആട്ടിയകറ്റുന്നതിലേക്ക് നയിക്കുകയാണുണ്ടായത്.

### ജറുസലേമിന്റെ പദവി

1967ലെ ആറുദിന മിന്നൽ യുദ്ധത്തിലൂടെ പലസ്തീനിലെ കിഴക്കൻ ജറുസലേമിന്റെയും വെസ്റ്റ് ബാങ്കിന്റെയും നിയന്ത്രണം ജോർദ്ദാനിൽ നിന്നും, ഗാസാസ്ട്രിപ്പും സിനായ് ഉപദ്വീപും ഈജിപതിൽ നിന്നും, സിറിയയിൽ നിന്ന് ഗോലാൻ കുന്നുകളും പിടിച്ചെടുത്തു. അവിടുന്നിങ്ങോട്ട്, ജറുസലേം നഗരമാകെ ഇസ്രായേലിന്റെ ആധിപത്യത്തിൻ കീഴിലായെങ്കിലും കിഴക്കൻ ജറുസലേമിന്റെ മേലുള്ള അവരുടെ പരമാധികാരത്തിന് അന്തർദ്ദേശീയ അംഗീകാരമില്ലായിരുന്നു. ഭാവിയിലെ ഒരു പാലസ്തീൻ രാഷ്ട്രത്തിന്റെ തലസ്ഥാനമായി പാലസ്തീൻകാർ കാണുന്നത് കിഴക്കൻ ജറുസലേമിനെയാണ്.

1967 ആരംഭത്തിൽ നടന്ന യുദ്ധത്തിലൂടെ കൈയ്യേറിയ എല്ലാ പ്രദേശങ്ങളിൽ നിന്നും പിൻമാറണമെന്ന് ഐക്യരാഷ്ട്രസഭ ആ വർഷം തന്നെ കൊണ്ടുവന്ന 242-ാം നമ്പർ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ഭൂമിയും സ്വത്തുവകകളും പിടിച്ചടക്കുന്നതടക്കം ജറുസലേമിന്റെ പദവിക്ക് മാറ്റമുണ്ടാവാൻ സാധ്യതയുള്ള എല്ലാത്തരം നടപടികളിൽ നിന്നും പിന്തിരിയണമെന്ന് 1968ലെ 252-ാം നമ്പർ പ്രമേയത്തിലൂടെ സെക്യൂരിറ്റി കൗൺസിലും ഇസ്രായേലിനോട് വ്യക്തമായി ആവശ്യപ്പെട്ടു. നഗരത്തിന്റെ പദവിയെ സംബന്ധിച്ച് അന്തിമമായി തീരുമാനമെടുക്കേണ്ടത് ഇസ്രായേലും പാലസ്തീനും തമ്മിൽ നേരിട്ടുള്ള ചർച്ചകളിലൂടെ ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്ന 10 പ്രമേയങ്ങൾ സെക്യൂരിറ്റി കൗൺസിൽ 1967 മുതൽ പാസ്സാക്കിയിട്ടുണ്ട്. പക്ഷെ എല്ലാം വൃഥാവിൽ! ഇസ്രായേൽ, പതിവുപോലെ തൊട്ടുകിടക്കുന്ന അയൽരാജ്യങ്ങളുടെ ഭൂമിയിലെ ജനങ്ങളെ ബലാൽക്കാരമായി ഒഴിപ്പിച്ച് അവിടം കൈയ്യേറിക്കൊണ്ട് തങ്ങളുടെ അതിർത്തി വിപുലപ്പെടുത്തിക്കൊണ്ടേയിരുന്നു. പാലസ്തീനെതിരെയുള്ള കൈയ്യേറ്റയുദ്ധങ്ങളായിരുന്നു ഏറ്റവും ഭീകരം.



**1967 ആരംഭത്തിൽ നടന്ന യുദ്ധത്തിലൂടെ കൈയ്യേറിയ എല്ലാ പ്രദേശങ്ങളിൽ നിന്നും പിൻമാറണമെന്ന് ഐക്യരാഷ്ട്രസഭ ആ വർഷം തന്നെ കൊണ്ടുവന്ന 242-ാം നമ്പർ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ഭൂമിയും സ്വത്തുവകകളും പിടിച്ചടക്കുന്നതടക്കം ജറുസലേമിന്റെ പദവിക്ക് മാറ്റമുണ്ടാവാൻ സാധ്യതയുള്ള എല്ലാത്തരം നടപടികളിൽ നിന്നും പിന്തിരിയണമെന്ന് 1968ലെ 252-ാം നമ്പർ പ്രമേയത്തിലൂടെ സെക്യൂരിറ്റി കൗൺസിലും ഇസ്രായേലിനോട് വ്യക്തമായി ആവശ്യപ്പെട്ടു.**

ഈജിപ്ത്, സൗദിഅറേബ്യ തുടങ്ങിയ രാജ്യങ്ങൾ യു.എസ് സാമ്രാജ്യത്തവുമായി ഒത്തുതീർപ്പിലെത്തുകയും ചിലപ്പോൾ പക്ഷം ചേരുകയും ചെയ്തതോടെയും തിരുത്തൽവാദികളായ സോവിയറ്റ് നേതൃത്വം യു.എസ് സാമ്രാജ്യത്ത കടന്നാക്രമണങ്ങൾക്കുമുന്നിൽ മുട്ടുവിറച്ചുനിന്നതുകൊണ്ടും ഒരിക്കൽ ഐക്യപ്പെട്ടുനിന്ന അറബ് നേതൃത്വം പിളർന്നുമാറി. ഗ്രൂപ്പ് പോരും പിളർപ്പും പാലസ്തീനിയൻ നേതൃത്വത്തെയും കഷ്ടത്തിലാക്കി. എന്നിരുന്നാലും പലസ്തീൻ ജനത തങ്ങളുടെ ആധാരസ്തംഭങ്ങളായ മൂന്ന് ലക്ഷ്യങ്ങളെ, അതായത് തങ്ങൾക്കായി ഒരു സ്വതന്ത്രരാഷ്ട്രം, സയണിസ്റ്റ് ഇസ്രായേൽ ബലാൽക്കാരേണ കുടിയൊഴിപ്പിച്ചു പുറത്താക്കിയ സ്വന്തം ഭൂമിയിലേക്ക് തിരിച്ചെത്താനുള്ള അവകാശം, അവരുടെ തലസ്ഥാനമായി ജറുസലേമിന്റെ നിയന്ത്രണം എന്നിവയെ മുൻനിർത്തിയുള്ള പോരാട്ടം വലിയ വിഭവങ്ങളും പടക്കോപ്പുകളുമില്ലെങ്കിലും വമ്പിച്ച ആവേശവും നിശ്ചയദാർഢ്യവും പ്രദർശിപ്പിച്ചുകൊണ്ട് അവർ തങ്ങളുടെ പോരാട്ടം തുടർന്നു.

വഞ്ചനാപരമായ കടന്നാക്രമണത്തിന്റെ ഇതേ ചരിത്രം തന്നെയാണ് ജറുസലേമും പേറുന്നത്. 1967ന് മുമ്പ് അവിടെ ഭൂരിപക്ഷവും പാലസ്തീൻ ജനതയായിരുന്നു ഉണ്ടായിരുന്നത്. അവിടെ പണ്ടുമുതലേയുണ്ടായിരുന്ന നിവാസികളെ ഇസ്രയേലി കുടിയേറ്റക്കാർ ആട്ടിപ്പായിച്ചുകൊണ്ട് ഒഴിപ്പിച്ചെടുത്ത പ്രദേശത്ത് യഹൂദരെ കുടിയിരുത്തിയതുകാരണം ജറുസലേം ഇപ്പോൾ ഒരു യഹൂദ ഭൂരിപക്ഷ നഗരമായി മാറിയിരിക്കുന്നു. സാമ്രാജ്യത്വരാജ്യങ്ങൾ മാത്രമല്ല, അറബ് രാജ്യങ്ങളടക്കമുള്ള മറ്റുള്ളവർ പോലും ഇത്രയും നഗ്നമായ അക്രമണത്തിനെതിരെ ശബ്ദമുയർത്തിയില്ല. ഇത്രയൊക്കെ ആയിട്ടും ഇപ്പോൾ പോലും വിശുദ്ധനഗരത്തിലെ 40 ശതമാനം ജനങ്ങൾ പാലസ്തീൻകാരാണ്. പാലസ്തീൻകാരെ ഇസ്രായേൽ കണക്കാക്കുന്നത് വിദേശികളായാണ്. അവരുടെ സ്വന്തം നഗരത്തിൽ താമസിക്കാനായി സ്ഥിരതാമസകാർഡുകൾ നൽകിക്കൊണ്ട് അവരെ കാരുണ്യപൂർവ്വം ആദരിച്ചിരിക്കുന്നു! ഇസ്രയേലി അധികാരികൾ ഈ കാർഡുകൾ ഏതുസമയവും തിരികെ പിടിച്ചെടുത്തേക്കാമെന്നുള്ളതുകൊണ്ട് അവർ നിതാന്ത ഭീതിയിലാണ് കഴിയുന്നത്. 1967 മുതൽ 14000 ത്തിലധികം പാലസ്തീൻകാരുടെ പൗരത്വാവകാശം റദ്ദ് ചെയ്യുകയും കിഴക്കൻ ജറുസലേമിലെ ഇടതിങ്ങിപാർക്കുന്ന പലസ്തീൻ പ്രദേശങ്ങളുടെ നടുമദ്ധ്യേ യഹൂദകോളനികൾ പണിയുകയും ചെയ്തു. ഇസ്രായേലി സുരക്ഷാഭടന്മാർ നൽകുന്ന സുരക്ഷയിൽ രണ്ട് ലക്ഷത്തോളം യഹൂദർ അത്തരം പ്രദേശങ്ങളിൽ ഇപ്പോൾ താമസിക്കുന്നുണ്ട്. ഐക്യരാഷ്ട്രസഭയുടെ കണക്ക് പ്രകാരം ജറുസലേമിൽ സയണിസ്റ്റ് ഇസ്രായേൽ 1967 ന് ശേഷം 20,000 പലസ്തീൻ വീടുകൾ നശിപ്പിച്ചിട്ടുണ്ട്. 1980 ജൂലൈയിൽ ജറുസലേമിനെ ഇസ്രായേലിന്റെ ഐക്യതലസ്ഥാനമായി ഏകപക്ഷീയമായി പ്രഖ്യാപിച്ചുകൊണ്ട് ഒരു നിയമം പാസ്സാക്കുകയുണ്ടായി. കിഴക്കൻ ജറുസലേമിനെ പിടിച്ചടക്കിക്കൊണ്ടുള്ള ഇസ്രായേലിന്റെ നടപടിയെ അപലപിക്കുകയും അത് അന്തർദ്ദേശീയ നിയമങ്ങളുടെ ലംഘനമാണെന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു പ്രമേയം വഴിയാണ് ഐക്യരാഷ്ട്രസഭ സെക്യൂരിറ്റി കൗൺസിൽ പ്രതികരിച്ചത്. ഈ പ്രമേയം പാസ്സാക്കപ്പെട്ടതിന് ശേഷം അതുവരെ ജറുസലേമിൽ എംബസ്സികളുണ്ടായിരുന്ന രാജ്യങ്ങൾ അവ പിൻവലിച്ചു. വെസ്റ്റ് ബാങ്കിലും ജറുസലേമിലും നിർമ്മാണപ്രവർത്തനങ്ങൾ നിർത്തണമെന്ന് 1980 ലെ മറ്റൊരു പ്രമേയം വഴി സെക്യൂരിറ്റി കൗൺസിൽ മുന്നറിയിപ്പും നൽകി. അത്തരം നടപടികൾ ജനീവ കൺവൻഷന്റെ സ്പഷ്ടമായ ലംഘനമായി കണക്കാക്കപ്പെടുമെന്നും പ്രമേയം മുന്നറിയിപ്പ് നൽകി. ഐക്യരാഷ്ട്രസഭയിലെ ഒരു അംഗമെന്നനിലയിൽ പാലിക്കേണ്ട എല്ലാ അന്താരാഷ്ട്രനിയമങ്ങളെയും ധിക്കരിച്ചും വെല്ലുവിളിച്ചുകൊണ്ടും പാലസ്തീൻ ജനതക്കെതിരെ ഇന്നും യുദ്ധവെറിപൂണ്ട ആക്രമണങ്ങൾ തുടരുന്നു.

### ഗാസ അധിനിവേശം: ഇസ്രായേൽഭരണകൂട ഭീകരത

താരതമ്യേന സമീപകാലത്ത് 2008ൽ ഇസ്രയേൽ നടത്തിയ ഗാസ

*(ശേഷം 14-ാം പേജിൽ)*

# കേന്ദ്രബജറ്റ്: ജനങ്ങളുടെ ഒരു പ്രശ്നവും പരിഗണിക്കാത്ത തെരഞ്ഞെടുപ്പ് മുന്നിൽകണ്ടുള്ള പ്രചാരണ സാമഗ്രി

*2018-19ലെ കേന്ദ്ര ബജറ്റ് അവതരിപ്പിച്ചുകൊണ്ട് കേന്ദ്ര ധനകാര്യ മന്ത്രി നടത്തിയ പ്രസംഗത്തോട് ഉടനടിയുള്ള പ്രതികരണം എന്ന നിലയിൽ എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ഫെബ്രുവരി 1ന് പുറപ്പെടുവിച്ച പ്രസ്താവന:*

**ജ**നങ്ങളുടെ അടിസ്ഥാന ജീവിതപ്രശ്നങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയരേഖയാണ് കേന്ദ്രബജറ്റ് എന്നാണ് കരുതപ്പെടുന്നത്. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, അസഹ്യമായ വിലക്കയറ്റം, വ്യവസായങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടുന്നത്, വർദ്ധിച്ചുവരുന്ന തൊഴിൽനഷ്ടം, വേതനത്തിലെ ഇടിവ്, അങ്ങേയറ്റം ചൂഷണപരമായ കരാർ-കാഷ്വൽ തൊഴിൽ സമ്പ്രദായത്തിന്റെ കടന്നുകയറ്റം, കാർഷികോൽപ്പന്നങ്ങൾക്ക് മിനിമം വിലപോലും നിഷേധിക്കപ്പെടുന്നത്, കുടിയേറ്റ തൊഴിലാളികൾ പെരുകുന്നത്, കർഷകരുടെയും പിരിച്ചുവിടപ്പെട്ട തൊഴിലാളികളുടെയും ആത്മഹത്യ വർദ്ധിക്കുന്നത്, ഒരുപിടി സമ്പന്നരും അനേകലക്ഷം പാവപ്പെട്ടവരും തമ്മിലുള്ള അന്തരം വഷളാംവണ്ണം വർദ്ധിക്കുന്നത്, ഉൽപ്പാദനക്ഷമമായ നിക്ഷേപത്തിൽ കുത്തനെയുണ്ടാകുന്ന ഇടിവ്, പ്രാഥമിക ചികിത്സയും വിദ്യാഭ്യാസവുംപോലും അപ്രാപ്യമാകുന്നത്, വായ്പാതിരിച്ചടവിൽ വീഴ്ചവരുത്തി കുത്തകകൾ ബാങ്കിനിക്ഷേപങ്ങൾ തട്ടിയെടുക്കുന്നത്, കള്ളപ്പണത്തിന്റെ ആധിപത്യം, വ്യാപകമായ അഴിമതി തുടങ്ങി നാനാവിധ പ്രശ്നങ്ങളാൽ ജനജീവിതം താറുമാറായിരിക്കുകയാണ്.

ഇവയൊന്നും ഏറ്റെടുക്കാൻ ബജറ്റ് തയ്യാറാകുന്നില്ല എന്നുമാത്രമല്ല, ഇവയെക്കുറിച്ചൊന്നും ഉരിയാടുന്നുപോലുമില്ല.

നേരെമറിച്ച് സർവ്വർക്കും നേട്ടം ഉറപ്പാക്കുന്ന വമ്പിച്ച വളർച്ചയുടെ നിറംപിടിപ്പിച്ച മായക്കാഴ്ചകളാണ് ബജറ്റിലുടനീളം. ദരിദ്രകർഷകർ, ദിവസക്കൂലിക്കാർ, വഴിയോര വിൽപ്പനക്കാർ, ചെറുകിട വ്യാപാരികൾ, ചെറുകിട ബിസിനസ്സുകാർ എന്നിവരുടെയൊക്കെ ജീവിതം ഒറ്റയടിക്ക് ഒരു ദുഃസ്വപ്നമാക്കിത്തീർക്കുകയും നൂറുകണക്കിന് ആളുകളുടെ മരണത്തിന് ഇടയാക്കുകയും ചെയ്തു എന്ന് രാജ്യം മുഴുവൻ തിരിച്ചറിയുന്ന നോട്ടുനിരോധനം സത്യസന്ധതയുടെ അടയാളമായി ജനങ്ങൾ സ്വീകരിച്ചു എന്നുപറഞ്ഞുകൊണ്ട് മ്ലാനത മൂടിവയ്ക്കാനുള്ള ചെപ്പടി വിദ്യയും ബജറ്റിൽ പയറ്റുന്നുണ്ട്.

അതുപോലെതന്നെ, ചെറുകിട-ഇടത്തരം വ്യവസായങ്ങൾ അടക്കം സമസ്ത ജനവിഭാഗങ്ങളുടെയും മേൽ മറ്റൊരു കനത്ത ആഘാതം ഏൽപ്പിച്ച ജിഎസ്ടിയെ നിരവധി സദ്ഫലങ്ങൾ സമ്മാനിച്ച, പുതുവഴികൾ വെട്ടത്തുറന്ന നികുതി പരിഷ്കാരം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

ജനക്ഷേമകരം എന്നപേരിൽ പൊള്ളയായ അവകാശവാദങ്ങളും പതിവിൻപടിയുള്ള പ്രഖ്യാപനങ്ങളും പ്രധാനമന്ത്രിയുടെ നാമധേയവുമായി കൂട്ടിക്കെട്ടി അവതരിപ്പിച്ചുകൊണ്ട്, ബിജെപി എംപി മാരുടെയും മന്ത്രിമാരുടെയും നിർത്താതെയുള്ള കരഘോഷത്തിന്റെ അകമ്പടിയോടെ അവതരിപ്പിച്ച ബജറ്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള അവരുടെ പാർട്ടിയുടെയും ഗവൺമെന്റിന്റെയും ഒരു പ്രചാരണ സാമഗ്രി മാത്രമാണ്. കുത്തകകളോടും കോർപ്പറേറ്റുകളോടും അടിമുടി ആഭിമുഖ്യം പുലർത്തുന്നതും തികച്ചും ജനവിരുദ്ധവുമായ ഈ ബജറ്റ് സാധാരണക്കാരുടെ ജീവിതത്തിൽ കൂടുതൽ ദുരിതം വിതയ്ക്കുമെങ്കിലും കൊട്ടിഘോഷിക്കപ്പെടുന്ന 'ഡിജിറ്റൽ സമ്പദ്ഘടന'യിൽ, പൊള്ളയായ വാഗ്ദാനങ്ങളിലൂടെ ജനങ്ങളെ കബളിപ്പിച്ചുകൊണ്ട് 'സത്യസന്ധതയുടെ ബഹുമതി' നിർലജ്ജം സ്വയം എടുത്തണിയുന്ന ഒരു ഗവൺമെന്റ് ഭരിക്കുമ്പോൾ, അതിസമ്പന്നരും കുത്തകകളും സൗഭാഗ്യങ്ങൾ നേടുന്നത് തുടരുകതന്നെചെയ്യും.

രാജ്യത്തിന്റെ വാർഷികബജറ്റ് എന്നപേരിൽ അവതരിപ്പിക്കുന്ന ഈ വഞ്ചനയുടെ പ്രമാണത്തിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്താൻ രാജ്യത്തെ ജനങ്ങളോടാകെ ഞങ്ങൾ അഭ്യർത്ഥിക്കുന്നു●

# ജറുസലേം: ഇന്ത്യ യുഎസ് സാമ്രാജ്യത്വത്തോടും സയണിസ്റ്റ് ഇസ്രായേലിനോടും പക്ഷം ചേരുന്നു

*(13-ാം പേജിൽ നിന്ന്)*

അധിനിവേശം അക്രമകാരികളായ ഇസ്രായേലി സൈന്യത്തിന്റെ ക്രൂരതകളും പാലസ്തീൻ ജനതയുടെ ദാരുണമായ ജീവിതാവസ്ഥയെയും വെളിവാക്കുന്നതിന്റെ മകുടോദാഹരണമായി തെളിഞ്ഞുനിൽക്കുന്നു. 2008 നവംബറിൽ ഇസ്രായേലി സൈന്യം ഗാസയിലേക്ക് കടന്നുകയറി. 1967ലെ യുദ്ധത്തിൽ ഇസ്രായേൽ അധിനിവേശം നടത്തുകയും പിന്നീട് പിന്മാറുകയും ചെയ്ത ഗാസ ലോകത്തിലെ ഏറ്റവും വലിയ കോൺസെൻട്രേഷൻ ക്യാമ്പ് എന്ന നിലയിൽ പരാമർശിക്കപ്പെടാറുണ്ട്. അവിടെ 40 കിലോമീറ്റർ നീളവും 5 മുതൽ 12 വരെ മാത്രം വീതിയും മാത്രമുള്ള ഭൂമിയിൽ 15 ലക്ഷം പാലസ്തീൻകാരും മറ്റുള്ളവരും ഞെങ്ങിഞെരുങ്ങി കഴിയുന്നു. മാസങ്ങളോളം ഭക്ഷണവും മറ്റ് ആവശ്യജീവനോപാധികളും തടഞ്ഞുകൊണ്ടുള്ള ഭീകരമായ ഉപരോധമാണ് ഇസ്രായേലി സൈന്യം ഏർപ്പെടുത്തിയിരിക്കുന്നത്. ഗാസയിലെ ജീവിതം തകർച്ചയുടെ വക്കിലാണ്. കൂടാതെ, ജനങ്ങൾ നിയമപ്രകാരം തെരഞ്ഞെടുത്ത നേതാക്കളെയും ഹമാസ് പ്രവർത്തകരെയും വധിക്കാൻ സയണിസ്റ്റ് ഇസ്രായേൽ നിരന്തരം ശ്രമിക്കുന്നു. ഇസ്രായേലിന്റെ കടന്നുകയറ്റത്തിന്റെ പ്രതികരണമെന്ന നിലയിൽ പലസ്തീൻ റോക്കറ്റ് ആക്രമണം പുനരാരംഭിക്കുന്നതിൽ കലാശിച്ചു. വമ്പിച്ച ചാരപ്രവർത്തനസന്നാഹങ്ങളും യു.എസിന്റെ ഉദാരമായ സാമ്പത്തിക സഹായത്തോടെയുള്ള ആക്രമണശേഷിയും അട്ടിമറിപ്രവർത്തനങ്ങൾക്കുള്ള ശേഷിയുമുള്ള ലോകത്തിലെ ഏറ്റവും മാരകമായ യുദ്ധവെറിയന്മാരിലൊന്നായ ഇസ്രായേലാവട്ടെ, ഇതൊരു ന്യായീകരണമായി പറഞ്ഞുകൊണ്ട് കിരാതമായ ആക്രമണമഴിച്ചുവിട്ടു. 2008 ഡിസംബർ 27 മുതൽ ഹമാസിനും അതുപോലുള്ളവർക്കുമെതിരെ തുറന്ന യുദ്ധം ഇസ്രായേൽ പ്രഖ്യാപിക്കുകയും നിരപരാധികളായ സിവിലിയൻ ജനങ്ങൾക്കെതിരെ ക്രൂരമായ ഭരണകൂട ഭീകരത അഴിച്ചുവിടുകയും ചെയ്തു. ആകാശത്തിൽ നിന്നുള്ള ആക്രമണങ്ങളും യുദ്ധക്കപ്പലിൽ നിന്നുള്ള ബോംബാക്രമണങ്ങളും അപ്പാച്ചെ ഹെലികോപ്ടറിന്റെ ആക്രമണത്തെ പിൻപറ്റിയുള്ള വമ്പിച്ച കരയാക്രമണവും യുഎസ് നൽകിയ ഭൂമിക്കടിയിലെ സംവിധാനങ്ങളെ ലക്ഷ്യം വെക്കുന്ന ബങ്കർ ബസ്റ്റർ ബോംബുകളും ബോംബാക്രമണ ലക്ഷ്യങ്ങളെ കണ്ടെത്താനുള്ള ഗ്ലോബൽ പൊസിഷനിംഗ് സംവിധാനത്തിന്റെ ഉപയോഗവും ഇസ്രയേൽ ഈ യുദ്ധത്തിൽ നടത്തി. സ്ത്രീകളും കുട്ടികളുമടക്കം ആയിരത്തിലധികം പലസ്തീൻകാരുടെ ജീവനെടുത്തുകൊണ്ട് ഇസ്രായേലി സൈന്യം പള്ളികളും സ്കൂളുകളും യൂണിവേഴ്സിറ്റികളും അടക്കം നൂറുകണക്കിന് കേന്ദ്രങ്ങൾ തകർത്തുതരിപ്പണമാക്കി. ഇസ്രായേലി വ്യോമസേന ദിവസേന സോണിക് ബോംബുകൾ വർഷിച്ച് കുട്ടികളുടെ കേഴ്‌വി തകർത്തു. ഒരുതരം 'കൂട്ടായ ശിക്ഷ' എന്നുപറഞ്ഞുകൊണ്ടാണ് ഇസ്രായേലി പാതകികൾ സിവിലിയൻ ആക്രമണങ്ങളെ ന്യായീകരിച്ചത്. യുഎസ്എയിൽ നിന്നുമുള്ള അക്കാദമിക് പണ്ഡിതന്മാരും മനുഷ്യാവകാശ പ്രവർത്തകരും ഈ ആക്രമണങ്ങളെ മനുഷ്യരാശിക്കെതിരായ ക്രൂരകൃത്യം എന്ന് വിളിക്കുകയും അന്തർദ്ദേശീയ ക്രിമിനൽ കോടതിയോട് ഇടപെടാൻ ആവശ്യപ്പെടുകയും ചെയ്തു. അറബ് ലീഗ് ഐക്യരാഷ്ട്രസഭയിൽ കൊണ്ടുവന്ന ഒരു പ്രമേയത്തെ ജോർജ് ബുഷ് രണ്ടാമന്റെ നേതൃത്വത്തിലുള്ള യുഎസ് സാമ്രാജ്യത്വ ഭീകരന്മാർ തടയുകയും റോക്കറ്റാക്രമണത്തിന്റെ പേരിൽ ഹമാസിനെ കുറ്റപ്പെടുത്തുകയും ആക്രമണകാരിയെയും ഇരയെയും ഒരേനിലയിൽ അവതരിപ്പിക്കുകയും ചെയ്തു. ഇപ്പോൾ, സയണിസ്റ്റ് ഇസ്രായേൽ പാലസ്തീൻകാർക്ക് മുന്നിൽ ഒരു തുറന്ന ശത്രുവായി നിലകൊള്ളുകയും എല്ലാ അന്തർദ്ദേശീയ മാനദണ്ഡങ്ങളെയും ലംഘിച്ചുകൊണ്ട് പ്രസിഡന്റ് ട്രംപ് കൊള്ളക്കാർക്ക് ജറുസലേമിനെ സമ്മാനിച്ചതും വഴി സാഹചര്യം കൂടുതൽ വഷളാവുകയാണ്.

### യുഎസ് സാമ്രാജ്യത്വത്തിന്റെ പങ്ക്വഞ്ചന നിറഞ്ഞതും ആക്രമണോത്സുകവും

മുൻപ് സൂചിപ്പിച്ചതുപോലെ, ഇസ്രായേലിനെ ഒരു യഹൂദരാഷ്ട്രം എന്ന നിലയിൽ കണ്ടുകൊണ്ടാണ് യുഎസ് സാമ്രാജ്യത്വം പ്രവർത്തിക്കുന്നത്. ബ്രിട്ടീഷ്, ഫ്രഞ്ച്, സാമ്രാജ്യത്വത്തിന്റെ സ്വാധീനം കാലിടറിത്തുടങ്ങിയതോടെ യുഎസ് സാമ്രാജ്യത്വം അറബ് രാജ്യങ്ങൾക്കെതിരെ മദ്ധ്യകിഴക്കേഷ്യയിൽ സൈനിക രാഷ്ട്രീയ ശക്തികേന്ദ്രമായി ഇസ്രായേലിനെ ഉപയോഗിക്കാൻ തുടങ്ങി. ഈ അറബ് രാജ്യങ്ങളിൽ ചിലവ ദേശീയ സ്വാതന്ത്ര്യ സമരത്താൽ കലുഷിതമായിരുന്നു. ഇസ്രായേലിനെ ഇത്തരത്തിൽ ഉപയോഗിച്ചുവെന്നു മാത്രമല്ല, സൗദി അറേബ്യ, ഖത്തർ തുടങ്ങിയ അറബ് രാജ്യങ്ങളെ തങ്ങളുടെ വാലാട്ടികളായി മാറ്റിയെടുക്കാനായി യുഎസ് സാമ്രാജ്യത്വം വിഭജിച്ച് ഭരിക്കുകയെന്ന തന്ത്രവും സ്വീകരിച്ചു. ഈ അറബ് രാജ്യങ്ങളാവട്ടെ, സാധാരണ ജനങ്ങളുടെ ചോദ്യം ചെയ്യപ്പെടാനാവാത്ത വിധേയത്വം ഉറപ്പുവരുത്തി അധികാരത്തിൽ തുടരുവാനായി പല രൂപത്തിലുള്ള ഇസ്ലാമിക് മതമൗലികവാദങ്ങളെ ഊതിക്കത്തിച്ചു. ചുരുക്കത്തിൽ പറഞ്ഞാൽ, ഇസ്രായേലിന്റെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്ന കൊള്ള സംഘസ്വഭാവവും, ചതിയും, ആദർശങ്ങളുടെയും മാനദണ്ഡങ്ങളുടെയും നിഷേധവുമെല്ലാം അതിന്റെ പ്രയോക്താവും മാർഗ്ഗദർശിയുമായ യുഎസ് സാമ്രാജ്യത്വത്തിന്റെ തനിപ്പകർപ്പെന്ന നിലയിലാണ് നാം കാണുന്നത്.

ലോകമെമ്പാടും, മദ്ധ്യകിഴക്കേഷ്യയിലടക്കം, സമാധാനവും ജനാധിപത്യവും സംരക്ഷിക്കാനെന്ന പേരിൽ വൻ തോതിലുള്ള ചാരപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വിവിധ രാജ്യങ്ങളിൽ തങ്ങളുടെ പാവ ഗവൺമെന്റുകളെ അവരോധിക്കാനായി യുഎസ് സാമ്രാജ്യത്വം നിരവധി പട്ടാള അട്ടിമറികൾ ആസൂത്രണം ചെയ്യുകയുമുണ്ടായി. ഏതെങ്കിലും രാജ്യത്ത് ഭരിക്കുന്ന കക്ഷി അവരുടെ തിട്ടൂരങ്ങൾക്ക് വഴങ്ങാതിരുന്നാൽ അവിടെ ഒരു ഭരണമാറ്റം കൊണ്ടുവരാനായി ചാരസംവിധാനത്തെ പ്രവർത്തനക്ഷമമാക്കുകയോ കപടന്യായങ്ങൾ നിരത്തിക്കൊണ്ട് ഭരണമാറ്റത്തിന് വേണ്ടി വലിയവായിൽ വാദിക്കുകയോ ചെയ്യും. ഗൂഢാലോചനയിലൂടെ ഒരിക്കൽ ഇറാനിലെ കക്ഷിഭരണത്തിൽ മാറ്റം കൊണ്ടുവന്നു. പക്ഷേ ഇറാൻ അവരിൽ നിന്ന് മാറിയകന്നപ്പോൾ നിയമവിരുദ്ധമായ, മനുഷ്യത്വരഹിതമായ ഉപരോധമാണ് അവർക്ക് മേൽ ഏർപ്പെടുത്തിയത്. ഇറാക്കി പ്രസിഡന്റ് സദ്ദാം ഹുസൈനെതിരെ 'കൂട്ട നശീകരണ ആയുധം' ഉപയോഗിക്കുന്നുവെന്ന് കപടവാദം ഉയർത്തി. ഈ ആരോപണം അമ്പേ തെറ്റാണെന്ന് പിന്നീട് തെളിഞ്ഞുവെങ്കിലും പക്ഷേ, അതിന്റെ പേരിൽ ഇറാക്കിനെ തവിടുപൊടിയാക്കുകയും സദ്ദാമിനെ കൊല്ലുകയും അവിടെ ഒരു പാവഗവൺമെന്റിനെ സ്ഥാപിക്കുകയും ആ അറബ് രാജ്യത്ത് നിലവിലുണ്ടായിരുന്ന അപൂർവ്വ മതേതരാന്തരീക്ഷം തകർക്കുകയും ചെയ്തു. അറബ് ലോകത്ത് ഷിയ-സുന്നി വിള്ളൽ ഊതിപ്പൊക്കുകയും അതുവഴി സഹോദരഹത്യാപരമായ സംഘട്ടനങ്ങൾ ജ്വലിപ്പിക്കുകയും ചെയ്തത് യുഎസ് സാമ്രാജ്യത്വമാണ്. ഏറ്റവും കൊടിയ ഇസ്ലാമിക മൗലികവാദശക്തികളായ ഐ.എസ്, താലിബാൻ, അൽഖൈദ തുടങ്ങിയവയെപ്പോലുള്ളവരെ സൃഷ്ടിക്കുകയും സഹായിക്കുകയും ചെയ്തതും യുഎസ് സാമ്രാജ്യത്വമാണ്. അതിന് ശേഷം ഭീകരവാദപ്രവർത്തനത്തെ തടയാനുള്ള മുൻകൂർ ആക്രമണം എന്നുപറഞ്ഞുകൊണ്ട് അഫ്ഗാനിസ്ഥാനെയും മറ്റ് അറബ് രാജ്യങ്ങളെയും ആക്രമിച്ചു നിലം പരിശാക്കി. വിവിധ രാജ്യങ്ങളിൽ രാസായുധങ്ങൾ തുടർച്ചയായി പ്രയോഗിക്കുകയും വിയറ്റ്നാമിൽ ഏജന്റ് ഓറഞ്ചും നാപ്പാം ബോംബും, ഇറാക്കിൽ ഡിപ്ലീറ്റഡ് യുറേനിയം തുടങ്ങിയ പ്രയോഗിക്കുകയും ചെയ്തത് യു.എസ്.സാമ്രാജ്യത്വമാണെന്ന് ലോകത്തിനറിയാം. സിറിയയിൽ അവർ ആസാദ് ഗവൺമെന്റിനെ പുറത്താക്കാൻ വേണ്ടി ഒരു റിബൽ സേനയെ സൃഷ്ടിക്കുകയും പരിശീലിപ്പിക്കുകയും സാമ്പത്തികം നൽകുകയും ആക്രമണം നടത്തിക്കുകയും ചെയ്തു. അതുവഴി വർഷങ്ങളായി തുടരുന്ന യുദ്ധത്തിലേക്ക് ആ രാജ്യം വലിച്ചിഴക്കപ്പെടുകയും ഏറ്റവും വഷളായ മനുഷ്യദുരന്തപ്രതിസന്ധികൾക്ക് വഴിവെക്കുകയും ചെയ്തു. 'ഗൺബോട്ട്' നയതന്ത്രത്തിന്റെയും യുഎസിനെ എതിർക്കുന്ന 'തെമ്മാടി' രാഷ്ട്രങ്ങളെ നശിപ്പിക്കുന്നതിന്റെയും പട്ടിക രണ്ടാം ലോകമഹായുദ്ധാനന്തരം അന്തമില്ലാതെ തുടരുകയാണ്.

ഇങ്ങനെയെല്ലാം മദ്ധ്യകിഴക്കേഷ്യയടക്കമുള്ള ലോകമെമ്പാടും യുഎസ് സാമ്രാജ്യത്വം പ്രാദേശിക, ഭാഗിക യുദ്ധങ്ങൾ കുത്തിപ്പൊക്കുകയും യുദ്ധഭ്രാന്തിനാൽ അന്തരീക്ഷം കലുഷിതമാക്കുകയും ജനങ്ങളെ ജനങ്ങൾക്കെതിരെ ഇളക്കിവിടുകയും ചതിനിറഞ്ഞ ഗൂഢാലോചനകൾ നടത്തുകയും കൂട്ടക്കുരുതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും മനുഷ്യരാശിയുടെ മേൽ മാപ്പർഹിക്കാത്ത ക്രൂരകുറ്റകൃത്യങ്ങൾ ചെയ്യുകയും ചെയ്തു. അവരുടെ സാമ്രാജ്യത്വ ലക്ഷ്യങ്ങൾക്കനുസൃതമായി അവർ ലോകത്തിന്റെ അന്തരീക്ഷമാകെ നിസ്സഹായരും നിരപരാധികളുമായ മനുഷ്യരുടെ ദീനരോദന

*(ശേഷം 15-ാം പേജിൽ)*

# ജറുസലേം: ശക്തമായ സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭണം അനിവാര്യം

(14-ാം പേജിൽ നിന്ന്)

ങ്ങൾ കൊണ്ട് നിറച്ചു. സമാധാനത്തിനും ജനാധിപത്യത്തിനും മനുഷ്യരാശിക്കാകെയും നിരന്തരമായ ഭീഷണി സൃഷ്ടിക്കുന്ന വിധത്തിൽ പ്രവർത്തിച്ചുകൊണ്ടാണ് യു.എസ്. സാമ്രാജ്യത്വം നേതൃത്വം നൽകുന്ന സാമ്രാജ്യത്ത ശക്തികളും അവരുടെ ഏറ്റവും വിശ്വസ്തരായ പിണിയാളെന്ന നിലയിൽ സയണിസ്റ്റ് ഇസ്രായേലും ചേർന്ന് മദ്ധ്യകിഴക്കേഷ്യയെ സാമ്രാജ്യത്ത കുതന്ത്രങ്ങളുടെയും ആഭ്യന്തര കലഹങ്ങളുടെയും അറബ് രാജ്യങ്ങൾ തമ്മിൽ തമ്മിലും ആഭ്യന്തരവുമായുള്ള മതമൗലികവാദങ്ങളുടെ പ്രഭവ കേന്ദ്രമാക്കി മാറ്റി. ഇസ്രായേലിനെ പാലസ്തീൻ ജനതക്കെതിരെ തിരിക്കാനായി യു.എസ്.സാമ്രാജ്യത്വഭരണാധികാരികൾ തന്നെ ചരടുവലിച്ചു. പക്ഷേ ഇസ്രായേലി അധിനിവേശത്തിനെതിരെ വളർന്നുവരുന്ന ലോകാഭിപ്രായത്തെ അവഗണിക്കാനാവാതെ ഇസ്രായേലിനും പാലസ്തീനുമിടയിൽ 'ദ്വിരാഷ്ട്ര' പരിഹാരത്തിനുവേണ്ടിയെന്നു പറഞ്ഞ് ഒരിക്കലും അവസാനിക്കാത്ത സമാധാന ചർച്ചകളുടെ സത്യസന്ധനായ ഇടനിലക്കാരനായി അവർ അഭിനയിക്കുകയാണ്. 1993-ലെ ഓസ്ലോ സമാധാന കരാർ ഒപ്പുവയ്ക്കാൻ നിർബന്ധിക്കപ്പെട്ടതിന് ശേഷം പാലസ്തീനോട് ഒരു പ്രത്യേക രാഷ്ട്രം വാഗ്ദാനം ചെയ്തത് യുഎസ് തന്നെയായിരുന്നു. ഇസ്രായേലിന്റെ തലസ്ഥാനമായി ജറുസലേമിനെ ഔപചാരികമായി അംഗീകരിക്കുന്നതിൽ നിന്നും യുഎസ് സാമ്രാജ്യത്വം വിട്ടുനിൽക്കുകയും ചെയ്തു. പക്ഷേ യുഎസ് സാമ്രാജ്യത്തത്തിന്റെ, യുഎസ് അധികാരത്തിന്റെ അകത്തളങ്ങളിലെ അതിശക്തരായ യഹൂദ ലോബിയുടെയും വീക്ഷണവും സമീപനവുമെന്തെന്ന് 1995ൽ ഇസ്രായേൽ പദ്ധതിപ്രകാരം, യുഎസ് എംബസി ജറുസലേമിലേക്ക് മാറ്റാനുള്ള തീരുമാനത്തിന് അനുകൂലമായി യുഎസ് കോൺഗ്രസ് വലിയ ഭൂരിപക്ഷത്തോടെ വോട്ട് ചെയ്തതോടെ വ്യക്തമായി. അങ്ങനെ നീണ്ടനാളുകൾക്കൊടുവിൽ തങ്ങളുടെ അജണ്ട നടത്തിയെടുക്കാനും പാലസ്തീനികളുടെ ശവപ്പെട്ടിയിൽ അവസാന ആണിയടിക്കാനുള്ള തങ്ങളുടെ ഇച്ഛയ്ക്കൊത്തുചേരുന്ന ഒരു സ്ഥാനാർത്ഥിയായി ഡൊണാൾഡ് ട്രംപിനെ കണ്ടെത്തി. പക്ഷേ അമേരിക്കൻ ജനത അവരുടെ പ്രസിഡന്റിന്റെ ഏകപക്ഷീയവും അങ്ങേയറ്റം എതിർക്കപ്പെടേണ്ടതുമായ തീരുമാനത്തിനെതിരെ രാജ്യമെമ്പാടും പ്രതിഷേധിക്കുകയാണെന്നാണ് മാദ്ധ്യമ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കൂടാതെ, ഇത്തരത്തിലുള്ള അപകടകരവും നീണ്ടുനിൽക്കുന്ന പ്രത്യാഘാതങ്ങളുണ്ടാക്കുന്നതുമായ നടപടി സ്വീകരിക്കുന്നതിനെതിരെ സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിലെയും ഡിഫൻസ് ഡിപ്പാർട്ടുമെന്റിലെയും ചില പ്രധാനപ്പെട്ട ഉന്നതോദ്യോഗസ്ഥന്മാർ ട്രംപിന് മുന്നറിയിപ്പ് നൽകിയതായും വാർത്തകളുണ്ട്. കൂടാതെ യു.എസ് എംബസി ടെൽ അവീവിൽ നിന്നും ജറുസലേമിലേക്ക് മാറ്റുന്നത് ആറുമാസത്തേക്ക് മാറ്റിവച്ചുകൊണ്ടുള്ള ഒരു ഉത്തരവിൽ ട്രംപ് തന്നെ ഒപ്പുവയ്ച്ചതായാണ് ഒരു നാഷണൽ സെക്യൂരിറ്റി കൗൺസിൽ ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്തൊക്കെ ആയാലും ട്രംപിന്റെ യുദ്ധോന്മുഖമായ നീക്കത്തിന് അപലപനമല്ലാതെ മറ്റൊന്നും നേടാനാവില്ല.

**ഇന്ത്യ യുഎസ് സാമ്രാജ്യത്വത്തോടും സയണിസ്റ്റ് ഇസ്രായേലിനോടും പക്ഷം ചേരുന്നു**

ഇപ്പോഴത്തെ സംഭവവികാസങ്ങളിൽ ഇന്ത്യയുടെ പ്രതികരണം ചാഞ്ചല്യമുള്ളതാണ്. പാലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ച ആദ്യരാജ്യങ്ങളിലൊന്നായ ഇന്ത്യ, ജറുസലേമിനെയും പാലസ്തീനെയും സമ്പൂർണ്ണമായി പിടിച്ചെടുത്ത് ഇസ്രായേലിനോട് കൂട്ടിച്ചേർക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ചതിയന്മാരായ യുഎസ് സാമ്രാജ്യത്തത്തിന്റെയും സയണിസ്റ്റ് ഇസ്രായേലി ഭരണാധികാരികളുടെയും അങ്ങേയറ്റം ഹീനമായ പദ്ധതിയെ അപലപിക്കുന്ന കാര്യത്തിൽ ഒട്ടും ഗൗരവ സമീപനമല്ല സ്വീകരിച്ചത് എന്നത് പ്രകടമാണ്. വിദേശകാര്യമന്ത്രാലയം വളരെ ലാഘവത്തിലുള്ള, തന്ത്രപരമായി ഒഴിഞ്ഞുമാറുന്ന ഒരു പ്രസ്താവനയാണ് പുറപ്പെടുവിച്ചത്. അതിപ്രകാരമാണ്: "പാലസ്തീനെ സംബന്ധിച്ച ഇന്ത്യയുടെ നിലപാട് സ്വതന്ത്രവും സ്ഥിരസ്വഭാവത്തിലുള്ളതുമാണ്. നമ്മുടെ കാഴ്ചപ്പാടും താല്പര്യങ്ങളുംകൊണ്ട് രൂപപ്പെട്ടതാണത്. മൂന്നാമതൊരു രാജ്യവും നിശ്ചയിക്കുന്നതല്ല അത്." പാലസ്തീൻ രാഷ്ട്രത്തിന്റെ തലസ്ഥാനമായിരുന്നു കിഴക്കൻ ജറുസലേമെന്നും. ദ്വിരാഷ്ട്ര പരിഹാരത്തെ ഇന്ത്യ പിന്തുണയ്ക്കുന്നുവെന്നുള്ള ഇന്ത്യയുടെ സ്ഥിരനിലപാടിനെ സംബന്ധിച്ച് ഒരു പരാമർശവും ഇതിലില്ല. ഈ രാജ്യത്ത് മാറിമാറി വരുന്ന ബൂർഷ്വാ കക്ഷികൾ നേതൃത്വം നൽകുന്ന ഗവൺമെന്റുകൾ അറബ് രാജ്യങ്ങളുമായി പ്രകടമായ സൗഹൃദം നിലനിർത്താൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളത് കാണാതെ പൊയ്ക്കൂട. ഒരു വമ്പൻ സാമ്രാജ്യത്ത ശക്തിയാവാൻ ആഗ്രഹിക്കുന്ന, പടിഞ്ഞാറൻ ഏഷ്യയിൽ താല്പര്യങ്ങളുള്ള, ഇന്ത്യൻ കുത്തക മുതലാളിത്തത്തിന്റെ രാഷ്ട്രീയ താല്പര്യങ്ങളും എണ്ണയെ സംബന്ധിച്ച താല്പര്യങ്ങളും മുൻനിർത്തിയാണ്, ആ സൗഹൃദം നിലനിന്നതെന്നത് വ്യക്തമാണ്. എന്നിരുന്നാലും സമീപകാലത്തായി, ഇന്ത്യാ ഗവൺമെന്റ് ഫാഷിസ്റ്റ് ശക്തികളായ യുഎസ് സാമ്രാജ്യത്വവുമായും സയണിസ്റ്റ് ഇസ്രായേലുമായും സ്നേഹസല്ലാപവും എന്തിന് സൈനിക സഖ്യങ്ങളും വരെ പ്രകടമായി ആരംഭിച്ചിരിക്കുന്നു. ആ സാഹചര്യമായിരിക്കണം ഇന്ത്യൻ കുത്തകകളെയും അവരുടെ കാര്യസ്ഥന്മാരായ ഗവൺമെന്റുകളെയും, യുഎസ് സാമ്രാജ്യത്തത്തിന്റെ ഇത്രയും നികൃഷ്ടമായ ഒരു നീക്കത്തിനെതിരെ ഒരു ഉറച്ച നിലപാട് സ്വീകരിക്കുന്നതിൽ നിന്നും തടഞ്ഞത്. പക്ഷേ, അതുവഴി ഇന്ത്യൻ ജനതയുടെ ശക്തമായ സാമ്രാജ്യത്ത വിരുദ്ധ പാരമ്പര്യത്തെ കൈയൊഴിയുകയും അപമാനിക്കുയുമാണ് അവർ ചെയ്തിരിക്കുന്നത്. ഭരിക്കുന്ന കുത്തകകളുടെ ആഗ്രഹപ്രകാരം ഇന്ത്യാ ഗവൺമെന്റിന്റെ യുഎസ്-ഇസ്രായേൽ അനുകൂല നിലപാടിന്റെ പക്ഷത്തേക്ക് ജനാഭിപ്രായത്തെ സ്വാധീനിക്കാനായി കോളമെഴുത്തുകാരും രാഷ്ട്രീയ വിശകലനം നടത്തുന്നവരും ശ്രമിക്കുന്നുണ്ട്. യുഎസിലെയൊ ഇസ്രായേലിലേയോ ഭരണാധികാരികൾ മിനിമം മാനുഷിക മൂല്യങ്ങളോ സംസ്കാരമോ നീതിയോ പാലിക്കുന്നുണ്ടോ എന്നവർ തരിമ്പും പരിഗണിക്കുന്നില്ല.

**ശക്തമായ സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭണം അനിവാര്യം**

ഏറ്റവും കടുത്ത യുദ്ധവെറിയന്മാരായ യുഎസ് സാമ്രാജ്യത്വം, സയണിസ്റ്റ് ഇസ്രായേലിന് ജറുസലേം ഏകപക്ഷീയമായി വിട്ടുകൊടുത്ത സമീപകാല നടപടി, യുഎസ് സാമ്രാജ്യത്വം നേതൃത്വം നൽകുന്ന സാമ്രാജ്യത്ത ശക്തികളുടെ ലോകവ്യാപകമായ അജണ്ടയുടെ ഭാഗമാണ്. തങ്ങൾക്ക് നേട്ടമുണ്ടാക്കാനും രാഷ്ട്രീയ-സാമ്പത്തിക-സൈനിക മേധാവിത്വം നിലനിർത്താനുമായി യുദ്ധവും കൊലപാതകങ്ങളും ഗൂഢാലോചനയും ചതിപ്രയോഗങ്ങളുമെല്ലാം നടത്തുകയെന്ന അജണ്ട. പാലസ്തീൻ അടക്കമുള്ള അറബ് രാജ്യങ്ങൾ പ്രശ്നത്തെ ഈ വെളിച്ചത്തിൽ കാണണം. അത്തരമൊരു പ്രശ്നം, ലോകമെമ്പാടും ഉയർന്നുവരേണ്ടുന്ന ശക്തമായ, വീറുറ്റ സാമ്രാജ്യത്ത വിരുദ്ധ പ്രക്ഷോഭണത്തിന്റെ വേലിയേറ്റത്തിലൂടെയല്ലാതെ പരിഹരിക്കാനാവില്ല. ജറുസലേമിനെ ഇസ്രായേലിന്റെ ഭാഗമായി എന്നെന്നേക്കുമായി കൂട്ടിച്ചേർക്കുന്നത് ത്വരിതപ്പെടുത്താനുള്ള തീരുമാനത്തെ ഒന്നാകെ തിരുത്തണമെന്നതാണ്, അറബ് രാജ്യങ്ങളടക്കം ലോകമെങ്ങുമുള്ള നേരായി ചിന്തിക്കുന്ന ഏതൊരാളും അതിശക്തമായി ഉയർത്തേണ്ട ഡിമാന്റ്.

ധിക്കാരത്തോടെയുള്ള ഈ നീക്കം ഇവിടെ ഒതുങ്ങില്ല. ഇതിന്റെ തുടർച്ചയെന്ന നിലയിൽ, തങ്ങളുടെ മാതൃരാജ്യത്തിന് വേണ്ടിയുള്ള പാലസ്തീനികളുടെ നെടുനാളായുള്ളതും ന്യായയുക്തമായതുമായ സ്വപ്നത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കപ്പെടും. ഒരു പ്രത്യേക സ്വതന്ത്ര പരമാധികാര പാലസ്തീൻ രാഷ്ട്രത്തിന് വേണ്ടിയും കുടിയൊഴിപ്പിക്കപ്പെട്ട പാലസ്തീനികളുടെ തിരിച്ചുവരവും പുനരധിവാസവും ഉറപ്പുവരുത്താനും അവരുടെ വിലപ്പെട്ട ജറുസലേം നഗരത്തിന്റെ പ്രത്യേക പദവി നിലനിർത്താനും വേണ്ടിയുള്ള പാലസ്തീനികളുടെ ന്യായമായ ആവശ്യം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രക്ഷോഭണങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് മാത്രമേ ഈ പ്രശ്നത്തിന് സ്ഥിരമായ പരിഹാരം കണ്ടെത്താൻ കഴിയൂ. പാലസ്തീൻ ജനതയുടെ ആവശ്യങ്ങൾ ഏറ്റവും മിനിമമാണെന്ന് ഏതൊരു പരിഷ്കൃതജനതയും, സ്വാതന്ത്ര്യവും സമാധാനവും കാംക്ഷിക്കുന്ന, നേരായി ചിന്തിക്കുന്ന ഏതൊരാളും സമ്മതിക്കും. അതിനാൽ, പാലസ്തീൻ ജനതയുടെ ന്യായമായ ഡിമാന്റിനെ അസന്നിഗ്ദ്ധമായി പിന്തുണയ്ക്കണമെന്നും യുഎസ് സാമ്രാജ്യത്വത്തിന്റെയും സയണിസ്റ്റ് ഇസ്രായേലിന്റെയും സാമ്രാജ്യത്വ പദ്ധതിയ്ക്കെതിരെ ഒന്നിക്കണമെന്നും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു●

# കവി കുരീപ്പുഴ ശ്രീകുമാറിനുനേരെ നടന്ന ആർഎസ്എസ് ആക്രമണത്തിൽ പ്രതിഷേധിക്കുക

*മലയാളത്തിന്റെ പ്രിയകവി കുരീപ്പുഴ ശ്രീകുമാറിനെതിരെ നടന്ന ആർഎസ്എസ് അക്രമത്തെ അപലപിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് പുറപ്പെടുവിച്ച പ്രസ്താവന:*

മതേതര ജനാധിപത്യ മൂല്യങ്ങൾ സധീരം ഉയർത്തിപ്പിടിക്കുന്നതിലൂടെ ഇന്ന് കേരളത്തിന്റെ ജനാധിപത്യമനഃസാക്ഷിയുടെ പ്രതീകമായി മാറിയിട്ടുള്ള കവി കുരീപ്പുഴ ശ്രീകുമാറിനെതിരെ ആർഎസ്എസ് നടത്തിയ ഭീരുത്വപൂർണ്ണമായ കടന്നാക്രമണത്തെ ഞങ്ങൾ ശക്തിയുക്തം അപലപിക്കുന്നു. ഈ അതിക്രമത്തിൽ പ്രതിഷേധിക്കാൻ എല്ലാ ജനാധിപത്യവിശ്വാസികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

സ്വതന്ത്രമായ സംവാദങ്ങൾ ജനാധിപത്യവ്യവസ്ഥിതിയുടെ നിലനില്പിന് അനുപേക്ഷണീയമാണ്; എതിരഭിപ്രായങ്ങളെ കൈയൂക്ക് കൊണ്ട് നിശ്ശബ്ദമാക്കാനുള്ള നീക്കം ജനാധിപത്യത്തിന് ഭീഷണിയും. ശ്രീനാരായണഗുരുവും അയ്യൻ കാളിയും മറ്റും നയിച്ച സർവ്വതലസ്പർശിയായ നവോത്ഥാനപ്രസ്ഥാനത്തിലൂടെ കേരളത്തിൽ പ്രതിഷ്ഠ നേടിയ ജനാധിപത്യസംസ്കാരം വലിയ വെല്ലുവിളി നേരിടുന്നുവെന്നാണ് ഈ ആക്രമണം വ്യക്തമാക്കുന്നത്.

യുക്തിചിന്തയിലും ആശയസഹിഷ്ണുതയിലും അധിഷ്ഠിതമായ ജനാധിപത്യ സംസ്കാരം സമൂഹത്തിൽ നിലനിർത്താനും വിപുലപ്പെടുത്താനും വേണ്ടി പ്രയത്നിക്കുകയെന്നത് ഇന്ന് പുരോഗമനകാംക്ഷികളുടെ അടിയന്തര കർത്തവ്യമായി തീർന്നിരിക്കുന്നു എന്ന് ഞങ്ങൾ ഓർമ്മപ്പെടുത്തുന്നു●




**കുരീപ്പുഴ ശ്രീകുമാറിന് നേരെ നടന്ന ആർഎസ്എസ് ആക്രമണത്തിനെതിരെ ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ നടന്ന പ്രതിഷേധ സംഗമം പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ ഉദ്ഘാടനം ചെയ്യുന്നു**

## കവി കുരീപ്പുഴ ശ്രീകുമാറിനുനേരെ ആക്രമണം: സെക്രട്ടേറിയറ്റിന് മുൻപിൽ പ്രതിഷേധസംഗമം

മലയാളത്തിന്റെ പ്രിയ കവി കുരീപ്പുഴ ശ്രീകുമാറിനെ ഒരു സംഘം ആർ.എസ്.എസ് പ്രവർത്തകർ കൈയേറ്റം ചെയ്തതിൽ പ്രതിഷേധിച്ച് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ പ്രതിഷേധസംഗമം സംഘടിപ്പിച്ചു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ജി.എസ് പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ ഉദ്ഘാടനം ചെയ്തു. എതിർശബ്ദങ്ങളോടുള്ള അസഹിഷ്ണുത ആക്രമണോത്സുകതയായി കേരളത്തിന്റെ മണ്ണിലും വളർന്നുവരുന്നതിന്റെ വിപത്കരമായ സൂചനയാണ് കുരീപ്പുഴ ശ്രീകുമാറിനെതിരായ കൈയേറ്റമെന്ന് അദ്ദേഹം പറഞ്ഞു. ഫാസിസ്റ്റ് ആക്രണങ്ങൾക്കെതിരെ പുരോഗമന ജനാധിപത്യവിശ്വാസികൾ ഒറ്റക്കെട്ടായി രംഗത്തിറങ്ങേണ്ട സമയമാണിതെന്നും അദ്ദേഹം പറഞ്ഞു. എം.ഷാജർഖാൻ, വിനോദ് വെള്ളായണി, സ്വീറ്റാ ദാസൻ, മടവൂർ രാധാകൃഷ്ണൻ, പട്ടാഴി ശ്രീകുമാർ, ഉണ്ണി പ്രശാന്ത്, വിനു വിക്രം, ആർ.ബിജു (ബാനർ സാംസ്കാരിക സമിതി) പി.എസ് ഗോപകുമാർ, എസ്.മിനി (എ,ഐ,എം,എസ്.എസ്), എ.ഷൈജു (എ.ഐ.ഡി.എസ്.ഒ) എന്നിവർ സംസാരിച്ചു●



**ദേശീയപാത വികസനത്തിനുവേണ്ടി മുൻകൂറായി പുനരധിവാസവും മതിയായ നഷ്ടപരിഹാരവും നൽകാതെ കുടിയൊഴിപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എൻഎച്ച് 17 ആക്ഷൻ കൗൺസിൽ ജനുവരി 10ന് കണ്ണൂർ കളക്ട്രേറ്റിലേയ്ക്ക് നടത്തിയ മാർച്ച്**

Date of Posting 9th&10th of every month at RMS, Trivandrum.
Date of publishing 01/02/2018
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY
MALAYALAM MONTHLY

Vol.46 No.8
Price : Rs 5.00
February 2018

# നാഷണൽ മെഡിക്കൽ കമ്മീഷൻ ബില്ലിനെതിരെ ദേശീയ സെമിനാർ




എംഎസ് സി സംഘടിപ്പിച്ച ദേശീയ സെമിനാറിൽ ഡോ.തരുൺ മണ്ഡൽ പ്രസംഗിക്കുന്നു

**രാ**ജ്യത്ത് പൊതുമേഖലയിലുള്ള ആരോഗ്യ സേവനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം അനുദിനം കുറഞ്ഞ് വരുന്നത് ആരോഗ്യ മേഖലയിലെ കമ്പോള താൽപര്യങ്ങൾ തടയാൻ ഭരണകർത്താക്കൾ പരാജയപ്പെടുന്നതിനാലാണെന്നും നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ നമ്മുടെ ഭരണകർത്താക്കൾ എത്രത്തോളം കമ്പോളത്തിന് വേണ്ടി നിലകൊള്ളുന്നു എന്നതിന് തെളിവാണെന്നും ഈ നയങ്ങൾ ചോദ്യം ചെയ്യപ്പെടാതിരിക്കുന്നതിന് വേണ്ടിയാണ് ഐഎംസി പിരിച്ചുവിട്ട് ജനാധിപത്യ സ്വഭാവമില്ലാത്ത എൻഎംസിയെ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതെന്നും ഡോ.തരുൺ മണ്ഡൽ(മുൻ എം.പി, ആരോഗ്യകാര്യ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി മുൻ അംഗം) അഭിപ്രായപ്പെട്ടു. കോട്ടയം മെഡിക്കൽ കോളേജിൽ മെഡിക്കൽ സർവീസ് സെന്റർ (എംഎസ്സി) സംഘടിപ്പിച്ച 'നാഷണൽ മെഡിക്കൽ കമ്മീഷൻ–പൊതുജനാരോഗ്യ രംഗത്തെ വെല്ലുവിളിയോ പരിഹാരമോ?' ദേശീയ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പ്രൊഫസർ വിനായിക് നർലിക്കർ(മഹാരാഷ്ട്ര) അദ്ധ്യക്ഷത വഹിച്ചു. ഡോ.സി.പി.വിജയൻ (എച്ച്ഒഡി, ഗൈനക്കോളജി & ഒബ്സ്റ്റട്രിക്സ്, കോട്ടയം മെഡിക്കൽ കോളേജ്), ഡോ.സുധ കമ്മത്ത്(കർണാടക), ഡോ.വി.വേണുഗോപാൽ(കേരളം), ഡോ.അശോക് സാമന്ത(പശ്ചിമ ബംഗാൾ), ഡോ.കെ.ഹരിപ്രസാദ്(കേരളം), ഡോ.സജിത്ത് കുമാർ(കോട്ടയം മെഡിക്കൽ കോളേജ്), ഡോ.സജൽ ബിശ്വാസ്(പശ്ചിമ ബംഗാൾ), ഡോ.ജഗദീഷ് ചന്ദർ(ചത്തീസ്ഗഡ്), ഡോ.വർഗീസ് പുന്നൂസ്(ആലപ്പുഴ മെഡിക്കൽ കോളേജ്), ഡോ. ഷാജഹാൻ(സെനറ്റ് മെമ്പർ, കേരള ആരോഗ്യ സർവകലാശാല), ഡോ.ജി.ജെജി(കോട്ടയം മെഡിക്കൽ കോളേജ്), ഡോ.അൻഷുമാൻ മിത്ര(പശ്ചിമ ബംഗാൾ) എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ജനദ്രോഹപരമായ നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ പിൻവലിക്കണമെന്നും സെമിനാർ വിലയിരുത്തി. തുടർന്ന് ആരോഗ്യമേഖലയിലെ തൊഴിലവകാശ ലംഘനങ്ങൾ എന്ന വിഷയത്തിൽ പേപ്പർ എസ്.മിനി (സംസ്ഥാന സെക്രട്ടറി, ഐഎൻപിഎ) അവതരിപ്പിച്ചു. ഡോ.നെസ്നീൻ സെയ്ദു ചർച്ചയിൽ പങ്കെടുത്ത് പ്രസംഗിച്ചു. ഡോ.മുഹമ്മദ് ഷഫീഖ് സ്വാഗതവും എസ്.മനുരാജ് നന്ദിയും പറഞ്ഞു ●



പ്രീപ്രൈമറി ജീവനക്കാരുടെ സെക്രട്ടേറിയറ്റ് മാർച്ച്
വി.പി.വാസുദേവൻ ഉദ്ഘാടനം ചെയ്യുന്നു

# പ്രീ-പ്രൈമറി ജീവനക്കാരുടെ സെക്രട്ടേറിയറ്റ് മാർച്ച്

**എ**യ്ഡഡ്–സർക്കാർ സ്കൂളുകളുടെ ഭാഗമായി പ്രീപ്രൈമറിയെ അംഗീകരിക്കുക, ഓണറേറിയത്തിനുപകരം സർക്കാർ നിരക്കിൽ ശമ്പളം നൽകുക, അന്യായമായ പിരിച്ചുവിടൽ അവസാനിപ്പിക്കുക, തൊഴിൽ സുരക്ഷ ഉറപ്പാക്കുക, എസ്സിഇആർടി പഠനറിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് പ്രീപ്രൈമറി ടീച്ചേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ഓർഗനൈസേഷന്റെ(പിപിടിഎച്ച്ഒ) ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും നടത്തി. പ്രമുഖ വിദ്യാഭ്യാസ–സാംസ്കാരിക പ്രവർത്തകൻ വി.പി.വാസുദേവൻ ഉദ്ഘാടനം ചെയ്തു. കൊച്ചുകുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനുവേണ്ടി സമർപ്പിതരായ പ്രീപ്രൈമറി ടീച്ചർമാർക്ക് അവരുടെ അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കാൻ സർക്കാർ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ആൾ ഇന്ത്യ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ മുഖ്യപ്രസംഗം നടത്തി. പൊതുവിദ്യാഭ്യാസത്തിന്റെ അവിഭാജ്യഭാഗമായ പ്രീപ്രൈമറിയെ ഭരണാധികാരികൾ അവഗണിക്കുന്നത് അങ്ങേയറ്റം ജനാധിപത്യവിരുദ്ധമാണ്. പ്രീപ്രൈമറി ടീച്ചർമാർക്ക് തുച്ഛമായ ശമ്പളമല്ല, മറിച്ച് സർക്കാർ നിരക്കിലുള്ള ശമ്പളമാണ് നൽകേണ്ടത് എന്നദ്ദേഹം ചൂണ്ടിക്കാട്ടി. പിപിടിഎച്ച്ഒ സംസ്ഥാന പ്രസിഡന്റ് പി.വനജ ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ്പ്രസിഡന്റ് കെ.എം.ബീവി, സംസ്ഥാന സെക്രട്ടറി വി.വിജയഷോമ, സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ അനൂപ് ജോൺ, കെ.പി.ശ്രീകുമാർ. കെ.പി.സുബൈദ, ട്രഷറർ ബി.കെ.രേഷ്മ, ജെ. രശ്മി, എൻ.അജിത, നസീറ, വി.ഉഷാകുമാരി എന്നിവർ പ്രസംഗിച്ചു ●

# ആശാ വർക്കർമാരുടെ സെക്രട്ടേറിയറ്റ് ധർണ്ണയും നിയമസഭാമാർച്ചും




ആശാവർക്കർമാരുടെ നിയമസഭാ മാർച്ച്

**ആ**ശാ വർക്കർമാർക്ക് സംസ്ഥാന ആരോഗ്യമന്ത്രി പ്രഖ്യാപിച്ച 7500 രൂപ പ്രതിമാസ വേതനം ഉടൻ നൽകുക, ആശാവർക്കർമാരെ സ്ഥിരം ജീവനക്കാരായി നിയമിക്കുക, വേതനം അതാത് മാസം തന്നെ നൽകുക എന്നീ പ്രധാന ഡിമാന്റുകളുന്നയിച്ചുകൊണ്ട് ജനുവരി 23 ന് ആശാ വർക്കർമാർ സെക്രട്ടേറിയറ്റ് ധർണ്ണയും നിയമസഭാ മാർച്ചും നടത്തി. കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന സമരം, അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു.

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ മുഖ്യപ്രസംഗം നടത്തി. ജി.ആർ. സുഭാഷ്, കെ.ഷൈലജ, ആർ.ഷാമിലാ ബീവി എന്നിവർ പ്രസംഗിച്ചു. എസ്.മിനി അധ്യക്ഷത വഹിച്ച യോഗത്തിൽ സുനിതകുമാരി സ്വാഗതവും ശോഭ കൃതജ്ഞതയും പറഞ്ഞു. ശ്രീലത കുന്നത്തുകാൽ, ഷീല ജയൻ, അജിത പാപ്പനംകോട് എന്നിവർ മാർച്ചിനും ധർണ്ണയ്ക്കും നേതൃത്വം നൽകി.

ആരോഗ്യമന്ത്രിയുടെ പ്രഖ്യാപനം ഉടൻ നടപ്പിലാക്കണമെന്നാവശ്യപ്പെടുന്ന നിവേദനം യൂണിയൻ നേതാക്കൾ മന്ത്രിക്കു സമർപ്പിച്ചു.

കഴിഞ്ഞ പത്ത് വർഷമായി ആരോഗ്യമേഖലയിൽ ജോലിചെയ്തുവരുന്ന ആശാ പ്രവർത്തകർ വളരെ തുച്ഛമായ പ്രതിഫലത്തിനാണ് ജോലിചെയ്യുന്നത്. മാസത്തിൽ ഏതാണ്ട് 25 ദിവസവും, ചില മാസങ്ങളിൽ 30 ദിവസവും വിശ്രമമില്ലാതെ പണിയെടുത്താൽ മാത്രമേ ഇന്ന് ആശാ പ്രവർത്തകർക്ക് അവരുടെ നിയതമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. ഞായറാഴ്ച ഉൾപ്പെടെ എല്ലാ ദിവസവും ഫീൽഡ് പ്രവർത്തനങ്ങളിൽ ഏർപ്പെടണം. ആശാ പ്രവർത്തകരെ സ്ഥിരപ്പെടുത്തണമെന്നും അത് നടപ്പിലാക്കുന്നതുവരെ 18,000 രൂപ മാസവതനം നൽകണമെന്നുമാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ ഏതാനും വർഷങ്ങളായി അവർ നിരന്തരസമരത്തിലാണ്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ ഒന്നാം വാർഷികത്തിന്റെ തലേന്ന്രാത്രി സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാലം സമരം നടത്തിയവരുമായി ആരോഗ്യമന്ത്രി ഉണ്ടാക്കിയ ഒത്തുതീർപ്പിൽ ആദ്യപടിയെന്ന നിലയിൽ 7500 രൂപ ശമ്പളം നൽകാമെന്ന് പ്രഖ്യാപിച്ചു. മാസങ്ങൾ പിന്നിട്ടിട്ടും മന്ത്രിയുടെ വാഗ്ദാനം നടപ്പിലാക്കപ്പെട്ടിട്ടില്ല. നിങ്ങൾ സന്നദ്ധപ്രവർത്തകരല്ലേ? നിങ്ങൾ ശമ്പളം ആവശ്യപ്പെടുന്നത് അന്യായമല്ലേ? എന്നാണ് മന്ത്രി ഇപ്പോൾ ചോദിക്കുന്നത്. ഇത് അങ്ങേയറ്റത്തെ വഞ്ചനയാണ്. സന്നദ്ധ പ്രവർത്തകരായ ആശാ വർക്കർമാർക്ക് എന്തിനാണ് ശമ്പളമെന്ന മന്ത്രിയുടെ ചോദ്യം ആശാ പ്രവർത്തകരെ അപമാനിക്കുന്നതിന് തുല്യമാണ്. 7500 രൂപ വർദ്ധനവ് ബജറ്റ് പ്രഖ്യാപനത്തിലുണ്ടാകുമെന്ന് പറഞ്ഞ് ആശാ പ്രവർത്തകരെ സമരരംഗത്തുനിന്ന് പിന്തിരിപ്പിക്കാനുള്ള ശ്രമങ്ങൾ ചിലർ നടത്തുകയുണ്ടായി. എന്നാൽ, ഇപ്പോൾ ലഭിക്കുന്ന 2000 രൂപ 7500 ആയി ഉയർത്തുന്നതിന് പകരം കേവലം 2000 രൂപ മാത്രമാണ് വർദ്ധിപ്പിച്ചത്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ വഞ്ചനയ്ക്കെതിരെ അതിശക്തമായ സമരപരിപാടികളുമായി മുന്നോട്ടു പോകാൻ സംഘടന തീരുമാനിച്ചിട്ടുണ്ട് ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.